Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 22 / PAGES 32
11
ഡിസംബർ 2024
ബുധനാഴ്ച
1200 വൃശ്ചികം 26

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World

# 895 ബില്യൺ ഡോളറിന്റെ പ്രതിരോധ ബില്ലിന് അംഗീകാരം നൽകി ഹൗസ്



വാഷിംഗ്ടൺ: ഈ സാമ്പത്തിക വർഷം പ്രതിരോധ ചെലവിൽ ഒരു ശതമാനം വർദ്ധനവിന് അംഗീകാരം നൽകുന്ന 895 ബില്യൺ ഡോളറിന്റെ നടപടി സഭ ബുധനാഴ്ച പാസാക്കി. സൈന്യത്തിലെ ലിസ്റ്റുചെയ്ത സേന അംഗങ്ങളിൽ പകുതിയോളം പേർക്ക് ഇരട്ട അക്ക ശമ്പള വർദ്ധനവ് നൽകും.ബിൽ 281-140 വോട്ടിന് സഭ പാസാക്കി. അടുത്തതായി സെനറ്റിലേക്ക് നീങ്ങും. അവിടെ നിയമനിർമ്മാതാക്കൾ പ്രതിരോധ ചെലവിൽ നിലവിലെ നടപടി അനുവദിക്കുന്നതിനേക്കാൾ വലിയ പദ്ധതികൾ ആവശ്യപ്പെട്ടിരുന്നു. യു.എസ് മിലിട്ടറിയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രധാനമായി ജൂനിയർ എൻലിസ്റ്റഡ് സർവീസ് അംഗങ്ങൾക്ക് ബില്ലിലെ 14.5% ശമ്പള വർദ്ധനവും മറ്റുള്ളവർക്ക് 4.5% വർദ്ധനവും ഉറപ്പ് നൽകുന്നതായി നിയമനിർമ്മാതാക്കൾ വ്യക്തമാക്കുന്നു. ജൂനിയർ എൻലിസ്റ്റ് ചെയ്ത ഉദ്യോഗസ്ഥരായി സേവനമനുഷ്ഠിക്കുന്നവർ ശമ്പള ഗ്രേഡിലാണ്. അത് സാധാരണയായി അവരുടെ ആദ്യ എൻലിസ്മെന്റ് ടേമിനൊപ്പം ട്രാക്ക് ചെയ്യുന്നു.ബിൽ പ്രധാനമായും ഉഭയകക്ഷി പരമാണ്. എന്നാൽ ചില ഡെമോക്രാറ്റിക് നിയമനിർമ്മാതാക്കൾ സൈനിക അംഗങ്ങളുടെ കുട്ടികൾക്കുള്ള ട്രാൻസ്ജെൻഡർ മെഡിക്കൽ ചികിത്സകൾ വന്ധ്യംകരണത്തിന് കാരണമായാൽ നിരോധനം ഉൾപ്പെടുത്തും എന്നതിനെ എതിർത്ത് രംഗത്തെത്തി.

**പ്രധാന വസ്തുതകൾ**: 281-140 വോട്ടുകൾക്കാണ് 895 ബില്യൺ ഡോളർ ബില്ലായ നാഷണൽ ഡിഫൻസ് ഓതറൈസേഷൻ ആക്ട് സഭ പാസാക്കിയത്. 81 ഡെമോക്രാറ്റുകൾ റിപ്പബ്ലിക്കൻമാർക്കൊപ്പം വോട്ടുചെയ്യാൻ തയ്യാറായി.പ്രായപൂർത്തിയാകാത്തവർക്കുള്ള ട്രാൻസ്ജെൻഡർ പരിചരണത്തിന് നിരോധനം.

ശേഷം പേജ് 8ൽ

ഇന്ത്യയേക്കാൾ ഇരട്ടിയിലേറെ സ്വർണ്ണം അമേരിക്കയുടെ കയ്യിൽ — പേജ് 08

ജനങ്ങളുടെ മുതുകിൽ ആവർത്തിത 'ഷോക്ക്' — പേജ് 15

തെരഞ്ഞെടുപ്പാനന്തര കലാപത്തിൽ മുങ്ങി മുന്നണികൾ — പേജ് 16

മാർ പൗവ്വത്തിൽ കണ്ടെത്തിയ മാണിക്യം — പേജ് 18

'ട്രാക്കോ കേബിൾ' 'ആർക്കോ' ഉള്ള കമ്പനിയായി മാറാം, ടീകോം'ധീം തരികിട തോം' എന്ന കരാർ തിരുവാതിരകളിയുമാകാം — പേജ് 22

സിറിയായിൽ തീമഴയ്ക്ക് ശമനമില്ല — പേജ് 25

## യുഎസ് വിസ ബുള്ളറ്റിൻ 2025 പുറത്തിറക്കി;

# ഗ്രീൻ കാർഡ് ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് പ്രതീക്ഷയ്ക്ക് വക

വാഷിംഗ്ടൺ: യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റ് 2025 ജനുവരിയിലെ വിസ ബുള്ളറ്റിൻ പുറത്തിറക്കി. നിരവധി തൊഴിൽ അധിഷ്ഠിത (ഇബി) വിസ വിഭാഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതിയാണ് ഇത്തവണത്തെ പുതുവർഷ ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രത്യേകിച്ചും ഇന്ത്യയിൽ നിന്നുള്ള അപേക്ഷകർക്ക് ഏറെ പ്രയോജനം ലഭിക്കുന്ന തരത്തിലുള്ളതാണ് പുതിയ ബുള്ളറ്റിൻ.ഗ്രീൻ കാർഡുകൾ തേടുന്നവർക്കുള്ള ഒരു പ്രധാന മാർഗമാണ് വിസ ബുള്ളറ്റിൻ. കാരണം അപേക്ഷകൾ എപ്പോൾ ഫയൽ ചെയ്യാം അല്ലെങ്കിൽ അവരുടെ അപേക്ഷകൾ എപ്പോൾ, എങ്ങനെ പ്രോസസ്സ് ചെയ്യുമെന്ന് പ്രതീക്ഷിക്കുന്ന നിർണായക തീയതികൾ ബുള്ളറ്റിൻ വ്യക്തമാക്കുന്നു. ഈ തീയതികൾ വിസ അനുവദിക്കുന്നതിനോ സ്റ്റാറ്റസ് അംഗീകാരങ്ങൾ ക്രമീകരിക്കുന്നതിനോ സാധ്യമായ ഏറ്റവും നേരത്തെയുള്ള സമയം നിശ്ചയിക്കുന്നതിനോ അപേക്ഷകനെ സഹായി


ശേഷം പേജ് 8ൽ




ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ട്രംപിന്റെ പ്രതിനിധികളുമായി ചർച്ച നടത്താൻ തായ്‌വാൻ ഉദ്യോഗസ്ഥർ യുഎസിൽ



വാഷിംഗ്ടൺ: നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രവർത്തക സംഘടനയിലെ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്താൻ തായ്വാൻ ഗവൺമെന്റിലെ രണ്ട് മുതിർന്ന അംഗങ്ങൾ അമേരിക്കയിൽ എത്തിയെന്ന് ഉന്നത വൃത്തങ്ങൾ റോയിട്ടേഴ്സിനോട് പറഞ്ഞു. തായ്‌വാനിലെ നാഷണൽ സെക്യൂരിറ്റി കൗൺസിലിന്റെ ഡെപ്യൂട്ടി സെക്രട്ടറിമാരായ ലിൻ ഫീഫാനും ഹ്സു സുചിയാനും അവരുടെ നിരവധി സ്റ്റാഫുകളും ഈ ആഴ്ച മീറ്റിംഗുകൾക്കായി വാഷിംഗ്ടണിലേക്ക് പുറപ്പെട്ടുവെന്ന് പേര് വെളിപ്പെടുത്താത്ത ഉന്നത വൃത്തങ്ങൾ അറിയിച്ചു.

യുഎസിന്റെ ഭാഗത്ത് നിന്ന് ആരൊക്കെ യോഗങ്ങളിലോ അജണ്ടയിലോ ചേരുമെന്ന് സ്ഥിരീകരിക്കാൻ റോയിട്ടേഴ്സിന് കഴിഞ്ഞില്ല. വാഷിംഗ്ടണിലെ തായ്വാൻ എംബസി, ചൈനയുടെ എംബസി, ട്രംപ് ട്രാൻസിഷൻ ടീം എന്നിവ ഇക്കാര്യത്തിൽ ഇതുവരെ പ്രതികരണമൊന്നും നടത്തിയിട്ടില്ല. തായ്‌വാൻ കടലിടുക്കിന് സമീപം ചൈനയുടെ സൈന്യം പ്രവർത്തനം ശക്തമാക്കിയ സാഹചര്യത്തിലാണ് ലിനിന്റെയും ഹ്സുവിന്റെയും സന്ദർശനം. വരാനിരിക്കുന്ന ട്രംപ് ഭരണകൂടത്തിനും യു.എസ് സഖ്യകക്ഷികൾക്കും ഒരു 'റെഡ് ലൈൻ' സ്ഥാപിക്കാനുള്ള ബീജിംഗിന്റെ ശ്രമത്തിന്റെ ഭാഗമാണിതെന്ന് തായ്‌വാൻ വ്യക്തമാക്കുന്നു.

ട്രംപ് ട്രാൻസിഷൻ സർക്കിളുകളിലെ വ്യക്തികളുമായയാണ് കൂടിക്കാഴ്ചകൾ നടന്നതെന്നും എന്നാൽ ട്രംപിന്റെ അടുത്ത ഭരണകൂടത്തിലെ ഉന്നത സ്ഥാനങ്ങളിലേക്കുള്ളവരെ ഉൾപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).


Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

# ട്രംപ് അധികാരമേൽക്കുന്നതിന് മുമ്പ് രാജിവെക്കുമെന്ന് എഫ്ബിഐ ഡയറക്ടർ ക്രിസ്റ്റഫർ റേ



വാഷിങ്ടൺ: യുഎസ് പ്രസിഡന്റായി ട്രംപ് അധികാരമേൽക്കുന്നതിന് മുമ്പ് താൻ രാജിവെക്കുമെന്ന് ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർ ക്രിസ്റ്റഫർ റേ.

''ജനുവരിയിലെ നിലവിലെ ഭരണത്തിന്റെ അവസാനം വരെ ഞാൻ സേവനമനുഷ്ഠിക്കും തുടർന്ന് സ്ഥാനമൊഴിയും. എന്റെ വീക്ഷണത്തിൽ, ബ്യൂറോയെ പടുകുഴിയിലേക്ക് വലിച്ചിടുന്നത് ഒഴിവാക്കാനുള്ള ഏറ്റവും നല്ല മാർഗമാണിത്'' ബുധനാഴ്ച നടന്ന എഫ്ബിഐ മീറ്റിംഗിൽ റേ പറഞ്ഞു.

2017ൽ ട്രംപാണ് 10 വർഷത്തേക്ക് ക്രിസ്റ്റഫർ റേയെ എഫ്ബിഐ ഡയറക്ടറായി നിയമിച്ചത്. നേരത്തെ അധികാരത്തിലെത്തിയാൽ ക്രിസ്റ്റഫറിനെ പുറത്താക്കുമെന്ന് ട്രംപ് സൂചിപ്പിച്ചിരുന്നു.

എഫ്ബിഐയുടെ അധികാരം പരിമിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട കാഷ് പട്ടേലിനെ നിയമ നിർവ്വഹണ ഏജൻസിയെ നയിക്കാൻ ട്രംപ് ഇതിനകം നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

എഫ്ബിഐയുടെ കടുത്ത വിമർശകനായിരുന്നു പട്ടേൽ. ഗവൺമെന്റ് ഗ്യാങ്സ്റ്റേഴ്സ് എന്ന തന്റെ ഓർമ്മക്കുറിപ്പിൽ എഫ്ബിഐക്കുള്ളിലെ സർക്കാർ സ്വേച്ഛാധിപത്യം ഉന്മൂലനം ചെയ്യണമെന്ന് ആഹ്വാനം ചെയ്തിരുന്നു. പട്ടേലിനെയും സെനറ്റ് സ്ഥിരീകരിക്കേണ്ടതുണ്ട്.

## American Diary — 60 Years Ago

### *"First American Helicopters Arrived in Vietnam"*



The event wa s was historic; they were to become the first helicopters in any war to be used in combat-assault missions. The first 42 H-21 "banana boats" surprised the sophisticated Saigonese by their capability to fly have seen been seen in the smallest hamlets a nd outposts in the country.

The American pilots who upon their arrival were told to wear sport shirts and slacks to "look like American tourists" have since become a legend.

"The USS Core pulled up i the river and stopped in front of the Ma jestic Hotel at the base of the main street in Saigon," recalled M Lt. Col. Cahmberlm Robert Dillard, who flew the first helicopter off the aircraft carrier.

"The streets around the ship were blocked off but thousands of people were backed up for blocks. They had never seen helicopters like ours before and they didn't think they would fly. But when the choppers did fly, they all applauded like mad."

December 11, 1964

# സിഐഎ ഡെപ്യൂട്ടി ഡയറക്ടറായി തന്റെ മരുമകളെ നിയമിക്കണമെന്ന് ട്രംപിനോട് കെന്നഡി ജൂനിയർ!



വാഷിംഗ്ടൺ: റോബർട്ട് എഫ്. കെന്നഡി ജൂനിയർ തന്റെ മരുമകളായ അമറിൽലിസ് ഫോക്സ് കെന്നഡിയെ സിഐഎ ഡെപ്യൂട്ടി ഡയറക്ടറായി നിയമിക്കണമെന്ന് ആവശ്യപ്പെട്ടതായി റിപ്പോർട്ട്. ന്യൂയോർക്ക് പോസ്റ്റാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ന്യൂയോർക്ക് പോസ്റ്റ് അനുസരിച്ച്, ഈ നിശ്ചിത സ്ഥാനത്തിന് ഏതെങ്കിലും തരത്തിലുള്ള സെനറ്റ് സ്ഥിരീകരണം ആവശ്യമില്ല. അതേ സമയം യുഎസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡൊണാൾഡ് ട്രംപ് ഇതിനകം തന്നെ ജോൺ റാറ്റ്ക്ലിഫിനെ സിഐഎ ഡയറക്ടർ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ സിഐഎയിലെ ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തേക്കുള്ള ഒരു തരത്തിലുള്ള തിരഞ്ഞെടുപ്പും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

റോബർട്ട് എഫ്. കെന്നഡി ജൂനിയറിന്റെ മകനെയാണ് ഫോക്സ് കെന്നഡി വിവാഹം കഴിച്ചത്. യുഎസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡൊണാൾഡ് ട്രംപ് തന്റെ വരാനിരിക്കുന്ന ഭരണം കെട്ടിപ്പടുക്കുമ്പോൾ, ദേശീയ ഇന്റലിജൻസ് ഡയറക്ടറായി മുൻ ജനപ്രതിനിധി തുളസി ഗബ്ബാർഡിനെ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള പാരമ്പര്യേതര നിയമനങ്ങൾക്ക് അദ്ദേഹം ഇതിനകം മുൻഗണന നൽകിയിട്ടുണ്ട്.

## റീ...പോളിംഗ്




*ഫണ്ട് പിരിവ് കാര്യക്ഷമമാക്കാൻ കെ.പി.സി.സി*

# ഫൊക്കാന കേരളാ കൺവെൻഷൻ ചെയർ ആയി ജോയി ഇട്ടൻ



ന്യൂയോർക്ക്: ഫൊക്കാന കേരളാ കൺവെൻഷൻ ചെയർമാനായി ജോയി ഇട്ടനെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു. ഫൊക്കാനയുടെ സന്തത സഹചാരിയാണ് ജോയി ഇട്ടൻ. മുൻ എക്സി. വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ളതും അമേരിക്കയിലെ സാമൂഹ്യ സംസ്കാരിക മേഘലകളിൽ നിറസാനിദ്യവും, അറിയപ്പെടുന്ന ചാരിറ്റി പ്രവർത്തകനുമായ ജോയി ഇട്ടൻ ഫൊക്കാന പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ 2022ൽ തയ്യാറെടുത്തതാണ്, പക്ഷേ ഫൊക്കാനയിലെ മറ്റൊരു സ്ഥാനാർത്ഥിയുടെ അപേക്ഷപ്രകാരം പിൻമാറുകയായിരുന്നു. സംഘടനയിൽ സ്ഥാനമാനങ്ങളെക്കാൾഐക്യത്തിന്പ്രാധാന്യം നൽകുന്ന വ്യക്തി കൂടിയാണ് അദ്ദേഹം.

അമേരിക്കയിലും കേരളത്തിലും നിരവധി സംഘടനകളിൽ നിർണായക സ്ഥാനങ്ങൾവഹിച്ചിട്ടുള്ള ജോയിഇട്ടൻവെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ രണ്ട് വട്ടം പ്രസിഡന്റ്, ഫൊക്കാനാ കൺവെൻഷന്റെ ദേശീയ കോർഡിനേറ്ററായും, കമ്മറ്റി മെമ്പറായും, ട്രഷറർ, എക്സി. വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്, യാക്കോബായ സുറിയാനി സഭയുടെ അമേരിക്ക കാനഡ അതിഭദ്രാസന കൗൺസിൽമെമ്പർ,യോങ്കേഴ്സ് സെന്റ് ജോസഫ് ചർച്ച് മാനേജിംഗ് കമ്മിറ്റി അംഗമായും, കോലഞ്ചേരി മെഡിക്കൽ കോളേജിന്റെ മാനേജിങ് കമ്മിറ്റി മെമ്പർ, കൂത്താട്ടുകുളം ബസേലിയോസ് എൻജിനീയറിംഗ് കോളേജ് ഡയറക്ടർ, വൈറ്റ് പ്ലെയിൻസ് സെന്റ് മേരീസ് ചർച്ചിന്റെ ട്രഷറർ ആയും പ്രവർത്തിക്കുന്നു.

മാസ്റ്റേഴ്സ് ബിരുദധാരിയായ ജോയി ഇട്ടൻ, സ്കൂൾ തലം മുതൽ രാഷ്ട്രീയജീവിതം തുടങ്ങി. സ്കൂൾ ലീഡറായി, പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ താലൂക്ക് കെ.എസ്.യു പ്രസിഡന്റ്, തുടർന്ന് കെ.എസ്.യു സ്റ്റേറ്റ് ജനറൽ സെക്രട്ടറി. കെ.പി.സി.സി മെമ്പർ, യൂത്ത് കോൺഗ്രസ് എറണാകുളംജില്ലാജനറൽസെക്രട്ടറി,കേരളായൂണിവേഴ്സിറ്റി യൂണിയൻ കോൺസിലർ, വിവിധ ട്രേഡ് യൂണിയനുകളുടെ നേതാവ്, കോ ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ഇങ്ങനെ പോകുന്നു സ്ഥാനമാനങ്ങൾ.

ജോയി ഇട്ടൻ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റായിരുന്നപ്പോൾ മികവുറ്റ ഒരു പ്രവർത്തനം സംഘടനക്ക് വേണ്ടി കാഴ്ചവെക്കുകയും, അസോസിയേഷന്റെ പ്രവർത്തനത്തെ അതിന്റെ മികച്ച തലത്തിൽ എത്തിക്കാൻ ജോയി ഇട്ടന്റെ പ്രവർത്തനത്തിന് സാധിച്ചിട്ടുണ്ട്.

ഫൊക്കാന ചാരിറ്റി ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നമുക്ക് സുപരിചിതമാണ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലധികമായി അമേരിക്കൻ മലയാളി സംഘടനാരംഗത്ത് സജീവമായ ജോയി ഇട്ടൻ തന്റെ ജന്മനാടായ ഊരമനയിൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും പിന്നീടത് വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്ത വ്യക്തിയാണ്. ഇതിനോടകം ഒൻപത് വീടുകൾ നിർമ്മിച്ചു നൽകിയ അദ്ദേഹം അർഹതയുള്ളവർക്ക് സഹായം എത്തിക്കുന്നതിൽ എന്നും മുൻപന്തിയിലാണ്. അഞ്ചു നിർദ്ധനരായ യുവതികളുടെ വിവാഹം നടത്തിക്കൊടുക്കുകയും മൂന്നു നേഴ്സിങ്ങ് വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി ജോലി വാങ്ങി നൽകുകയും ചെയ്തു. എട്ടോളം മിടുക്കരായ നിർദ്ധനരായ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ എല്ലാ സഹായവും നൽകുകയും ചെയ്തിരുന്നു ജോയി ഇട്ടൻ.

സാമൂഹ്യപ്രവർത്തനത്തിനും,ചാരിറ്റി പ്രവർത്തനത്തിനും നിരവധി പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്. ഫൊക്കാനയെ പുതിയ പ്രവർത്തന ശൈലിയിലൂടെ ജനഹൃദയങ്ങളിലേക്ക് ആകർഷിക്കത്തക്ക വിധത്തിൽ മാറ്റം വരുത്തിയുള്ള പ്രവർത്തനവുമായി മുന്നോട്ട് പോകുമ്പോൾ ഫൊക്കാന അതിന്റെ ജന്മനാടായ കേരളത്തിൽ നടത്തുന്ന കൺവെൻഷൻ ജോയി ഇട്ടന്റെ നേതൃത്വത്തിൽ കുറ്റമറ്റതും ചരിത്രപരമായ ഒരു കൺവെൻഷൻ ആയിരിക്കുമെന്നതിൽ സംശയമില്ല എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് മറ്റ് കമ്മിറ്റി മെംമ്പേർസ് എന്നിവർ അറിയിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*

# KAC/KCCC യുടെ പുതുവത്സരാഘോഷം ഡിസം. 28ന് അക്ഷയന ബാങ്ക്വറ്റ് ഹാളിൽ

ഷിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും കേരളാ കൾച്ചറൽ സെന്ററും സംയുക്തമായി നടത്തുന്ന ക്രിസ്തുമസ്/പുതുവത്സര ആഘോഷം ഡിസംബർ 28-ാം തീയതി ഡൗണേഴ്സ് ഗ്രോവിലുള്ള അക്ഷയന ബാങ്ക്വറ്റ് ഹാളിൽ വച്ച് നടക്കുന്നു. അന്നേ ദിവസം തന്നെ തമ്പിച്ചൻ ചെമ്മാച്ചേൽ കുടുംബം കേരളാ അസോസിയേഷന്റെ മേൽനോട്ടത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ പുരസ്കാരവും സമ്മനിക്കുന്നതാണ്.

പരേതരായ ചെമ്മാച്ചേൽ ലൂക്കാച്ചൻഅല്ലി ടീച്ചർ ദമ്പതികളുടെ ഓർമ്മയ്ക്കായി തമ്പിച്ചൻ ചെമ്മാച്ചേൽ കുടുംബം ഏർപ്പെടുത്തിയതാണ് ഈ വിദ്യാഭ്യാസ പുരസ്കാരം. 2024 അധ്യയന വർഷത്തിൽ ഹൈസ്കൂളിൽ നിന്നും പാസായവർക്കാണ് ഈ പുരസ്കാരം നൽകുന്നത്. അപേക്ഷകർ ഡിസംബർ 20-ാം തീയതിക്കു മുമ്പായി പുരസ്കാരത്തിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

അനുസ്മരണാ ഫലകവും 500 ഡോളർ കാഷും സമ്മാനുമായി നൽക്കുന്നു. ഡോ. ജോ പുത്തൻ & സന്തോഷ് അഗസ്റ്റിൻ സി.പി.എ എന്നിവർ വിദ്യാഭ്യാസ പുരസ്കാര സമിതിക്ക് നേതൃത്വം കൊടുക്കുന്നു. വിശദമായ പ്രവേശന വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും സരര4രവശരമഴീ@ഴാമശഹ.രീാ എന്ന ഇമെയിൽ ബന്ധപ്പെടുക.

ആഘോഷ പരിപാടികളിൽ സാംസകാരിക, സാമുഹിക, രാഷ്ട്രീയ, കലാ തലങ്ങളിലുള്ള വ്യത്യസ്ത പ്രതിഭകൾ പങ്കെടുക്കുന്നതാണ്. വൈകന്നേരം 6 മണിയോടെ ആരംഭിക്കുന്ന പരിപാടികളിൽ പൊതു സമ്മേളനം, ഡിന്നർ, ഡാൻസ് മ്യൂസിക്, ഡിജെ, വർണശബളമായ ക്രിസ്തുമസ് ആഘോഷങ്ങളും, സാന്താ ക്ലോസ്സ് പ്രകടനം തുടങ്ങിയവയും ഉണ്ടായിരിക്കുന്നതാണ്.

പ്രവേശനം പാസ്മൂലം നിയന്ത്രിക്കുന്നതാണ്. പാസ്സുകൾക്ക് പ്രസിഡന്റ് ആന്റോ കവലക്കൽ, ചെയർമാൻ പ്രമോദ് സക്കറിയാസ്, സെക്രട്ടറി സിബി പാത്തിക്കൽ, ഇവന്റ് കോർഡിനേറ്റർ ഹെറാൾഡ് ഫിഗരേദോ, ഡയറക്ടർ ഏലമ്മ ചെറിയാൻ, ഡയറക്ടർ സന്തോഷ് ആഗസ്റ്റിൻ തുടങ്ങിയവരെയോ എക്സിക്യൂട്ടീവ് അംഗങ്ങളെയെയോ സമീപിക്കുക.

അക്ഷയന ബാങ്ക്വറ്റ് ഹാളിൽ പ്രവേശനം ക്ഷണിക്കപ്പെട്ട അതിഥികൾക്ക് മാത്രമായി ചുരുക്കിയിരിക്കുന്നു. പാസ് എടുത്തു നിങ്ങളുടെ സീറ്റുകൾ നേരത്തെ ഉറപ്പിക്കുക. പൊതുസമ്മേളനത്തിൽ വിവിധതലങ്ങളിൽ പ്രശംസനീയമായ സേവനങ്ങൾ നൽകിയ പ്രതിഭകളെ അവാർഡ് നൽകി ആദരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ആന്റോ കവലക്കൽ (630-666-7310), സിബി പാത്തിക്കൽ (630-723-1112), ഹെറാൾഡ് ഫിഗരേദോ (630-963-7795), ഏലമ്മ ചെറിയാൻ (630-769-9603), സന്തോഷ് അഗസ്റ്റിൻ (630-441-0643) എന്നിവരുമായി ബന്ധപ്പെടുക.

# മാർ ജോർജ്ജ് മാത്യു കൂവക്കാട്ടിന് എസ്.ബി. ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷന്റെ അഭിനന്ദനങ്ങൾ



ഷിക്കാഗോ: അത്യുന്നത കർദ്ദിനാൾ സ്ഥാനത്തേക്ക് വത്തിക്കാനിൽ അഭിഷിക്തനായ മാർ ജോർജ്ജ് മാത്യു കൂവക്കാട്ടിന് എസ്.ബി. ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷൻ ഷിക്കാഗോ ചാപ്റ്റർ ഊഷ്മളമായ അഭിനന്ദനങ്ങൾ അർപ്പിച്ചു. സഭാഭരണത്തിലും നയതന്ത്രതലത്തിലും വത്തിക്കാനിൽ അദ്ദേഹം തെളിയിച്ച മികവാർന്ന പ്രവർത്തനശൈലിക്ക് ലഭിച്ച അംഗീകാരമാണ് കത്തോലിക്കാസഭയിലെ ഈ ഉന്നത സ്ഥാനമെന്ന് അസോസിയേഷൻ എക്സിക്യൂട്ടീവ് പ്രസ്താവനയിൽ പറഞ്ഞു. എസ്ബി കോളേജിൽ അദ്ദേഹത്തിന്റ ബിരുദ പഠനകാലത്തു കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിൽ സജീവമായി പ്രവർത്തിച്ചുകൊണ്ട് പുലർത്തിയിരുന്ന വിനയവും സാമർഥ്യവും സഭാസ്നേഹവും ശ്രദ്ധേയമായിരുന്നതായി ഷിക്കാഗോയിലെ പൂർവ വിദ്യാർഥികൾ ഓർക്കുന്നു. കർദിനാൾ ജോർജ് കൂവക്കാടിനെ പേർഷ്യയിലെ പുരാതന സഭാകേന്ദ്രമായ നിസ്സിബിസ്സിലെ സ്ഥാനിക മെത്രാപ്പോലീത്തയായി നിയമിച്ചിരിക്കുന്നത് ഭാരതസഭക്കു ലഭിച്ച വലിയ അംഗീകാരം കൂടിയാണ്.

എസ്.ബി കോളേജിന്റെ പൂർവ്വ വിദ്യാർഥികളായ കർദ്ദിനാൾമാർ അഭിവന്ദ്യ ഐസക് മാർ ക്ലിമീസ് ബാവക്കും മാർ ആലഞ്ചേരി പിതാവിനുമൊപ്പം മാർ കൂവക്കാട്ടിനു ലഭിച്ച പദവി കോളേജിനും എല്ലാ പൂർവ വിദ്യാർഥികൾക്കും അഭിമാനകാരവും ആഹ്ലാദകരമായ നിമിഷങ്ങളാണ് നൽകുന്നതെന്നും അസോസിയേഷന്റെ പ്രസ്താവനയിൽ പറഞ്ഞു.

2024 ഡിസംബർ 28 ശനിയാഴ്ച ഉച്ചക്ക് ഡിസ്പ്ലെൻസിലുള്ള കോർട്ട്ലാൻഡ് സ്ക്വയറിൽ വച്ച് നടക്കുന്ന എസ്.ബി അസംപ്ഷൻ കോളേജ് അലുംനി അസോസിയേഷന്റെ ക്രിസ്മസ് നവവത്സര ആഘോഷങ്ങളിലും വിദ്യാഭ്യാസ പ്രതിഭാ പുരസ്ക്കാരദാന ചടങ്ങിലും ഷിക്കഗോലാൻഡിലെ എല്ലാ പൂർവ്വവിദ്യാർഥികളും കുടുംബസമേതം വന്നു പങ്കെടുക്കണമെന്ന് പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിലും എക്സിക്യൂട്ടിവ് ഭാരവാഹികളും അഭ്യർഥിച്ചു. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കും.

*തോമസ് ഡിക്രൂസ്*


RELIABLE TAX & ACCOUNTING INC.

REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com




# ഷിക്കാഗോ എക്യുമെനിക്കൽ ക്രിസ്തുമസ് ആഘോഷം സീറോ മലബാർ കത്തീഡ്രൽ ഹാളിൽ അരങ്ങേറി

ഷിക്കാഗോ: ഷിക്കാഗോയിലെ ക്രൈസ്തവ എപ്പിസ്കോപ്പൽ സഭകളുടെ ഐക്യവേദിയായ എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരളാ ചർച്ചസ് ഷിക്കാഗോയുടെ 41-ാമത് ക്രിസ്തുമസ് ആഘോഷം ഡിസംബർ 7-ാം തീയതി വൈകുന്നേരം ഷിക്കാഗോ സീറോ മലബാർ കത്തീഡ്രൽ ഹാളിൽ അരങ്ങേറി. ഷിക്കാഗോയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള 17 ചർച്ചുകൾ ഈ കൗൺസിൽ അംഗങ്ങളാണ്.

അമേരിക്കയിലെ സിറോമലബാർ കാത്തോലിക് രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും, ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും കൗൺസിൽ പേട്രൺമാരായി പ്രവർത്തിക്കുന്നു. മുൻ വർഷങ്ങളിലേതുപോലെ വിവിധ സഭകൾ ഉൾകൊള്ളുന്ന ഈ കൗൺസിൽ ക്രിസ്തീയ മൂല്യങ്ങൾ സംരക്ഷിക്കാനും പരിപോഷിക്കപ്പെടാനുമായി പ്രചോദനാൽമകമായ വിവിധ കലാപരിപാടികൾ നടത്തി.

തങ്ങളുടെ കുട്ടികളുടെ കലാപരമായ കഴിവുകളെക്രിസ്തീയമൂല്യങ്ങളിൽ അധിഷ്ഠിതമായ പരിപാടികൾ നടത്തുവാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ക്രിസ്തീയ മൂല്യങ്ങളായ ഉപവി, പരസ്നേഹം, പരോപകാരം, പ്രാർത്ഥന, ഈശ്വര സ്നേഹം തുടങ്ങിയ മൂല്യങ്ങൾ പഠിപ്പിക്കുന്നതിന് മാതാപിതാക്കളും ഇടവക വൈദീകരും നേതൃത്വം നൽകി ചാരിതാർത്ഥ്യം അനുഭവിക്കുന്നു.

ജേക്കബ് കെ. ജോർജിന്റെ നേതൃത്വത്തിൽ എക്യുമെനിക്കൽ കൊയർ മനോഹരമായ ക്രിസ്തുമസ് ഗാനങ്ങൾ അവതരിപ്പിച്ചു. പ്രസിഡന്റ് സഖറിയാ തേലപ്പിള്ളിൽ കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതു പരിപാടികൾക്ക് റവ. ഹാം ജോസഫ് പ്രോഗ്രാം ചെയർമാനായും റവ. ജോ വർഗിസ് മലയിൽ (വൈസ് പ്രസിഡന്റ്)), പ്രേംജിത് വില്യം (സെക്രട്ടറി), ആന്റോ കവലയ്ക്കൽ (കൺവീനർ), ജേക്കബ് കെ. ജോർജ് (ട്രഷറർ), ബീനാ ജോർജ്, ഏലിയാമ്മ പുന്നൂസ്, വർഗീസ് പാലമയിൽ, ജോൺസൺ കണ്ണൂക്കാടൻ, ആഗ്നസ് തെങ്ങുംമൂട്ടിൽ, ജോർജ് കുര്യാക്കോസ്, ജെയിംസ് പുത്തൻപുരയിൽ, കാർമൽ തോമസ് തുടങ്ങിയവർ നേതൃത്വം വഹിച്ചു.

ക്രിസ്തുമസ് സന്ദേശം റവ. ഫാദർ എബി തോമസ് തകരൻ നൽകി. പ്രോഗ്രാം എംസി ആയി ആന്റോ കവലക്കൽ യോഗ പരിപാടികൾ നിയന്ത്രിച്ചു.

*സ്വന്തം ലേഖകൻ*



## ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റി ക്രിസ്തുമസ് ആഘോഷം ഡിസംബർ 14, 2024

ഷിക്കാഗോ: ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യുണിറ്റിയുടെ 40-ാം വർഷ ക്രിസ്തുമസ് ആഘോഷം ഡിസംബർ 14-ാം തിയതി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് മേരിക്യൂൻ കാത്തലിക് ചർച്ച്, 426 N. West Ave, Elmhurst, Illinois -60126ൽ വച്ച് ആഘോഷിക്കുന്നു.

ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ ഡിസംബർ 14 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് വിശുദ്ധ കുർബാന ആരംഭിക്കുകയും തുടർന്ന് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് സാന്റായെ വരവേൽപ്പും ക്രിസ്തുമസ് കരോളും കലാപരിപാടികളും ക്രിസ്തുമസ് വിരുന്നും ഉണ്ടായിരിക്കും.

ഈ അവസരത്തിൽ വളരെ സന്തോഷത്തോടും നന്ദിയോടും രേഖപ്പെടുത്തുകയാണ് 40 വർഷം മുൻപ് ഡിസംബർ 8, 1984ൽ ഷിക്കാഗോയിലെ അതിപുരാതനവും ഹിസ്റ്റോറിക്കൽ ലാൻഡ്മാർക്ക് ചർച്ചായ ഓൾഡ് സെന്റ് പാട്രിക് ചർച്ചിൽ ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ സ്പിരിചൽ ലീഡർഷിപ്പിൽ ഷിക്കാഗോ കേരള റോമൻ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിക്ക് തുടക്കം കുറിച്ച് വിശുദ്ധ കുർബാനയും ക്രിസ്തുമസ് ആഘോഷവും നടത്തി.

ഈ വർഷത്തെ ക്രിസ്തുമസ് മാസ്, അതിന് ശേഷമുള്ള ക്രിസ്തുമസ് കേക്ക് & വൈൻ, ഡിന്നർ, എല്ലാ ആഘോഷ പരിപാടികളിലേക്ക് നിങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

*ഹെറാൾഡ് ഫിഗ്രേദോ*
പ്രസിഡന്റ്
ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റി, ഷിക്കാഗോ



# ഇന്ത്യയ്ക്ക് കട്ട സപ്പോർട്ടുമായി റഷ്യ, വമ്പൻ ഡീലിൽ ഞെട്ടി ചൈന



ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും പ്രതിരോധ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും റഷ്യൻ സന്ദർശനത്തിലാണ്. ഈ സന്ദർശനത്തിൽ റഷ്യയുമായി വമ്പൻ പ്രതിരോധ കരാറിന് ഇന്ത്യ തയ്യാറെടുക്കുന്നു എന്നാണ് ഇപ്പോൾ പുറത്തുവരുന്ന റിപ്പോർട്ട്. മോസ്കോയും ന്യൂഡൽഹിയും തമ്മിലുള്ള ഒരു മെഗാ പ്രതിരോധ കരാറിനെക്കുറിച്ചുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്.

നാല് ബില്യൺ ഡോളറിന്റെ ഇടപാട് ഇന്ത്യയുടെ വ്യോമ പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾക്ക് വലിയ ഉത്തേജനം നൽകും. വിമാന വിരുദ്ധ മിസൈൽ സംവിധാനങ്ങളും റഡാറുകളും നിർമ്മിക്കുന്നതിനുള്ള സ്പെഷ്യലിസ്റ്റ് സംഘടനയായ റഷ്യയിലെ അൽമാസ്ആന്റേ കോർപ്പറേഷൻ നിർമ്മിക്കുന്ന നൂതന വൊറോനെഷ് സീരീസ് റഡാർ ഇന്ത്യയിലെത്തിക്കാനുള്ള ചർച്ച ഇതിന്റെ ഭാഗമാണ്.

8000 കിലോമീറ്ററിലധികം ദൂരപരിധിയുള്ള ദീർഘദൂര മുൻകൂർ മുന്നറിയിപ്പ് റഡാർ സംവിധാനമാണ് വൊറോനെഷ് റഡാർ. ബാലിസ്റ്റിക് മിസൈലുകൾ, യുദ്ധവിമാനങ്ങൾ, ഐസിബിഎമ്മുകൾ തുടങ്ങിയ ഭീഷണികൾ തിരിച്ചറിയാനും ട്രാക്ക് ചെയ്യാനും ഇതിന് സാധിക്കും.

ഇന്ത്യ ഈ നൂതന റഡാർ സംവിധാനം സ്വന്തമാക്കിയാൽ ചൈനയിലും തെക്കൻ, മധ്യേഷ്യയിലും ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും നിന്നുമുള്ള ഭീഷണികൾ കണ്ടെത്താൻ കഴിയും.

വൊറോനെഷ് റഡാറിന് ഒരേസമയം 500 ലധികം വസ്തുക്കളെ കണ്ടെത്താൻ കഴിയും. മൊത്തത്തിലുള്ള ശ്രേണി 10,000 കിലോമീറ്റർ വരെ പോകാമെങ്കിലും ലംബമായ പരിധി 8000 കിലോമീറ്റർ വരെയാണ്. ചക്രവാള പരിധി 6000 കിലോമീറ്ററിൽ കൂടുതലാണ്. ക്രൂസൽത്ത് എയർക്രാഫ്റ്റ് ട്രാക്ക് ചെയ്യാൻ പോലും വൊറോനെഷ് റഡാർ സംവിധാനത്തിന് കഴിയുമെന്നാണ് റഷ്യ അവകാശപ്പെടുന്നത്.

ഇതിന് ഐസിബിഎമ്മുകളെക്കുറിച്ചുള്ള പൂർണ്ണമായ ഡാറ്റയും ബഹിരാകാശത്ത് ഭൂമിക്ക് സമീപമുള്ള വസ്തുക്കളെക്കുറിച്ചുള്ള ധാരണയും നൽകാൻ കഴിയും. മോസ്കോയും ന്യൂഡൽഹിയും തമ്മിൽ കുറച്ചുകാലമായി ഇതിന് വേണ്ടിയുള്ള ചർച്ചകൾ നടക്കുകയാണ്. കഴിഞ്ഞ മാസം, അൽമാസ്ആന്റിയിൽ നിന്നുള്ള ഒരു സംഘം ഇന്ത്യ സന്ദർശിക്കുകയും ചെയ്തിരുന്നു. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് കീഴിൽ റഡാർ സംവിധാനത്തിന്റെ 60 ശതമാനമെങ്കിലും തദ്ദേശീയമായി നിർമ്മിക്കാനും ആലോചനയുണ്ട്.

കരാർ അന്തിമമായാൽ, നൂതന റഡാർ സംവിധാനം കർണാടകയിലെ ചിത്രദുർഗ ജില്ലയിൽ ആയിരിക്കും സ്ഥാപിക്കുക. അതിന് വേണ്ട സ്ഥലം സർവേ നടത്തിയതായി റിപ്പോർട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും നൂതനവും അതീവരഹസ്യവുമായ പ്രതിരോധ, ബഹിരാകാശ സൗകര്യങ്ങൾ ഇതിനകം തന്നെ ചിത്രദുർഗയിലുണ്ട് എന്നതിനാലാണ് വൊറോനെഷിനേയും ഇവിടേക്ക് എത്തിക്കുന്നത്. റഡാർ സംവിധാനം ഏറ്റെടുത്താൽ ഏഷ്യയിലും ഇന്ത്യൻ മഹാസമുദ്ര മേഖലയിലും ഇന്ത്യയുടെ നിരീക്ഷണ ശേഷി ഗണ്യമായി മെച്ചപ്പെടും. പ്രാദേശികവും ആഗോളവുമായ വെല്ലുവിളികൾക്കിടയിൽ ഇന്ത്യയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വ്യോമ പ്രതിരോധ അടിസ്ഥാന സൗകര്യങ്ങളും ഇത് വർധിപ്പിക്കും.

# കൂട്ടായ്മയുടെ മധുരം നുകർന്ന് കോട്ടയം ക്ലബ്ബിന്റെ ഫാമിലി നൈറ്റ്



ഹൂസ്റ്റൺ: ഒരുമയുടെ സന്തോഷം പങ്കിട്ട് ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോട്ടയം ക്ലബ് ഫാമിലി നൈറ്റ് ആഘോഷിച്ചു. സ്റ്റഫോർഡിലെ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (മാഗ്) ആസ്ഥാനത്ത് നവംബർ 17 നു ഞായറാഴ്ച വൈകുന്നേരം നടന്ന പരിപാടികൾ സ്റ്റഫോർഡ് സിറ്റി മേയർ കെൻ മാത്യു നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു.

തെരേസ ജെയിംസിന്റെ ഈശ്വര പ്രാർത്ഥയോടെ ആരംഭിച്ച ഫാമിലി നൈറ്റിൽ കോട്ടയം ക്ലബ് പ്രസിഡന്റ് സുഗു ഫിലിപ്പ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് ജേമോൻ ഇടയാടി സ്വാഗതമാശംസിച്ചു.

അമേരിക്കയിൽ ജീവിക്കുമ്പോഴും ജൻമ നാടിനെയും കേരള സംസ്കാരത്തെയും നെഞ്ചോടു ചേർത്ത് വയ്ക്കുകയും നമ്മുടെ പൈതൃകം പുതുതലമുറയ്ക്ക് പകർന്ന് നൽകുകയും ചെയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണ് കോട്ടയം ക്ലബിന്റെ ഈ കൂട്ടായ്മയെന്ന് മേയർ കെൻ മാത്യു പറഞ്ഞു. മാത്രമല്ല, കോട്ടയം ക്ലബിന്റെ ത്വരിത വളർച്ചയാണ് ഈ വൻ ജനപങ്കാളിത്തം സൂചിപ്പിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കോട്ടയം ക്ലബിന്റെ പ്രഥമ പ്രസിഡന്റ് തോമസ് കെ. വർഗീസ് ക്ലബിന്റെ ആരംഭവും അതിന്റെ പശ്ചാത്തലവും വിവരിച്ചു. പ്രമുഖ മാധ്യമ പ്രവർത്തകനും കോളമിസ്റ്റുമായ ബ്ലസൻ ഹൂസ്റ്റൺ, ക്ലബിന്റെ മുൻ പ്രസിഡന്റ് റാണി വർഗീസ് എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് വിവിധ കലാപരിപാടികൾ സ്റ്റേജിൽ അരങ്ങേറി.

തെരേസ ജെയിംസ്, വേണുനാഥ് മനോജ്, ജെയ്സിജേക്കബ് എന്നിവരുടെ ഗമേളയും ജോഹന അജിയുടെ നൃത്തവും ഹർഷ ഷിബു, ആൻ ഫിലിപ്പ്, അബ്സ സാം, ആഞ്ജലീന ജോസഫ്, ആഷ്‌ലി എബ്രഹാം, ഡാനിയ ഷിബു, ഫെബ ഹെനി, ജോഫിന ജോയി, ജ്യോത്സാന ജോയി ടീമിന്റെ ഗ്രൂപ്പ് ഡാൻസും ആകർഷകമായി.

ബിജു ശിവൻ, ലതീഷ് കൃഷ്ണൻ, ബിജോയ് തോമസ്, ജെയിംസ് സേവ്യർ, ഷെൻസൺ ജോൺ, ഷൈനി സെബാസ്റ്റിയൻ, ജെയേഷ് ജോസ്, ടീമിന്റെ കോമഡി ഡാൻസും മോൻസി കുര്യൻ, സുഗു ടീമിന്റെ മിമിക്രിയും സ്പോട്ട് ഡബ്ബിങ്ങും പാമിലി നൈറ്റിന്റെ ഹൈലൈറ്റുകളായിരുന്നു.

സെക്രട്ടറി ഷിബു കെ. മാണിയുടെ നന്ദി പ്രകാശിപ്പിച്ചു. പ്രോഗ്രാം കോഓർഡിനേറ്റർമാരായ ബിജു ശിവൻ, ആൻഡ്രൂസ് ജേക്കബ് എന്നിവർ ഫാമിലി നൈറ്റിന് നേതൃത്വം നൽകി. ഡോ. റെയ്ന സുനിൽ ആയിരുന്നു എംസി. വിഭവ സമൃദ്ധമായ ഡിന്നറോടെ പരിപാടികൾക്ക് ശുഭ പര്യവസാനമായി.

*ജീമോൻ റാന്നി*



# ബിജു തോണിക്കടവിൽ 2026–28 ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നു



ഫ്ളോറിഡ : അനുഭവ പരിചയവും സംഘാടന നൈപുണ്യവുമുള്ള ഫോമയുടെ ജനകീയനായ നേതാവ് ബിജു തോണിക്കടവിൽ 2026-28 കാലയളവിൽ ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നു.

ഫോമായുടെ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ അഭിനന്ദനം ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമയുടെ എക്കാലത്തെയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്. ഫോമായ്ക്ക് ആഗോള തലത്തിൽ അടിത്തറയുണ്ടാക്കിക്കൊടുത്ത ഫോമാ വില്ലേജ് പ്രോജക്ട് സമയത്ത് തുടങ്ങിയ നേതൃത്വപരമായ പ്രവർത്തനങ്ങൾ ഫോമയിൽ അദ്ദേഹത്തിന് നേടിക്കൊടുത്ത സ്ഥാനങ്ങൾ ചെറുതല്ല. ഫിലിപ്പ് ചാമത്തിൽ പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമയ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർ.വി.പി എന്ന നിലയിൽ ഫോമാ വില്ലേജിന് നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു.

തുടർന്ന് അനിയൻ ജോർജ് പ്രസിഡന്റായ സമയത്ത് ജോയിന്റ് ട്രഷററായി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി എന്ന് മാത്രമല്ല പ്രത്യേകിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പിന്നീട് ഡോ. ജേക്കബ് തോമസ് പ്രസിഡന്റായ സമയത്ത് ഫോമയുടെ ട്രഷററായി നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് വലിയ മാതൃകയായി.

വലിയ നീക്കിയിരിപ്പ് സംഘടനയ്ക്ക് ഉണ്ടാക്കിക്കൊടുത്തുകൊണ്ട് പടിയിറങ്ങിയ ട്രഷറാർ രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ അത് അർഹതയ്ക്ക് അമേരിക്കൻ മലയാളി നൽകേണ്ട അംഗീകാരമായി മാറും എന്നതിൽ സംശയമില്ല.

'എന്തു കൊണ്ടും അർഹൻ' എന്ന് ഒറ്റ വാചകത്തിൽ ബിജു തോണിക്കടവിലിനെ അടയാളപ്പെടുത്തുമ്പോൾ ഫോമായ്ക്കൊപ്പം സഞ്ചരിക്കുന്ന ഏതൊരാൾക്കും അഭിമാനിക്കാം. ആർ.വി.പി ആയും, ജോയിന്റ് ട്രഷററായും, ട്രഷററായും പ്രവർത്തിക്കുമ്പോഴും, ഓരോ ടീമിൽ നിന്നും ലഭിച്ച പിന്തുണയുടെ ബലമാണ് തന്നെ 2026-28 കാലയളവിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കണമെന്ന് തോന്നാൻ കാരണം.

കഴിഞ്ഞ രണ്ട് വർഷങ്ങൾക്ക് മുൻപ് ഫോമാ ട്രഷററായി സ്ഥാനം ഏൽക്കുമ്പോൾ വ്യക്തമായ പ്ലാനിംഗ് ഉണ്ടായിരുന്നു. ഫോമായുടെ മുൻ കാല പ്രവർത്തനങ്ങൾ എല്ലാം കൃത്യമായി തുടരുകയും പുതിയ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേരളാ കൺവെൻഷൻ, കാൻ കുൺ കൺവെൻഷൻ എന്നിവ ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 2024ൽ അധികാരം ബേബി മണക്കുന്നേൽ ബൈജു വർഗീസ്, സിജിൽ പാലക്കലോടി, ഷാലു പുന്നൂസ്, പോൾ ജോസ്, അനുപമ കൃഷ്ണൻ ടീമിന് കൈമാറുമ്പോൾ ഡോ. ജേക്കബ് തോമസ് നേതൃത്വം നൽകിയ ടീമിന് ഒരു വലിയ നീക്കിയിരിപ്പ് നൽകാനായി എന്നത് ട്രഷറാർ എന്ന നിലയിൽ വലിയ അഭിമാനമായിരുന്നു. അതിലുപരി മറ്റ് സംഘടനകൾക്ക് ഫോമാ ഒരു മാതൃകയും ആയി തീർന്നു. ഈ തുക വയനാട് പുനരധിവാസ പദ്ധതികൾക്കായി മാറ്റി വെയ്ക്കാനാണ് ഞങ്ങളുടെ ടീം പുതിയ ടീമിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ജനോപകാര പ്രദമായ രീതിയിൽ പദ്ധതികളെ നടപ്പിലാക്കാൻ ഫോമയോളം പ്രബലമായ മറ്റൊരു സംഘടനയില്ല എന്നാണ് ബിജു തോണിക്കടവിലിന്റെ പക്ഷം.

ഫോമാ വില്ലേജ് പോലെ കേരളത്തിന്റെ ജീവകാരുണ്യ പ്രവർത്തന രംഗത്ത് മാതൃകയായ മറ്റൊരു പ്രോജക്ട് ഉണ്ടോ എന്നും സംശയമാണ്. ഈ ഐക്യവും സന്തോഷവും സ്നേഹവും ഊട്ടിയിണക്കി ഫോമയ്ക്ക് പുതിയ ഒരു മുഖം നൽകാനുള്ള ഫോമാ പ്രവർത്തകരുടെ നിശ്ചയദാർഢ്യത്തിനൊപ്പം നിന്ന് കൊണ്ട് പ്രവർത്തിക്കാനാണ് തനിക്ക് താലപര്യം.

ഒരു മികച്ച ടീമിനെ അവതരിപ്പിക്കാൻ, ഒപ്പം നിൽക്കാൻ ഫോമായെ സ്നേഹിക്കുന്നവർ തന്നോടോപ്പം ഉണ്ടാകുമെന്ന് ഉറപ്പുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

88,856 ഡോളർ മിച്ചം വെച്ച് ഫോമയെ പുതിയ ടീമിനെ ഏൽപ്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കാവിലിന് സ്വന്തമാണ്. നഷ്ടങ്ങളുടെ കണക്കിൽ നിന്ന് നീക്കിയിരിപ്പിന്റെ കണക്കിലേക്ക് ഫോമയെ ഉയർത്തിയ ട്രഷറാർ എന്ന നിലയിൽ നിന്ന് ഇനിയും ഫോമയ്ക്ക് നീക്കിയിരിപ്പിന്റെ ചരിത്രം സൃഷ്ടിക്കുവാനും, പ്രവർത്തനങ്ങളിലൂടെ ഫോമയ്ക്ക് ആഗോള തലത്തിൽ പ്രാവിണ്യം നേടാനുമുള്ള പദ്ധതികൾക്കാണ് ബിജു തോണിക്കടവിൽ ലക്ഷ്യമിടുന്നത്.

തന്റെ കാലഘട്ടത്തിൽ പ്രവർത്തന നിരതമായ പത്തിന പദ്ധതികൾ ഫോമയിൽ അവതരിപ്പിച്ച് നടപ്പിലാക്കി ഫോമയെ ജനകീയമാക്കുവാനാണ് തന്റെ ലക്ഷമെന്നും നടപ്പിലാക്കുന്ന പദ്ധതികൾ പിന്നീട് പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സുവ്യക്തമായ കാഴ്ചപ്പാടും വലിയ വ്യക്തിബന്ധങ്ങളുമുള്ള ബിജു തോണിക്കടവിൽ ഫോമയ്ക്ക് എന്നും പ്രതിച്ഛായ സമ്മാനിക്കുന്ന നേതാവാണ്. ഒപ്പം സർവ്വ സമ്മതനും തീർച്ചയായും ഫോമയുടെ അമരത്തേക്ക് വരാൻ സർവ്വഥാ യോഗ്യൻ.



# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകയിലെ തിരുബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ 'ലഞ്ച് ഷവിത്ത് സാന്റാ' വിജയകരമായി നടത്തി

ഷിക്കാഗോ:ഷിക്കാഗോസെന്റ്മേരീസ്ക്നാനായ കത്തോലിക്കാ ദൈവാലയത്തിലെ തിരുബാല സഖ്യത്തിന്റെആഭിമുഖ്യത്തിൽനടത്തപ്പെട്ട 'ലഞ്ച് വിത്ത് സാന്റാ' എന്ന ക്രിസ്മസ് ആഘോഷ പരിപാടി ശ്രദ്ധേയമായി. ക്രിസ്മസിനൊരുക്കമായി ഒരുമിച്ചുകൂടിയ ഇടവകയിലെ ഏറ്റവും ചെറിയ കുട്ടികൾക്കായുള്ള മിനിസ്ട്രിയായ തിരുബാല സഖ്യത്തിലെ (Holy Childhood Ministry) അംഗങ്ങൾക്കായി വൈവിധ്യമാർന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരുന്നത്.

ഗെയിമുകളും ക്രിസ്മസ് കരോളുമൊക്കെയായി സന്തോഷത്തിൽ ആറാടിയിരുന്ന കുട്ടികളുടെഇടയിലേക്ക്സാന്റോക്ളോസ്എത്തിയതോടെ സന്തോഷം ആഘോഷമായി മാറുകയായിരുന്നു. ഓരോകുട്ടികളുടെഅടുത്ത്ചെന്ന്കുശലംപറയുകയും,അവരോടൊപ്പംഫോട്ടോക്ക്പോസ്ചെയ്യുകയും, കഥ ചൊല്ലിക്കൊടുക്കുകയും ചെയ്തുകൊണ്ട് സാന്റോക്ളോസ് കുട്ടികളോടൊപ്പം സമയം ചിലവൊഴിച്ചു.

ക്രിസ്മസ് ആഘോഷങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുമൊക്കെ കുട്ടികൾക്ക് വികാരി ഫാ. സിജു മുടക്കോടിയിൽ പറഞ്ഞുകൊടുത്തു. തിരുബാല സഖ്യം കോർഡിനേറ്റേഴ്സ് ആയ മിന്റു മണ്ണൂകുന്നേൽ, മീന പുന്നശ്ശേരിൽ എന്നിവർ ചുക്കാൻ പിടിച്ച കമ്മറ്റിയാണ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയത്. എൽമ പുഴിക്കുന്നേൽ മനോഹരമായ ഡെക്കറേഷൻസ് ഒരുക്കികൊണ്ട് വേദി സജ്ജമാക്കി.

വികാരി ഫാ. സിജു മുടക്കോടിയിൽ, സാബു കൈക്കാരന്മാരായസാബുകട്ടപ്പുറം,ബിനുപൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, മതബോധന സ്കൂൾ ഡയറക്ടർ സജി പൂതൃക്കയിൽ, മനീഷ് കൈമൂലയിൽ, ഫെലിക്സ് പുതൃക്കയിൽ, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം വിസിറ്റേഷൻ സന്ന്യാസ സമൂഹാംഗങ്ങൾ എന്നിവരടക്കമുള്ള പാരിഷ് കമ്മറ്റി ആഘോഷങ്ങളുടെ സജ്ജീകരണങ്ങൾക്ക് ചുക്കാൻ പിടിച്ചു.

സിറിയക്ക് & സിജു കുവക്കാട്ടിൽ, ജെസ്‌ലിൻ & ടാനിയ പ്ലാത്താനത്ത്, ഷാബിൻ & ജീന കുരുട്ടുപറമ്പിൽ, ജോബിൻ & ജെയ്മി ചോരത്ത് എന്നിവർ ഈ പരിപാടിയുടെ സ്പോൺസേഴ്സ് ആയി പ്രവർത്തിച്ചു.

◗ *അനിൽ മറ്റത്തിക്കുന്നേൽ*

# അന്നമ്മ ഫിലിപ്പ് അന്തരിച്ചു



ഷിക്കാഗോ: മുൻ കോൺഗ്രസ് പ്രവർത്തകയും മുൻ ആലപ്പുഴ ഡിസിസി ട്രഷററുമായിരുന്ന അന്നമ്മ ഫിലിപ്പ് (89) അന്തരിച്ചു.

ദീർഘകാലമായി ഷിക്കാഗോയിലുള്ള ഡസ്പ്ലെയിൻസിൽ താമസിച്ചു വരികയായിരുന്നു. പായിപ്പാട്ട് കോട്ടപ്പുറത്ത് കുടുംബാംഗമാണ്.

ഭർത്താവ്: എബ്രഹാം ഫിലിപ്പ്.

മക്കൾ: ഷെനി കുര്യൻ, ഷാജി എബ്രഹാം, ജെയിംസ് എബ്രഹാം

മരുമക്കൾ: കുര്യൻ വർഗീസ്, ഷേർലി എബ്രഹാം, ബീന എബ്രഹാം.

സഹോദരങ്ങൾ: വർഗീസ് ചാക്കോ, ജേക്കബ് ചാക്കോ, മേരി ജോർജ്, ശാന്തമ്മ ഫിലിപ്പ്, ലീലാമ്മ സാമുവേൽ.

മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, വയലാർ രവി എന്നിവർ ഉൾപ്പെടെയുള്ള മുതിർന്ന കോൺഗ്രസ് പ്രവർത്തകരുമായി ഒന്നിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തിയിട്ടുണ്ട്.

ബ്രദറൻ സഭാംഗമായ അന്നമ്മ ഫിലിപ്പ് ആ സമയങ്ങളിൽ രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ പ്രാർത്ഥനാമ്മച്ചി എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്.

ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും ആലപ്പുഴ സന്ദർശന വേളകളിൽ ഡി.സി.സി ഭാരവാഹിയായിരുന്ന അന്നമ്മ ആതിഥേയയായി മുൻനിരയിൽ പ്രവർത്തിച്ചിരുന്നു.

സംസ്കാര ശുശ്രൂഷകൾ ഡിസംബർ 13 വെള്ളിയും 14 ശനിയുമായി നൈൽസിലുള്ള കൊളോണിയൽ ഫ്യൂണറൽ ഹോമിൽ നടക്കും. ഷിക്കാഗോ ലാൻഡ് ഗോസ്പൽ ചാപ്പൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.



# ഡൊണാൾഡ് ട്രംപിന് ടൈമിന്റെ 2024 ലെ 'പേഴ്സൺ ഓഫ് ദി ഇയർ' അവാർഡ്



ന്യൂയോർക്ക്: ഡൊണാൾഡ് ട്രംപിനെ ടൈം മാഗസിന്റെ 'പേഴ്സൺ ഓഫ് ദ ഇയർ' ആയി തിരഞ്ഞെടുത്തെന്ന് റിപ്പോർട്ട്. ഔദ്യോഗിക പ്രഖ്യാപനത്തിനായി നിയുക്ത പ്രസിഡന്റ് വ്യാഴാഴ്ച രാവിലെ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓപ്പണിംഗ് ബെൽ മുഴക്കുമെന്ന് അജ്ഞാത ഉറവിടങ്ങളെ ഉദ്ധരിച്ച് പൊളിറ്റിക്കോ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ വർഷം പോപ്പ് സെൻസേഷൻ ടെയ്‌ലർ സ്വിഫ്റ്റാണ് ടൈം മാഗസിന്റെ 'പേഴ്സൺ ഓഫ് ദ ഇയർ' ആയി തിരഞ്ഞെടുക്കപ്പെട്ടത്. വെളിപ്പെടുത്തലിന്റെ ഓർമ്മയ്ക്കായി, ടൈം സിഇഒ ജെസീക്ക സിബ്ലി ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഓപ്പണിംഗ് ബെൽ അടിച്ചിരുന്നു.

പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ വിജയത്തെ തുടർന്ന് 2016 ൽ ഡൊണാൾഡ് ട്രംപിനെ ടൈം പേഴ്സൺ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തിരുന്നു. പ്രസിഡന്റ് ജോ ബൈഡൻ ഉൾപ്പെടെയുള്ളവർക്ക് അംഗീകാരം ലഭിച്ച യുഎസ് പ്രസിഡന്റുമാരുടെ അഭിമാനകരമായ ഗ്രൂപ്പിൽ ട്രംപ് ഇപ്പോൾ ചേരുന്നു. മൊത്തം 14 യുഎസ് പ്രസിഡന്റുമാർ ഈ ബഹുമതി നേടിയിട്ടുണ്ട്.

ടൈം മാഗസിന്റെ പേഴ്സൺ ഓഫ് ദ ഇയർക്കുള്ള ഷോർട്ട്ലിസ്റ്റ് തിങ്കളാഴ്ച എൻബിസിയുടെ ദി ടുഡേ ഷോയിൽ വെളിപ്പെടുത്തി. ഡൊണാൾഡ് ട്രംപ്, വൈസ് പ്രസിഡന്റ് കമല ഹാരിസ്, കേറ്റ് മിഡിൽടൺ, ഇലോൺ മസ്ക്, ബെഞ്ചമിൻ നെതന്യാഹു എന്നിവരാണ് പട്ടികയിലുള്ളത്. അതേസമയം, ടൈം അതിന്റെ വാർഷികത്തിൽ മറ്റ് നിരവധി അവാർഡുകൾ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. എൻബിഎ താരം കെയ്റ്റ്ലിൻ ക്ലാർക്ക് അത്‌ലറ്റ് ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. എൽട്ടൺ ജോണിന് ഐക്കൺ ഓഫ് ദ ഇയർ അവാർഡ് ലഭിച്ചു. അഡ്വാൻസ്ഡ് മൈക്രോ ഡിവൈസസിന്റെ (എഎംഡി) സിഇഒ ലിസ സു, ഈ വർഷത്തെ സിഇഒ ആയി അംഗീകരിക്കപ്പെട്ടു.

ടൈം വക്താവ് പൊളിറ്റിക്കോയോട് പറഞ്ഞതനുസരിച്ച് പ്രസിദ്ധീകരണത്തിന് മുമ്പുള്ള പേഴ്സൺ ഓഫ് ദ ഇയർക്കുള്ള വാർഷിക തിരഞ്ഞെടുപ്പിനെക്കുറിച്ച് മാഗസിൻ അഭിപ്രായപ്പെടുന്നില്ല.

ഈ വർഷത്തെ തിരഞ്ഞെടുപ്പ് ഡിസംബർ 12, Time.comൽ പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കി. നടപ്പ് വർഷത്തിലെ സംഭവങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തിയ ഒരു വ്യക്തിക്ക് 'പേഴ്സൺ ഓഫ് ദ ഇയർ' നൽകപ്പെടുന്നു. വിൻസ്റ്റൺ ചർച്ചിൽ, എലിസബത്ത് രാജ്ഞി, വ്ളാഡിമിർ പുടിൻ, ജോസഫ് സ്റ്റാലിൻ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ളവർക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

# 400 ബില്യൺ ഡോളർ ആസ്തി കൈവരിക്കുന്ന ചരിത്രത്തിലെ ആദ്യത്തെ വ്യക്തിയായി ഇലോൺ മസ്ക്

വാഷിംഗ്ടൺ: അടുത്തിടെ നടന്ന ഒരു ആഭ്യന്തര ഷെയർ വിൽപ്പനയ്ക്കും സമീപകാല യുഎസ് തിരഞ്ഞെടുപ്പ് ഫലങ്ങൾക്കും ശേഷം, സ്പേസ് എക്സ്, ടെസ്ല സിഇഒ ഇലോൺ മസ്ക്ക് 400 ബില്യൺ ഡോളർ ആസ്തിയിൽ എത്തുന്ന ചരിത്രത്തിലെ ആദ്യത്തെ വ്യക്തിയായി മാറിയെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്തു.

ബ്ലൂംബെർഗ് ശതകോടീശ്വരന്മാരുടെ സൂചിക അനുസരിച്ച്, അദ്ദേഹത്തിന്റെ കമ്പനിയായ സ്പേസ് എക്സിന്റെ ഒരു ഇൻസൈഡ് ഷെയർ വിൽപ്പന ബിസിനസ്സ്, മസ്കിന്റെ ആസ്തി ഏകദേശം 50 ബില്യൺ ഡോളർ വർദ്ധിപ്പിച്ചു. അദ്ദേഹത്തിന്റെ മൊത്തം ആസ്തി ഇതോടെ 439.2 ബില്യൺ ഡോളറായി.

2022ന്റെ അവസാനത്തിൽ, മസ്കിന്റെ ആസ്തി 200 ബില്യൺ ഡോളറിലധികം കുറഞ്ഞിരുന്നു. എന്നിരുന്നാലും കഴിഞ്ഞ മാസം ഡൊണാൾഡ് ട്രംപ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതോടെ മസ്കിന്റെ ആസ്തി കുതിച്ചുയർന്നു. തിരഞ്ഞെടുപ്പിന് മുമ്പ് ടെസ്ല ഇങ്കിന്റെ സ്റ്റോക്ക് ഏകദേശം 65 ശതമാനം വർദ്ധിച്ചു, ഡൊണാൾഡ് ട്രംപ് സെൽഫ് ഡ്രൈവിംഗ് കാറുകളുടെ വ്യാപനം കാര്യക്ഷമമാക്കുമെന്നും ടെസ്ലയുടെ എതിരാളികളെ സഹായിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്കുള്ള നികുതി ക്രെഡിറ്റുകൾ ഇല്ലാതാക്കുമെന്നും വിപണികൾ പ്രതീക്ഷിക്കുന്നു. പുതുതായി രൂപീകരിച്ച ഗവൺമെന്റ് കാര്യക്ഷമതാ വകുപ്പിന്റെ സഹ മേധാവിയായി നാമനിർദ്ദേശം ചെയ്യപ്പെട്ട ശേഷം, നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകൂടത്തിലും ഇലോൺ മസ്ക് ഒരു പ്രധാന പങ്ക് വഹിക്കും.



# കുഞ്ഞിപ്പൈതങ്ങൾക്ക് സാന്റാ വിരുന്ന് ഒരുക്കി ബെൻസൻവിൽ ഇടവക

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ കുഞ്ഞിപ്പൈതങ്ങളുടെ ഭക്തസംഘടനയായ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി മീറ്റ് ആൻഡ് ഗ്രീറ്റ്, ബ്രഞ്ച് വിത്ത് സാന്റാ പ്രോഗ്രാം ഏറെ വ്യത്യസ്തമായും പുതുമയാർന്നും സംഘടിപ്പിച്ചു.

രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ് ഈ പരിപാടികൾ നടത്തപ്പെട്ടത്. ഹോളിചൈൽഡ്ഹുഡ് മിനിസ്ട്രി കോർഡിനേറ്റേഴ്സിന്റെ നേതൃത്വത്തിൽ ക്രിസ്മസ് പാപ്പായ്ക്ക് സ്വീകരണവും ഭക്ഷണവും വിവിധ മത്സരങ്ങളും ഫോട്ടോ ഷൂട്ടും തുടങ്ങി വിപുലമായ പരിപാടികൾ അന്നേ ദിവസം ക്രമീകരിച്ചു.



# ക്നാനായ റീജീയൻ വിവാഹ ഒരുക്ക കോഴ്സ് ബെൻസൻവിൽ ഇടവകയിൽ നടത്തപ്പെട്ടു

ഷിക്കാഗോ: ക്നാനായ കാത്തലിക് റീജിയന്റെ നേതൃത്വത്തിൽ വിവാഹ ഒരുക്ക പ്രീ മാര്യേജ് കോഴ്സ് മൂന്ന് ദിവസങ്ങളിലായി ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ നടന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമായി അമ്പതോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു. അവർക്കായി ഫാ.തോമസ്മുളവനാൽ, ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. സിജു മുടക്കോടിയിൽ, ടോണി പുല്ലാപ്പള്ളി, ബെന്നി കാഞ്ഞിരപ്പാറ, ജയ കുളങ്ങര, ലിൻസ് താന്നിച്ചുവട്ടിൽ, ആൻസി ചേലയ്ക്കൽ, ലീനു പടിക്കപെറമ്പിൽ, ജെറി & ഷെറിൽ താന്നിക്കുഴിപ്പിൽ, ഷിബു&നിമിഷ കളത്തിക്കോട്ടിൽ എന്നിവർ വിവിധ ക്ലാസ്സുകൾ നയിച്ചു. സമാപന ദിവസമായ ഞായറാഴ്ച വി.കുർബ്ബാനയ്ക്ക് ശേഷം അസി. വികാരി ഫാ.ബിൻസ് ചേത്തലിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഇടവകയുടെ കൈക്കാരൻമാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, ജെൻസൻ ഐക്കരെപ്പറമ്പിൽ, കിഷോർ കണ്ണാല എന്നിവർ ഈ കോഴ്സിനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

*ലിൻസ് താന്നിച്ചുവട്ടിൽ, പി.ആർ.ഒ*






# 895 ബില്യൺ ഡോളറിന്റെ പ്രതിരോധ ബില്ലിന് അംഗീകാരം നൽകി ഹൗസ്

(ഒന്നാം പേജ് തുടർച്ച)

സൈനിക അംഗങ്ങളുടെ കുട്ടികൾക്കുള്ള ട്രാൻസ്ജെൻഡർ ചികിത്സയെ ഇത് തടയുന്നു. ചികിത്സ വന്ധ്യംകരണത്തിന് കാരണമായേക്കാം എന്ന് ചൂണ്ടിക്കാട്ടിയാണ്. ജൂനിയർ സർവീസ് അംഗങ്ങൾക്ക് 14.5% ശമ്പള വർദ്ധനയ്ക്കും സൈനിക ഭവന, ശിശു സംരക്ഷണ മെച്ചപ്പെടുത്തലുകൾക്കും ഈ നിയമം അംഗീകാരം നൽകുന്നു. പ്രതിനിധി ആദം സ്മിത്ത്, ഡിവാഷ്, ലിംഗഭേദം സ്ഥിരീകരിക്കുന്ന പരിചരണ വ്യവസ്ഥയ്ക്കെതിരെ പൊട്ടിത്തെറിച്ചു.

പ്രതിരോധ ബില്ലുകളിൽ പരമ്പരാഗതമായി കാണാത്ത പക്ഷപാതപരമായ ഒരു തലമാണ് അത് കുത്തിവച്ചതെന്ന് സ്പീക്കർ മൈക്ക് ജോൺസൺ ആരോപിച്ചു. ഹൗസ് മൈനോറിറ്റി ലീഡർ ഹക്കീം ജെഫ്രീസ്, വോട്ടെടുപ്പിന് മുന്നോടിയായി ഡെമോക്രാറ്റിക് വോട്ടുകൾ 'മെമ്പർ ടു മെമ്പർ, കേസ് ബൈ കേസ്' അടിസ്ഥാനത്തിൽ നടത്തുമെന്ന് പറഞ്ഞു. ബില്ലിൽ സൈനികർക്കും രാജ്യത്തിനും വളരെ പ്രധാനപ്പെട്ട സമയത്ത് നിർണായക വിജയങ്ങൾ ലക്ഷ്യംവച്ചുള്ള പദ്ധതികൾ ഉൾപ്പെടുന്നു.

# യുഎസ് വിസ ബുള്ളറ്റിൻ 2025 പുറത്തിറക്കി; ഗ്രീൻ കാർഡ് ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് പ്രതീക്ഷയ്ക്ക് വക

(ഒന്നാം പേജ് തുടർച്ച)

സഹായിക്കുന്നു. കൂടാതെ കുടുംബത്തെ സ്പോൺസർ ചെയ്യുന്ന വിഭാഗങ്ങൾക്ക്, ജനുവരിയിലെ ബുള്ളറ്റിനിൽ നിരവധി പ്രധാന മാറ്റങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.യുഎസ് പൗരന്മാരുടെ അവിവാഹിതരായ ആൺമക്കൾക്കും പെൺമക്കൾക്കും വേണ്ടിയുള്ള എഫ്1 വിഭാഗം 2015 നവംബർ 22 വരെ നീട്ടി നൽകിയിട്ടുണ്ട്.

യുഎസ് പൗരന്മാരുടെ വിവാഹിതരായ പുത്രന്മാർക്കും പെൺമക്കൾക്കും വേണ്ടിയുള്ള എഫ്3 വിഭാഗം, 2010 ജൂലൈ 1ലേക്ക് മാറ്റി, അതിന്റെ ഫയലിംഗ് തീയതി 2012 ജൂലൈ 22ലേക്ക് ഉയർത്തിയിട്ടിമുണ്ട്. യുഎസ് പൗരന്മാരുടെ സഹോദരങ്ങൾക്കുള്ള എഫ്4 വിഭാഗം 2006 ഓഗസ്റ്റ് 15ലേക്കും ആക്കിയിട്ടുണ്ട്. അതേസമയം എഫ്2എ (സ്ഥിരതാമസക്കാരുടെ ജീവിതപങ്കാളികളും കുട്ടികളും), എഫ്2ബി (സ്ഥിരതാമസക്കാരുടെ അവിവാഹിതരായ പുത്രന്മാരും പെൺമക്കളും) വലിയ മാറ്റമില്ല.ബുള്ളറ്റിനിൽ തൊഴിൽ അടിസ്ഥാനമാക്കിയുള്ളവയ്ക്ക് കാര്യമായ മുന്നേറ്റം സൂചിപ്പിക്കുന്നുണ്ട്. ഇബി2 (നൂതന ബിരുദങ്ങൾ നേടിയിട്ടുള്ള പ്രൊഫഷനുകളിലെ അംഗങ്ങൾ അല്ലെങ്കിൽ അസാധാരണമായ കഴിവുള്ള വ്യക്തികൾ) അന്തിമ നടപടിക്കായി 2012 ഒക്ടോബർ 1 ലേക്ക് പരിഗണിച്ചു.

ഫയലിംഗ് തീയതികൾ 2013 ജനുവരി 1 നുമാണ്. ഇബി3 (നൈപുണ്യമുള്ള തൊഴിലാളികൾ, പ്രൊഫഷണലുകൾ, മറ്റ് തൊഴിലാളികൾ) ന് ഇപ്പോൾ 2012 ഡിസംബർ 1 വരെ അന്തിമ പ്രവർത്തന തീയതി നീട്ടിയിട്ടുണ്ട്. എന്നാൽ ഫയലിംഗ് തീയതികളിൽ മാറ്റമില്ല. ഗ്രാമീണ, ഉയർന്ന തൊഴിലില്ലായ്മ, ഇൻഫ്രാസ്ട്രക്ചർ പ്രോജക്രുകൾ എന്നിവയുടേത് ഉൾപ്പെടെയുള്ള തൊഴിൽ വിസകൾ പരിഗണിക്കുന്നത് മാറ്റിവെയ്ക്കും. യോഗ്യരായ അപേക്ഷകർക്ക് സമയബന്ധിതമായി പ്രോസസ്സ് ചെയ്യാൻ അനുവദിക്കുന്ന നിലവിലെ വ്യവസ്ഥ തുടരും.അതേസമയം തങ്ങളുടെ ഇമിഗ്രേഷൻ സ്റ്റാറ്റസ് ക്രമീകരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക്, വിസ ബുള്ളറ്റിൻ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ഇത് രണ്ട് നിർണായക തീയതികൾ അപേക്ഷകർക്ക് നൽകുന്നു:ഫയൽ ചെയ്യുന്നതിനുള്ള തീയതികൾ: ഒരു അപേക്ഷകന് സ്റ്റാറ്റസിന്റെ ക്രമീകരണം അല്ലെങ്കിൽ ഇമിഗ്രന്റ് വിസ അപേക്ഷ സമർപ്പിക്കാൻ കഴിയുന്ന ആദ്യ തീയതി. അന്തിമ പ്രവർത്തന തീയതികൾ: അപേക്ഷകർക്ക് അവരുടെ അപേക്ഷകൾ പ്രോസസ് ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കുന്ന സമയത്തെ ഈ തീയതികൾ പ്രതിനിധീകരിക്കുന്നു. ഇത് ഗ്രീൻ കാർഡ് ഇഷ്യുവിന് കാരണമാകുന്നു. യോഗ്യരായി തുടരുന്നതിന്, അപേക്ഷകർ അവരുടെ അപേക്ഷാ തീയതികൾ നിർദ്ദിഷ്ട അന്തിമ പ്രവർത്തനത്തിന് മുമ്പുള്ളതാണെന്ന് ഉറപ്പാക്കണം അല്ലെങ്കിൽ ബുള്ളറ്റിനിൽ പട്ടികപ്പെടുത്തിയിരിക്കുന്ന തീയതികൾ സമർപ്പിക്കണം.ബുള്ളറ്റിൻ കുടുംബം സ്പോൺസർ ചെയ്യുന്ന വിവിധ മുൻഗണനാ വിഭാഗങ്ങളുടെ രൂപരേഖ നൽകുന്നു. കുടിയേറ്റ വിസകൾ അനുവദിക്കുന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നത് ഉൾപ്പെടെയുള്ളവ ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു.

# കിം കർദാഷിയാൻ റിയൽ എസ്റ്റേറ്റ് നിക്ഷേപകനുമായി ഡേറ്റിംഗിൽ

മോഡലും റിയാലിറ്റി ഷോ താരവും ബിസിനസ്സ്കാരിയുമായ കിം കർദാഷിയാൻ റിയൽ എസ്റ്റേറ്റ് നിക്ഷേപകനുമായി ഡേറ്റിംഗിലെന്ന് റിപ്പോർട്ട്. സുഹൃത്തുക്കൾ വഴിയാണ് ഇദ്ദേഹത്തെ കിം കണ്ടുമുട്ടിയതെന്നും പേജ് സിക്സ് റിപ്പോർട്ട് ചെയ്യുന്നു.

താൻ കണ്ടുമുട്ടുന്ന അടുത്ത വ്യക്തി പ്രശസ്തനല്ലാത്ത ഒരാളായിരിക്കു



മെന്ന് മുമ്പ് കിം പറഞ്ഞിരുന്നതായും റിപ്പോർട്ടിൽ പരാമർശമുണ്ട്. അതുകൊണ്ട് തന്നെ ഈ ബന്ധം കിം രഹസ്യമായി സൂക്ഷിക്കുകയാണെന്നാണ് റിപ്പോർട്ട്. ഫെബ്രുവരിയിൽ ദിസ് ലൈഫ് ഓഫ് മൈൻ വിത്ത് ജെയിംസ് കോർഡൻ പോഡ്കാസ്റ്റിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, തന്റെ അനുയോജ്യമായ പങ്കാളി പ്രശസ്തനാകണമെന്നില്ലെന്നും അവരുടെ അതുല്യമായ ജീവിതശൈലി മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും കിം വിശദീകരിച്ചിരുന്നു.



# ഇന്ത്യയേക്കാൾ ഇരട്ടിയിലേറെ സ്വർണ്ണം അമേരിക്കയുടെ കയ്യിൽ

അടുത്തിടെയായി രാജ്യത്തെ സ്വർണ്ണ ശേഖരം വർധിച്ച് വരികയാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വ്യക്തമാക്കിയിരുന്നു. നിലവിൽ 853.63 ടൺ കരുതൽ സ്വർണ ശേഖരമാണ് ആർബിഐയുടെ കൈവശം ഉള്ളത്. ഇതോടെ ലോകത്തിൽ ഏറ്റവും കൂടുതൽ സ്വർണ ശേഖരമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ആദ്യ പത്തിൽ എത്താനും ഇന്ത്യക്ക് സാധിച്ചു. എന്നാൽ ഇന്ത്യയുടേതിനേക്കാൾ സ്വർണ ശേഖരമുള്ള നിരവധി സെൻട്രൽ ബാങ്കുകൾ ഈ ലോകത്തുണ്ട്. ആ ബാങ്കുകൾ ഏതെല്ലാം രാജ്യത്തേതെന്നാണ് പരിശോധിക്കാം.

ഇന്ത്യയേക്കാൾ ഏകദേശം 10 മടങ്ങ് കരുതൽ സ്വർണ്ണ ശേഖരമുള്ള അമേരിക്കയാണ് പട്ടികയിൽ ഏറ്റവും മുന്നിലുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ പുറത്തുവിട്ട വേൾഡ് ഗോൾഡ് കൗൺസിലിന്റെ റിപ്പോർട്ട്പ്രകാരം അമേരിക്കയിൽ 8133.46 ടൺസ്വർണ്ണശേഖരമാണുള്ളത്.രണ്ടാം പാദത്തിലും ഇതേ അളവിൽ തന്നെയായിരുന്നു അമേരിക്കയുടെ സ്വർണ്ണ ശേഖരം.

അമേരിക്ക കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കരുതൽ സ്വർണ്ണ ശേഖരമുള്ളത് ചൈനീസ് സെൻട്രൽ ബാങ്കിലായിരിക്കുമെന്നാണ് പലരും കരുതുക. എന്നാൽ ആ ചിന്ത തികച്ചും തെറ്റാണ്. 3351.53 ടൺ സ്വർണ്ണ ശേഖരവുമായ ജർമ്മനിയാണ് പട്ടികയിൽ രണ്ടാം സ്ഥാനത്ത്. വേൾഡ് ഗോൾഡ് കൗൺസിൽ കണക്കുകൾ പ്രകാരം ലോകത്തിലെ ഏറ്റവും ഉയർന്ന മൂന്നാമത്തെ സ്വർണ്ണ ശേഖരവും മറ്റൊരു യൂറോപ്യൻ രാജ്യത്താണ്. 2024 ലെ മൂന്നാം പാദത്തിൽ 2451.84 ടൺ സ്വർണ്ണ ശേഖരമാണ് ഇറ്റലിക്കുള്ളത്.

പട്ടികയിൽ നാലാം സ്ഥാനത്തുള്ള ഫ്രാൻസിന്റെ കൈവശമുള്ളത് 2436.94 ടൺ സ്വർണ്ണ ശേഖരമാണ്. പട്ടികയിലെ ആദ്യ ഏഷ്യൻ രാജ്യം അഞ്ചാം സ്ഥാനത്തുള്ള ചൈനയാണ്. മൂന്നാം പാദത്തിന്റെ അവസാനത്തിൽ ചൈനയുടെ സ്വർണ്ണ ശേഖരം 2264.32 ടൺ ആണ്. രണ്ടാം പാദത്തിൽ ചൈനയുടെ സ്വർണ ശേഖം 2262.45 ടൺ ആയിരുന്നു.

1039.94 ടൺ സ്വർണ ശേഖരവുമായി സ്വിറ്റ്സർലൻഡ് ആറാം സ്ഥാനത്ത് നിൽക്കുമ്പോൾ 853.63 ടൺ സ്വർണവുമായി ഇന്ത്യയാണ് ഏഴാമത്. നേരത്തെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം ഒൻപാമത് ആയിരുന്നു. സ്വർണ്ണ ശേഖരത്തിൽ ഏറ്റവും വലിയ വർദ്ധനവുണ്ടായ മികച്ച 5 രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നുവെന്നതാണ് ശ്രദ്ധേയം. ജപ്പാൻ 845.97 ടൺ, നെതർലൻഡ്സ് 612.45 ടൺ, ടർക്കി 595.37 ടൺ എന്നിങ്ങനെയാണ് ആദ്യ പത്തിലുള്ള മറ്റ് രാജ്യങ്ങളുടെ കരുതൽ സ്വർണ ശേഖരത്തിന്റെ അളവുകൾ.

അതേസമയം, കഴിഞ്ഞ ഒക്ടോബറിൽ 27 ടൺ സ്വർണ്ണമാണ് ആർ ബി ഐ വാങ്ങിയത്. ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിൽ (ഐ.എം.എഫ്) നിന്നുള്ള പ്രതിമാസ രേഖകളെ അടിസ്ഥാനമാക്കിയാണ് ഡബ്ല്യു ജി സി റിപ്പോർട്ട് തയ്യാറായാക്കിയത്. ഒക്ടോബറിലെ 27 ടൺ സ്വർണ്ണം കൂടിയായതോടെ ജനുവരി മുതൽ ഒക്ടോബർ വരെ ആർ.ബി.ഐ വാങ്ങിയ മൊത്തം സ്വർണത്തിന്റെ അളവ് 77 ടണ്ണായി ഉയർന്നു. 2023 ലെ ഇതേ കാലയളവിനെ അപേക്ഷച്ച് അഞ്ചിരട്ടിയിലേറെയാണ് ഇത്തവണത്തെ വർധനവ്. 2023ൽ 16 ടൺ സ്വർണം മാത്രമായിരുന്നു ഇന്ത്യ വാങ്ങിയത്.








## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773–744–0046**
**224–258–2393**

#111324

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**
**224–382–3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#120424


## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സാറാമ്മ തോമസ്**

#121124

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മററെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**വർഗീസ് ചാക്കോ**

#121124


## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#121124



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#120424

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#120424



Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
ബന്ധപ്പെടുക:
773–888–2242,
773–842–9149
vachakamonline@gmail.com
news@vachakam.com
For E-Paper reading visit Vachakam.com
Vachakam.com


# ഐക്യത്തിനായി ആഹ്വാനം ചെയ്ത് സിറിയയുടെ പുതിയ നേതാക്കൾ

ഡമാസ്കസ്: രാജ്യത്ത് ഐക്യത്തിനായി ആഹ്വാനം ചെയ്ത് പുതിയ നേതാക്കൾ. ആ ആഹ്വാനം ഐഎസിനെതിരായ പോരാട്ടത്തിലെ യുഎസ് പങ്കാളികൾ ഉൾപ്പെടെ നിരവധി സിറിയൻ ന്യൂനപക്ഷങ്ങളുടെ അസ്വസ്ഥത വർദ്ധിപ്പിച്ചു. അവർക്ക് നേടിയ പ്രദേശങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു.

ഭിന്നിപ്പുള്ള സിറിയയിൽ, എല്ലാ വിഭാഗവും കഴിയുന്നത്ര അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഇന്ന്, വടക്കുകിഴക്കൻ ദേർ എൽസൗറിലെ നിവാസികൾ സിറിയയുടെ ഏറ്റെടുക്കലിന് നേതൃത്വം നൽകിയ വിമത ഗ്രൂപ്പായ ഹയാത്ത് തഹ്രീർ അൽഷാം അല്ലെങ്കിൽ എച്ച്ടിഎസ്സിനെ സ്വാഗതം ചെയ്തു. ഇതുവരെ, യു.എസ് പിന്തുണയുള്ള കുർദിഷ് സിറിയൻ ഡെമോക്രാറ്റിക് സേനയുടെ നിയന്ത്രണത്തിലായിരുന്നു നഗരം. ആ കുർദിഷ് സൈന്യത്തിന് വടക്കൻ സിറിയയിലെ മാൻബിജിന്റെ നിയന്ത്രണവും നഷ്ടപ്പെട്ടു.



ഇത്തവണ തുർക്കി പിന്തുണയുള്ള സിറിയൻ നാഷണൽ ആർമിക്ക് കീഴിലായി.

പടിഞ്ഞാറൻ തലസ്ഥാനമായ എച്ച്ടിഎസും സിറിയൻ നാഷണൽ ആർമിയും മാൻബിജിലും ഡീർ എൽസൗറിലും കുർദുകൾക്കെതിരെ ശക്തമായി നീങ്ങുന്നു. രണ്ട് നഗരങ്ങളും കൈമാറാൻ ഉദ്ധരിച്ച് കുർദിഷ് സൈനികരുമായി യുഎസ് ചർച്ച നടത്തിയതായി ഒരു യുഎസ് ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. ഐഎസി ഇല്ലാതാക്കാൻ കുർദുകൾക്ക് സഹായിക്കാനാകുമെന്ന് ഉറപ്പാക്കുക എന്നതിലാണ് യുഎസ് മുൻഗണന നൽകുന്നത്.

അതിനിടെ, തെക്ക് 50 വർഷമായി സൈനികവൽക്കരിക്കപ്പെട്ട പ്രദേശം ഇസ്രായേൽ പിടിച്ചെടുത്തു. ഇന്ന് രാജ്യത്തിന്റെ ഇടക്കാല പ്രധാനമന്ത്രി ഐക്യം സൃഷ്ടിക്കുമെന്ന് പ്രതിജ്ഞയെടുത്തിരിക്കുന്നു. എന്നാൽ അത് ഉറപ്പുനൽകുന്നില്ല, പക്ഷേ, മാർക്കറ്റിൽ, ടൗൺ സ്ക്വയറിൽ, സ്വാതന്ത്ര്യത്തിന്റെ ഒരു വികാരമുണ്ട്.

# സിറിയയുടെ ഭരണം ഏറ്റെടുക്കുന്ന അബു മുഹമ്മദ് അൽ ജുലാനി ആരാണ്?

ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ സിറിയയിൽ അധികാര കൈമാറ്റത്തിന്റെ ചലനങ്ങൾ തുടങ്ങിക്കഴിഞ്ഞു. സിറിയയുടെ ഭരണം ഏറ്റെടുക്കാൻ ഒരുങ്ങുന്നത് 42 കാരനായ അബു മുഹമ്മദ് അൽ ജുലാനിയാണ്. ആരാണ് അബു മുഹമ്മദ് അൽ ജുലാനി എന്നറിയാം.

ഇതാദ്യമായല്ല ജുലാനിയുടെ പേര് വാർത്തകളിൽ ഇടം നേടുന്നത്. 1982 ൽ സൗദി അറേബ്യയിലാണ് അദ്ദേഹം ജനിച്ചത്. അച്ഛൻ പെട്രോളിയം എഞ്ചിനീയറായിരുന്നു. കുട്ടിക്കാലത്ത് ഏഴ് വർഷം സൗദി അറേബ്യയിൽ താമസിച്ച അദ്ദേഹത്തിന്റെ കുടുംബം പിന്നീട് സിറിയയിലേക്ക് മടങ്ങുകയായിരുന്നു. 2003 ലാണ് ജുലാനി അൽ ഖയ്ദയിൽ ചേരുന്നത്. അക്കാലത്ത് അമേരിക്ക ഇറാഖിനെ ആക്രമിച്ചിരുന്നു. പിന്നീട് 2011 ൽ അദ്ദേഹം സ്വന്തമായി ഒരു ഗ്രൂപ്പ് രൂപീകരിച്ചു. അതിനെ ജബത്ത് അൽനുസ്ര എന്നാണ് വിളിക്കുന്നത്. പിന്നീട് ഈ സംഘം ഹയാത്ത് തഹ്രീർ അൽഷാം (HTS) ആയി മാറി.

## ഐഎസിൽ നിന്നുള്ള വേർപിരിയൽ

അൽഖയ്ദയിലായിരിക്കെ അബൂബക്കർ അൽ ബാഗ്ദാദിക്കൊപ്പവും ജുലാനി പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ 2013ൽ അദ്ദേഹം ഐഎസിൽ നിന്ന് വേർപിരിയുന്നതായി പ്രഖ്യാപിച്ചു. ഇതിന് ശേഷം ഐഎസിനെതിരെ പോരാടി.

2018ൽ അമേരിക്ക എച്ച്ടിഎസിനെ ഭീകര സംഘടനയായി പ്രഖ്യാപിക്കുകയും ജുലാനിയുടെ തലയ്ക്ക് 10 മില്യൺ ഡോളർ പാരിതോഷികം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ജുലാനി തന്റെ പ്രതിച്ഛായ മാറ്റാൻ ശ്രമിച്ചു. നിരപരാധികളെ കൊല്ലുകയല്ല തന്റെ ലക്ഷ്യമെന്നാണ് അദ്ദേഹം അഭിമുഖത്തിൽ പറഞ്ഞത്. സിറിയയിലെ ഇഡ്ലിബ് പ്രവിശ്യയിൽ എച്ച്ടിഎസ് അതിന്റെ കൈവശം സ്ഥാപിക്കുകയും ഒരു സിവിൽ അഡ്മിനിസ്ട്രേഷൻ സാൽവേഷൻ ഗവൺമെന്റ് ആരംഭിക്കുകയും ചെയ്തു. സിറിയയിൽ ജനങ്ങൾക്ക് തങ്ങളുടെ നേതാക്കളെ തിരഞ്ഞെടുക്കാൻ കഴിയുന്ന ഒരു സർക്കാർ വേണമെന്നാണ് ജുലാനി പറയുന്നത്.

ദമാസ്കസ് പിടിച്ചടക്കിയ ശേഷം, ജുലാനി ഇപ്പോൾ എച്ച്ടിഎസിനെ നിയമാനുസൃതവും ശക്തവുമായ ഒരു ഭരണ സ്ഥാപനമായി അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ലോകം തന്റെ സംഘടനയെ ഭീകരവാദവുമായി ബന്ധപ്പെടുത്തരുതെന്നും, സിറിയയുടെ ഭാവിയിൽ അത് ഒരു പ്രധാന പങ്ക് വഹിക്കുന്നതായി കണക്കാക്കണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. സിറിയയുടെ മുഖച്ഛായ മാറ്റാൻ ജുലാനിക്ക് കഴിയുമോ എന്നാണ് ലോകം ഉറ്റു നോക്കുന്നത്.



സിറിയയിലെ 24 വർഷത്തെ ബശ്ശാറുൽ അസദിന്റെ ഭരണവും 13 വർഷം നീണ്ട ആഭ്യന്തരയുദ്ധവും അവസാനിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ തലസ്ഥാനം ഇപ്പോൾ ഹയാത്ത് അൽഷാമിന്റെ നിയന്ത്രണത്തിലാണ്. വിമത ഗ്രൂപ്പിന്റെ പോരാളികൾ വെറും 10 ദിവസം കൊണ്ട് ദമാസ്കസ് കീഴടക്കി. സമാധാനപരമായ അധികാര കൈമാറ്റമാണ് ആഗ്രഹിക്കുന്നതെന്ന് വിമതർ പ്രഖ്യാപിക്കുകയും അതുവരെ അധികാരത്തിൽ തുടരാൻ പ്രധാനമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

അൽഖയ്ദയുമായി ബന്ധം വേർപെടുത്തിയതിന് ശേഷം, ആഗോള ജിഹാദി ലക്ഷ്യങ്ങളേക്കാൾ സിറിയയിലെ ഭരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അൽജുലാനി അന്താരാഷ്ട്ര നിയമസാധുത തേടിയിട്ടുണ്ട്. സ്വേച്ഛാധിപത്യ തന്ത്രങ്ങൾക്കും വിയോജിപ്പുകളെ അടിച്ചമർത്തുന്നതിനും വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ സംഘം അതിന്റെ നിയന്ത്രിത പ്രദേശത്ത് ഒരു ഭരണകൂടം സ്ഥാപിച്ചു. നികുതി പിരിക്കുക, പൊതു സേവനങ്ങൾ നൽകുക, താമസക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുക. തഹ്രീർ അൽഷാമിന്റെ നേതാവെന്ന നിലയിൽ, 2024 ലെ സിറിയൻ പ്രതിപക്ഷ ആക്രമണങ്ങളിലും അതിന്റെ ഫലമായി അസദ് ഭരണകൂടത്തെ അട്ടിമറിക്കുന്നതിലും അൽജുലാനി ഒരു പ്രധാന പങ്ക് വഹിച്ചു.

അൽജുലാനി 2014 സെപ്തംബർ 28 ന് ഒരു ഓഡിയോ പ്രസ്താവന പുറത്തിറക്കി, അതിൽ താൻ 'യുണൈറ്റഡ് സ്റ്റേറ്റ്സിനോടും അതിന്റെ സഖ്യകക്ഷികളോടും' പോരാടുമെന്ന് പ്രസ്താവിക്കുകയും അവരുടെ യുദ്ധത്തിൽ പാശ്ചാത്യരുടെ സഹായം സ്വീകരിക്കരുതെന്ന് തന്റെ പോരാളികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. സമീപ വർഷങ്ങളിൽ, പാശ്ചാത്യ രാജ്യങ്ങൾക്കെതിരെ യുദ്ധം ചെയ്യാൻ തനിക്ക് യാതൊരു പ്രേരണയുമില്ലെന്നും ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കുന്നതായും അദ്ദേഹം സ്വയം സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഡമാസ്കസിന്റെ പതനത്തെ തുടർന്നുള്ള തന്റെ വിജയ പ്രസംഗത്തിൽ അൽജുലാനി ഇറാനെ വിഭാഗീയതയുടെയും അഴിമതിയുടെയും സ്രോതസ്സായി അപലപിക്കുകയും വിജയത്തെ മേഖലയുടെ വഴിത്തിരിവായി ചൂണ്ടിക്കാട്ടുകയും ചെയ്തു.

## ആദ്യകാല ജീവിതവും കുടുംബ പശ്ചാത്തലവും

1967ൽ ഇസ്രായേൽ അധിനിവേശത്തെത്തുടർന്ന് ആറ് ദിവസത്തെ യുദ്ധത്തിൽ കുടിയിറക്കപ്പെട്ട സിറിയയിലെ ഗോലാൻ കുന്നുകളിൽ നിന്നാണ് അൽ ജുലാനിയുടെ കുടുംബം വന്നത്. അദ്ദേഹത്തിന്റെ നാമമായ ഡി ഗുറെയിലെ നിസ്ബ 'അൽജുലാനി' ഗോലാൻ കുന്നുകളെ പരാമർശിക്കുന്നതാണ്.

അൽജുലാനിയുടെ പിതാവ് ഹുസൈൻ അൽഷറ സിറിയയിലെ നാസറിസ്റ്റുകളുടെ അറബ് ദേശീയ വിദ്യാർത്ഥി പ്രവർത്തകനായിരുന്നു. യുണൈറ്റഡ് അറബ് റിപ്പബ്ലിക്കിനെ തകർക്കുകയും അറബ് സോഷ്യലിസ്റ്റ് ബാത്ത് പാർട്ടിയെ അധികാരത്തിലെത്തിക്കുകയും ചെയ്ത 1961, 1963 അട്ടിമറിക്ക് ശേഷം ആരംഭിച്ച നാസറിസ്റ്റ് വിരുദ്ധ ശുദ്ധീകരണത്തിനിടെ സിറിയൻ നിയോബാത്തിസ്റ്റുകൾ അദ്ദേഹത്തെ തടവിലാക്കി.

1971ൽ ഇറാഖിൽ ഉപരിപഠനം പൂർത്തിയാക്കാൻ ഹുസൈൻ അൽഷറ പിന്നീട് ജയിലിൽ നിന്ന് രക്ഷപ്പെട്ടു. ഈ കാലയളവിൽ, പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷന്റെ പാലസ്തീൻ ഫെദായീനുമായി സഹകരിക്കാൻ അദ്ദേഹം ജോർദാനിലേക്ക് പോയി. 1970കളിൽ സിറിയയിലേക്ക് മടങ്ങിയ ശേഷം, പിന്നീട് ഹഫീസ് അൽഅസാദിന്റെ ഭരണത്തിൻ കീഴിൽ, മോചിതനാകുന്നതിനുമുമ്പ് സൗദി അറേബ്യയിൽ അഭയം കണ്ടെത്തുന്നതിന് മുമ്പ് അദ്ദേഹം വീണ്ടും ജയിലിലായി. കർഷക പശ്ചാത്തലത്തിൽ നിന്നും ബാഗ്ദാദ് സർവ്വകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദധാരിയായ ഹുസൈൻ സൗദി എണ്ണ വ്യവസായത്തിൽ ജോലി ചെയ്യുകയും പ്രാദേശിക സാമ്പത്തിക വികസനത്തെക്കുറിച്ച് അറബിയിൽ ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## സിറിയയിലെ യുവാക്കൾ

1982 ൽ സൗദി അറേബ്യയിലെ റിയാദിലാണ് അഹമ്മദ് ഹുസൈൻ അൽഷറ അൽ ജുലാനി ജനിച്ചത്. അച്ഛൻ അവിടെ ഒരു ഓയിൽ എഞ്ചിനീയറായി ജോലി ചെയ്തു, അമ്മ ഭൂമിശാസ്ത്ര അധ്യാപികയായിരുന്നു. കുടുംബം 1989ൽ സിറിയയിലേക്ക് മടങ്ങി, ഡമാസ്കസിലെ സമ്പന്നമായ മെസെഹ് പരിസരത്ത് സ്ഥിരതാമസമാക്കി.

തന്റെ ഏറ്റവും നിർണ്ണായകമായ ജീവചരിത്രം തയ്യാറാക്കിയ ഹുസാം ജസ്മതിയുടെ അഭിപ്രായത്തിൽ, അൽജുലാനിയെ സഹപാഠികൾ ഓർക്കുന്നത്, കട്ടിയുള്ള കണ്ണട ധരിച്ച് ആരുടേയും ശ്രദ്ധയിൽപ്പെടാത്ത ഒരു പഠിപ്പിയായിട്ടാണ്. ഇറാഖിലേക്ക് മാറുന്നതുവരെ അദ്ദേഹം ഡമാസ്കസിൽ മാധ്യമപഠനം നടത്തി.

## സൈനിക, രാഷ്ട്രീയ ജീവിതം

2021ൽ ഫ്രണ്ട്ലൈനുമായുള്ള അഭിമുഖം അനുസരിച്ച്, 2000ൽ തനിക്ക് 17–ഓ 18–ഓ വയസ്സുള്ളപ്പോൾ പലസ്തീനിയൻ സെക്കൻഡ് ഇൻതിഫാദയാൽ താൻ സമൂലവൽക്കരിക്കപ്പെട്ടതായി അൽ ജുലാനി വ്യക്തമാക്കുന്നു. എന്നിരുന്നാലും, 2021ലെ ഫ്രണ്ട്ലൈനുമായുള്ള അഭിമുഖത്തിൽ, അൽജുലാനി അൽസർഖാവിയെ കണ്ടുമുട്ടിയത് നിഷേധിക്കുകയും അമേരിക്കൻ അധിനിവേശത്തിനെതിരെ അൽഖയ്ദയുടെ കീഴിൽ ഒരു സാധാരണ സേവകനായി മാത്രമാണ് താൻ സേവനമനുഷ്ഠിച്ചതെന്ന് അവകാശപ്പെടുകയും ചെയ്തു. 2006ൽ ഇറാഖി ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന് മുമ്പ് അൽജുലാനിയെ അമേരിക്കൻ സൈന്യം അറസ്റ്റ് ചെയ്യുകയും അബു ഗ്രൈബ്, ക്യാമ്പ് ബുക്ക, ക്യാമ്പ് ക്രോപ്പർ, അൽതാജി ജയിൽ എന്നിവയിൽ ഉൾപ്പെടെ അഞ്ച് വർഷത്തിലേറെ തടവിലിടുകയും ചെയ്തിരുന്നു.

## സിറിയൻ പ്രക്ഷോഭവും അൽനുസ്രയുടെ അടിത്തറയും

2011ലെ സിറിയൻ വിപ്ലവത്തോടനുബന്ധിച്ച് ജയിലിൽ നിന്ന് മോചിതനായ ശേഷം അൽജുലാനി സിറിയയിലേക്ക് കടന്നു. അൽജുലാനി അൽഖയ്ദയുടെ സിറിയൻ ശാഖയായ ജബത്ത് അൽനുസ്ര സ്ഥാപിക്കുന്നതിന് അബൂബക്കർ അൽ ബാഗ്ദാദിയുമായി ഒരു കരാറിൽ ഏർപ്പെട്ടു. 2013 വരെ ഈ സംഘം ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖുമായി സഖ്യം നിലനിർത്തി. കാലക്രമേണ, അൽജുലാനി അന്തർദേശീയ ജിഹാദിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ നിന്ന് സ്വയം അകന്നുതുടങ്ങി, ഒരു ദേശീയവാദ സിറിയൻ പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ തന്റെ വിഭാഗത്തെ കൂടുതൽ രൂപപ്പെടുത്തി.

ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് തുടക്കത്തിൽ അൽജുലാനിക്ക് പോരാളികളേയും ആയുധങ്ങളും സിറിയയിൽ അൽഖയ്ദ അഫിലിയേറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായവും നൽകിയിരുന്നു. 2012 ജനുവരിയിൽ അത് ഔദ്യോഗികമായി പ്രഖ്യാപിച്ചപ്പോൾ അൽ ജുലാനി അൽനുസ്രയുടെ 'ജനറൽ അമീർ' ആയി. ആ വർഷം ഡിസംബറോടെ, യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ജബത്ത് അൽനുസ്രയെ ഒരു തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചു. ഇറാഖിലെ ഖയ്ദ (ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് എന്നും അറിയപ്പെടുന്നു). അൽജുലാനിയുടെ നേതൃത്വത്തിൽ അൽനുസ്ര സിറിയയിലെ ഏറ്റവും ശക്തമായ ഗ്രൂപ്പുകളിലൊന്നായി ഉയർന്നു.

# മരുഭൂമിയിൽ അകപ്പെട്ട കാൽനട യാത്രക്കാരിയെ രക്ഷപ്പെടുത്തി യു. എസ് കോസ്റ്റ് ഗാർഡ്

ന്യൂയോർക്ക്: ഒറിഗോൺ സ്റ്റേറ്റ് പാർക്കിൽ നിന്ന് ഒരു കാൽനടയാത്രക്കാരിയെ ഞായറാഴ്ച രക്ഷപ്പെടുത്തിയതായി യുഎസ് കോസ്റ്റ് ഗാർഡ് അറിയിച്ചു. 64 കാരിയായ സ്ത്രീ സഹായത്തിനായി വിളിക്കുകയും യുഎസ് കോസ്റ്റ് ഗാർഡ് സംഘം തിരച്ചിൽ നടത്തി കണ്ടെത്തുകയും ആയിരുന്നു. കോസ്റ്റ് ഗാർഡ് സംഘവും ഗ്രൗണ്ട് സെർച്ച് പാർട്ടിയും ഷോർ ഏക്കർ സ്റ്റേറ്റ് പാർക്കിന്റെ സമീപത്തു നിന്ന് സ്ത്രീയെ കണ്ടെത്തിയപ്പോൾ ഹൈപ്പോഥെർമിയയുടെയും നിർജ്ജലീകരണത്തിന്റെയും ലക്ഷണങ്ങൾ കാണിച്ചതായി കോസ്റ്റ് ഗാർഡ് അറിയിച്ചു. സ്ത്രീയ്ക്ക് കൂടുതൽ പരിക്കുകൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമല്ല. വെള്ളിയാഴ്ച വൈകുന്നേരം യുവതിയെ കാണാതായപ്പോൾ ഒറിഗൺ സ്റ്റേറ്റ് പൊലീസ് കോസ്റ്റ് ഗാർഡിനോട് സഹായം അഭ്യർത്ഥിച്ചിരുന്നു. ഒരു കൗണ്ടി റെസ്ക്യൂ ടീമിലെയും റീജിയണൽ ടാസ്ക് ഫോഴ്സിലെയും അംഗങ്ങൾ തിരച്ചിലിൽ കോസ്റ്റ് ഗാർഡിനൊപ്പം ചേർന്നിരുന്നു. പക്ഷേ അവരുടെ ശ്രമങ്ങൾ പ്രതികൂല കാലാവസ്ഥ കാരണം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നു. കൂടാതെ കോസ്റ്റ് ഗാർഡ് ഹെലികോപ്റ്ററുകളിലൊന്നിൽ തെർമൽ ഇമേജിംഗ് ഉപകരണം ഉപയോഗിച്ച് കണ്ടെത്താനുള്ള ശ്രമവും പരാജയപ്പെട്ടു. ഇൻഫ്രാറെഡ് ക്യാമറകളിൽ സ്ത്രീയെ കണ്ടെത്താനാകാത്ത അവസ്ഥയുണ്ടെന്ന് അവർ മനസ്സിലാക്കി. ശരീരത്തിന്റെ ചൂട് ഒപ്പ് എടുക്കാൻ കഴിയില്ലായിരുന്നു. കാരണം അവൾ ഒരു തടിയുടെ അടിയിൽ അഭയം തേടിയിരുന്നു.






# ലോകം നടുങ്ങും, പടിഞ്ഞാറ് തകരുമെന്ന് ബാബ വാംഗ



പശ്ചിമേഷ്യൻ രാജ്യമായ സിറിയ ഏറെ ചരിത്ര പ്രാധാന്യമുള്ള പ്രദേശമാണ്. പഴയ കാലത്ത് ശ്യാം എന്നാണ് മേഖല അറിയപ്പെട്ടിരുന്നത്. ഇസ്ലാമിക ചരിത്രങ്ങളിൽ ഈ പ്രദേശത്തെ ശ്യാം എന്നാണ് വിശേഷിപ്പിക്കുന്നത്. ക്രൈസ്തവ, മുസ്ലിം മത വിശ്വാസികൾക്ക് ഏറെ പ്രാധാന്യമുള്ള മണ്ണ് കൂടിയാണ് സിറിയയുടേത്. പുരാതന കാലത്ത് മേഖലയിലെ വാണിജ്യ കേന്ദ്രം കൂടിയായിരുന്നു സിറിയ.

പതിറ്റാണ്ടുകളായി സിറിയ പുകയുകയാണ്. പട്ടാള ഉദ്യോഗസ്ഥനായിരുന്ന ഹാഫിസുൽ അസദ് ഭരണം പിടിച്ചത് മുതൽ സാഹചര്യം കൂടുതൽ വഷളായി. 30 വർഷത്തോളം ഭരിച്ച ഹാഫിസ് മരിച്ചതോടെ 2000ത്തിലാണ് മകനും നേത്രരോഗ വിദഗ്ധനുമായ ബാഷർ അൽ അസദ് ഭരണം ഏറ്റെടുത്തത്. 24 വർഷം പിന്നിടുമ്പോൾ ജനകീയ പ്രതിഷേധത്തിന് മുമ്പിൽ ആയുധം വച്ച് ഓടി രക്ഷപ്പെട്ടിരിക്കുകയാണ് ബാഷർ. ഈ വേളയിൽ പാശ്ചാത്യ ലോകത്ത് ഏറെ ചർച്ചയാകുന്നത് ബാബ വാംഗയുടെ പ്രവചനമാണ്.

അറബ് വിപ്ലവം കൊടുമ്പിരികൊണ്ടത് 2011 ലാണ്. ടുണീഷ്യയിൽ തുടങ്ങി ഈജിപ്തും ലിബിയയും യമനും കടന്ന് സിറിയയിലെത്തിയപ്പോൾ ഒട്ടേറെ ഏകാധിപതികളുടെ ഇരിപ്പിടത്തിന് ഇളക്കം തട്ടിയരുന്നു. സൈനുൽ ആബിദീൻ ബിൻ അലി, ഹുസ്നി മുബാറക്, മുഅമ്മർ ഗദ്ദാഫി, അലി അബ്ദുല്ലാ സ്വാലിഹ് എന്നിവരെല്ലാം അധികാര കസേരയിൽ നിന്ന് എടുത്തെറിയപ്പെട്ടു.

വിപ്ലവ കാലത്ത് പിടിച്ചുനിന്നത് ബാഷർ അൽ അസദ് മാത്രമായിരുന്നു. പ്രതിഷേധങ്ങളെ അടിച്ചമർത്താനുള്ള ബാഷറിന്റെ തീരുമാനം വലിയ ആഭ്യന്തര യുദ്ധത്തിലേക്കും അഞ്ച് ലക്ഷത്തിലധികം പേരുടെ കൂട്ടക്കൊലകൾക്കും കാരണമായി. റഷ്യയും ഇറാനും സഹായിക്കാനെത്തിയതോടെ ബാഷറിന് അൽപ്പം മേൽക്കൈ വന്നു. വിമതരെ അടിച്ചൊതുക്കിയെങ്കിലും സമ്പൂർണ നിയന്ത്രണം പിടിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല.

രാജ്യം വിവിധ ഭാഗങ്ങളായി വിഭജിക്കപ്പെട്ടു. എങ്കിലും സർക്കാരിന് തന്നെയായിരുന്നു കൂടുതൽ പ്രദേശങ്ങളുടെ നിയന്ത്രണം. 2016ൽ വിമതരെ അടിച്ചൊതുക്കിയെന്ന് ബാഷർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ എട്ട് വർഷം പിന്നിടുമ്പോൾ വിമതർ വീണ്ടും തലപൊക്കി. ഇസ്രായേലിന് മുന്നിൽ പതറി ഇറാനും ഉക്രെയിൻ യുദ്ധം വെല്ലുവിളിയായി റഷ്യയും നിൽക്കുന്ന അവസരം വിമതർ മുതലെടുത്തു എന്ന് വേണം കരുതാൻ.

നവംബർ 27നാണ് വിമതർ വീണ്ടും സംഘടിച്ചതും മുന്നേറ്റം തുടങ്ങിയതും. സിറിയയിലെ രണ്ടാം നഗരമായ ആലപ്പോ വലിയ പ്രതിഷേധമില്ലാതെ പിടിച്ചടക്കാൻ അവർക്ക് സാധിച്ചപ്പോൾ തന്നെ ബാഷർ അൽ അസദിന് അപകടം മണത്തിരുന്നു. പത്താം ദിവസം വിമതർ തലസ്ഥാനമായ ഡമസ്കസ് പിടിച്ചു. ബാഷറും കുടുംബവും റഷ്യയിലേക്ക്പലായനംചെയ്തു. ഇനിഎന്ത്എന്ന ചോദ്യം ബാക്കിനിൽക്കുമ്പോഴാണ് പാശ്ചാത്യ രാജ്യങ്ങളിൽ ബാബ വാംഗയുടെ പ്രവചനം ചർച്ചയാകുന്നത്.

സിറിയ വീണു കഴിഞ്ഞാൽ, കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വലിയ യുദ്ധത്തിന് വഴി തുറക്കും. ആ യുദ്ധം പടിഞ്ഞാറിനെ തകർക്കും എന്നാണ് ബാബ വാംഗ പറഞ്ഞിട്ടുള്ളത്. മൂന്നാം ലോക യുദ്ധത്തിന്റെ തുടക്കമായി ഇതിനെ വിലയിരുത്തുന്നവരും ഉണ്ട്. സിറിയ വിജയിയുടെ കാൽക്കൽ വീഴുമെന്നും പക്ഷേ വിജയി ഒരാളായിരിക്കില്ലെന്നും വാംഗ പ്രവചിക്കുന്നു. 1996 ൽ മരിച്ച ബാബ വാംഗയുടെ പ്രവചനങ്ങൾ എപ്പോഴും ചർച്ചയാകാറുണ്ട്. അവരുടെ വാക്കുകൾ വിശകലനം ചെയ്തവരാണ് വാംഗ ഉദ്ദേശിച്ച സംഭവങ്ങൾ ഇപ്പോൾ നടക്കുന്നതാണ് എന്ന് പറയുന്നത്. ഈ പ്രവചനം ശരിയാണെങ്കിൽ വരുന്ന വർഷം സംഘർഷം നിറഞ്ഞതായിരിക്കുമെന്നാണ് കരുതേണ്ടത്.

# കാലിഫോർണിയയിൽ അബദ്ധത്തിൽ കുഞ്ഞിന്റെ വെടിയേറ്റ് അമ്മ മരിച്ചു

കാലിഫോർണിയ: കാലിഫോർണിയയിലെ അപ്പാർട്ട്മെന്റിൽ അബദ്ധത്തിൽ കുഞ്ഞിന്റെ വെടിയേറ്റ് അമ്മ മരിച്ചു. കുട്ടി തോക്ക് എടുത്ത് കളിച്ചുവെന്നും അബദ്ധത്തിൽ വെടിപൊട്ടിയെന്നുമാണ് പോലീസ് പറയുന്നത്. ഫ്രെസ്നോയിലെ പോലീസ് പറയുന്നതനുസരിച്ച് രണ്ടര വയസ്സുള്ള ആൺ കുട്ടി അമ്മയ്ക്കും കാമുകനുമൊപ്പം വീട്ടിലിരിക്കുമ്പോഴാണ് സംഭവം.

തോക്ക് കുട്ടിയുടെ അമ്മ ജെസിനിയ മിനയുടെ കാമുകൻ ആൻഡ്രൂ സാഞ്ചസിന്റേതാണെന്ന് അധികൃതർ പറഞ്ഞു. ശരീരത്തിന്റെ മുകൾ ഭാഗത്താണ് വെടിയേറ്റതെന്ന് പോലീസ് പറഞ്ഞു.

യുവതിയെ ചികിൽസയ്ക്കായി പ്രാദേശിക ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

സുരക്ഷാ സംവിധാനമില്ലാത്ത 9 എംഎം തോക്ക് കിടപ്പുമുറിയിൽ അലക്ഷ്യമായാണ് ആൻഡ്രൂ സാഞ്ചസൻ സൂക്ഷിച്ചതെന്ന് അധികൃതർ പറഞ്ഞു.

വെള്ളിയാഴ്ച കസ്റ്റഡിയിലെടുത്ത സാഞ്ചസിനെതിരെ കുട്ടികളെ അപായപ്പെടുത്തൽ, തോക്ക് കൈവശം വയ്ക്കൽ എന്നീ കുറ്റങ്ങൾ ചുമത്തി. സാഞ്ചസിനെ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു.

# കാനഡ ഫെഡറൽ കോടതിയിൽ അടിയന്തര ഹർജി ഫയൽ ചെയ്ത് ടിക് ടോക്ക്




ഒട്ടാവ: കാനഡയിലെ ഫെഡറൽ കോടതിയിൽ അടിയന്തര ഹർജി ഫയൽ ചെയ്ത് ടിക് ടോക്ക്. ദേശീയ സുരക്ഷാ പ്രശ്നങ്ങൾ മുൻനിർത്തി കമ്പനിയെ രാജ്യത്ത് നിരോധിച്ച ഉത്തരവിൽ ജുഡീഷ്യൽ പുനഃപരിശോധന ആവശ്യപ്പെട്ടാണ് ടിക് ടോക്കിന്റെ കനേഡിയൻ യൂണിറ്റ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

ഹർജിയിൽ കാനഡയിലെ ടിക് ടോക്കിന്റെ ബിസിനസ് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന സർക്കാർ ഉത്തരവ് റദ്ദാക്കണമെന്ന് കോടതിയോട് അഭ്യർത്ഥിച്ചു. അതേസമയം ടിക് ടോക്കിന്റെ കാനഡയിലെ ബിസിനസ് അവസാനിപ്പിക്കണമെന്ന തീരുമാനത്തിൽ സർക്കാർ ഉറച്ചുനിൽക്കുന്നതായി കാനഡയിലെ ഇന്നൊവേഷൻ, സയൻസ്, ഇൻഡസ്ട്രി മന്ത്രിയുടെ വക്താവ് പ്രസ്താവനയിൽ പറഞ്ഞു.

ഒരു ചൈനീസ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ആപ്പ് ആയതിനാൽ ഉപയോക്തൃ ഡാറ്റയിലേക്ക് ചൈനീസ് സർക്കാരിന് ആക്സസ് ഉണ്ടായിരിക്കുമെന്ന ആശങ്കയ്ക്ക് പിന്നാലെയാണ് ആപ്പ് നിരോധിച്ചത്. കാനഡയിൽ നിക്ഷേപം നടത്താനുള്ള ടിക് ടോക്കിന്റെ പദ്ധതിയെക്കുറിച്ച് ഒട്ടാവ കഴിഞ്ഞ വർഷം അന്വേഷണം ആരംഭിച്ചിരുന്നു.

എന്നാൽ ബിസിനസ്സ് അവസാനിപ്പിക്കുന്നത് നൂറുകണക്കിന് തൊഴിൽ നഷ്ടത്തിലേക്ക് നയിക്കുമെന്ന് ടിക് ടോക്ക് വാദിച്ചു. ടിക് ടോക്കിന് കാനഡയിൽ പ്രതിമാസം 14 ദശലക്ഷത്തിലധികം ഉപയോക്താക്കളുണ്ടെന്ന് കമ്പനി അറിയിച്ചു.

# ഉക്രൈനെതിരെ ഒറെഷ്നിക് മിസൈൽ റഷ്യ പ്രയോഗിച്ചേക്കും; യുഎസ് മുന്നറിയിപ്പ്



വാഷിംഗ്ടൺ: വരും ദിവസങ്ങളിൽ ഉക്രൈനെതിരെ വീണ്ടും മാരകമായ ഇന്റർമീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈൽ പ്രയോഗിക്കാൻ റഷ്യ തയ്യാറായേക്കുമെന്ന് യുഎസ് മുന്നറിയിപ്പ്. ഒറെഷ്നിക് എന്ന് വിളിക്കപ്പെടുന്ന ഈ മിസൈലിനെ യുദ്ധക്കളത്തിലെ ഒരു ഗെയിം ചേഞ്ചറായി യുഎസ് കണക്കാക്കുന്നില്ലെന്നും എന്നാൽ റഷ്യക്കാർ ഉക്രെയ്നെ ഭയപ്പെടുത്താൻ തങ്ങളുടെ ആയുധപ്പുരയിലുള്ള എല്ലാ ആയുധങ്ങളും ഉപയോഗിക്കാൻ ശ്രമിക്കുകയാണെന്നും പെന്റഗൺ വക്താവ് സബ്രീന സിംഗ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ഒരു പുതിയ ഇന്റലിജൻസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് യുഎസ് മുന്നറിയിപ്പ് നൽകുന്നതെന്നും എന്നാൽ റഷ്യ എവിടെ ആക്രമണം നടത്തിയേക്കാമെന്നത് ഉൾപ്പെടെയുള്ള മറ്റ് വിശദാംശങ്ങളൊന്നും നൽകാൻ തനിക്ക് കഴിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യോമാക്രമണങ്ങളിൽ നിന്ന് രാജ്യത്തെ സംരക്ഷിക്കാൻ രൂപകൽപ്പന ചെയ്ത അധിക വ്യോമ പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പെടെ ഉക്രെയ്നെ പിന്തുണയ്ക്കുന്നത് യുഎസ് തുടരുമെന്ന് സിംഗ് പറഞ്ഞു.

ദിവസങ്ങൾക്ക് മുമ്പ് വ്യോമ പ്രതിരോധത്തിനുള്ള യുദ്ധോപകരണങ്ങൾ ഉൾപ്പെടെ ഉക്രെയ്നിന് 1 ബില്യൺ ഡോളറിന്റെ പുതിയ സുരക്ഷാ സഹായം യുഎസ് വാഗ്ദാനം ചെയ്തിരുന്നു.



# പുരുഷനും അന്തസുണ്ട്; കള്ള പീഡനക്കേസ് പറ്റില്ല, സുപ്രീംകോടതിയും ഹൈക്കോടതിയും

ന്യൂഡൽഹി/കൊച്ചി: വ്യാജ സ്ത്രീധന പീഡനക്കേസ് തള്ളി സുപ്രീംകോടതിയും പീഡനക്കേസിൽ നടൻ ബാലചന്ദ്രമേനോന് മുൻകൂർ ജാമ്യം അനുവദിച്ച് ഹൈക്കോടതിയും ഇന്നലെ നടത്തിയ സമാന നിരീക്ഷണം ശ്രദ്ധേയമായി.

സ്ത്രീക്ക് മാത്രമല്ല, പുരുഷനും അന്തസും അഭിമാനവുമുണ്ടെന്നാണ് ഹൈക്കോടതി പറഞ്ഞത്. സ്ത്രീധന പീഡനത്തിനെതിരായ നിയമം ഭർത്താവിനും വീട്ടുകാർക്കുമെതിരെ പ്രതികാരത്തിന് ദുരുപയോഗപ്പെടുത്താൻ അനുവദിക്കില്ലെന്നായിരുന്നു സുപ്രീംകോടതി ഉത്തരവ്.

ബാലചന്ദ്രമേനോൻ രാജ്യം പദ്മശ്രീ നൽകി ആദരിച്ച വ്യക്തിയാണെന്നും രണ്ട് ദേശീയ അവാർഡുകൾ നേടിയിട്ടുണ്ടെന്നും ജാമ്യമനുവദിച്ച് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ വ്യക്തമാക്കി. ആലുവ സ്വദേശിയായ നടിയുടെ പരാതി 17 വർഷം വൈകി നൽകി എന്നത് കണക്കിലെടുക്കേണ്ട വസ്തുതയാണെന്നും നിരീക്ഷിച്ചു.

സ്ത്രീധന പീഡനത്തിനെതിരായ നിയമത്തിന്റെ (498 എ വകുപ്പ്) ദുരുപയോഗം വ്യാപകമാണെന്നും കീഴ്ക്കോടതികൾ ജാഗ്രത പാലിക്കണമെന്നും ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, എൻ. കോട്ടീശ്വർ സിംഗ്




എന്നിവരടങ്ങിയ സുപ്രീംകോടതി ബെഞ്ച് നിർദ്ദേശിച്ചു. വ്യക്തമായ തെളിവുകളില്ലാതെ ആരോപണങ്ങളുടെ പേരിൽ മാത്രം വകുപ്പ് ചുമത്തരുത്. തെറ്റുചെയ്യാത്ത കുടുംബാംഗങ്ങളെയും ദ്രോഹിക്കാൻ നിയമം ദുരുപയോഗം ചെയ്യുന്നുണ്ട്.

തെലങ്കാനയിൽ ഭർത്താവിനും വീട്ടുകാർക്കുമെതിരെ ഭാര്യ നൽകിയ കേസ് റദ്ദാക്കിയാണ് ഉത്തരവ്. പകവീട്ടാനുള്ള ഉപകരണമാക്കി നിയമത്തെ മാറ്റുന്നു. അന്യായമായ ആവശ്യങ്ങൾ നിറവേറ്റിക്കിട്ടാനും ചില സ്ത്രീകൾ വകുപ്പിനെ ഉപയോഗിക്കുന്നു. ആരോപണങ്ങൾ കോടതികൾ കൃത്യമായി പരിശോധിക്കണം. ഇല്ലെങ്കിൽ ഇത്തരം തന്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാകും.

### നിശബ്ദരാകണമെന്നല്ല

1. ക്രൂരത അനുഭവിക്കുന്ന സ്ത്രീകൾ പ്രതികരിക്കരുതെന്നോ പരാതി നൽകരുതെന്നോ അല്ല പറയുന്നതെന്ന് സുപ്രീംകോടതി

2. സ്ത്രീധന പീഡനം തടയാൻ ഭരണകൂടത്തിന്റെ അടിയന്തര ഇടപെടലിനാണ് വ്യവസ്ഥ കൊണ്ടുവന്നതെന്ന് മനസിലാക്കണം

### മറ്റൊരാൾക്കൊപ്പം പോയിട്ട് കള്ളക്കേസ്

തെലങ്കാനയിലെ കേസിൽ, കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ടെന്നും പരസ്ത്രീ ബന്ധമുണ്ടെന്നുമാണ് ഭാര്യയുടെ പരാതി. ഇത് കളവാണെന്ന ഭർത്താവിന്റെ വാദം അംഗീകരിച്ചു. ഒരു ദിവസം ഒന്നും പറയാതെ വീട്ടിൽ നിന്ന് ഭാര്യ ഇറങ്ങിപ്പോയി.

മറ്റൊരാളുമായി ജീവിക്കുകയാണെന്നറിഞ്ഞ് വിളിച്ചു കൊണ്ടുവന്നു. പത്തു ദിവസം തുടർച്ചയായി ഫോണിൽ സംസാരിച്ച് അടുപ്പത്തിലായ ആളുടെ അടുത്തേക്ക് പോയതാണെന്നും ആവർത്തിക്കില്ലെന്നും ഭാര്യ ഉറപ്പുനൽകി. എന്നാൽ വീണ്ടും തന്നെയും കുട്ടികളെ അടക്കം ഉപേക്ഷിച്ചുപോയി. ഇതോടെ വിവാഹമോചനത്തിന് വക്കീൽ നോട്ടീസ് അയച്ചു. പിന്നാലെയാണ് സ്ത്രീധനപീഡനക്കേസ് എന്ന് ഭർത്താവ് ബോധിപ്പിച്ചു. ഈ വാദം ശരിയാണെന്ന് ഉറപ്പുവരുത്തിയാണ് സുപ്രീംകോടതി കേസ് റദ്ദാക്കിയത്.


### ഐ.പി.സി 498 എ; 3 വർഷം തടവ്, പിഴ

ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഈ വകുപ്പ് ഭാരതീയ ന്യായസംഹിതയിൽ 85,86 വകുപ്പുകളായി. ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും മാനസികവും ശാരീരികവുമായ ക്രൂരതയ്ക്ക് മൂന്നുവർഷം തടവും പിഴയും വ്യവസ്ഥ ചെയ്യുന്നു.









# ഗുരുവായൂരിലെ പൂജകൾ മാറ്റരുത്: സുപ്രീംകോടതി

ന്യൂഡൽഹി: ഗുരുവായൂർ ക്ഷേത്രത്തിലെ പൂജകളുടെ സമയത്തിലോ ക്രമത്തിലോ മാറ്റം വരുത്തരുതെന്ന്സുപ്രീംകോടതിനിർദേശം.വൃശ്ചികത്തിലെ ഏകാദശി നാളായ ഇന്നലെ നടത്തേണ്ടിയിരുന്ന ഉദയാസ്തമയ പൂജ തുലാം മാസത്തിലേക്ക് മാറ്റിയ പശ്ചാത്തലത്തിലാണ് കോടതി ഇടപെടൽ.

പൂജയുടെ സമയം കഴിഞ്ഞ സാഹചര്യത്തിൽ അക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് കോടതി പറഞ്ഞു. ക്ഷേത്ര വെബ്സൈറ്റിലെ ദിവസ പൂജകളുടെ ചാർട്ടിൽ മാറ്റം വരുത്തുകയോ, ഒഴിവാക്കുകയോ ചെയ്യരുതെന്ന് ദേവസ്വത്തിന് കർശന നിർദ്ദേശം നൽകി.

ആചാരങ്ങൾ അതേപടി തുടരണമായിരുന്നുവെന്ന് ജസ്റ്റിസുമാരായ ജെ.കെ. മഹേശ്വരി, രാജേഷ് ബിൻഡൽ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. പൂജ ദേവന്റെ ചൈതന്യം വർദ്ധിപ്പിക്കാനാണ്. അത് ദേവന്റെ അവകാശമാണ്. തിരക്കു കാരണം ജനങ്ങൾക്കുണ്ടാവുന്ന ബുദ്ധിമുട്ടാണ് ഗുരുവായൂർ ദേവസ്വം കാരണമായി പറയുന്നത്. അതിനു മറ്റു വഴികളാണ് നോക്കേണ്ടത്.

ദേവസ്വം മാനേജിംഗ് കമ്മിറ്റി, ക്ഷേത്ര തന്ത്രി, സംസ്ഥാന സർക്കാർ തുടങ്ങിയ എതിർകക്ഷികൾക്ക് നോട്ടീസ് അയക്കാൻ ഉത്തരവിട്ടു. നാലാഴ്ചയ്ക്കകം മറുപടി സമർപ്പിക്കണം.

തന്ത്രി കുടുംബമായ പുഴക്കര ചേന്നാസ് ഇല്ലത്തെ അംഗങ്ങളാണ് സുപ്രീം കോടതിയെ സമീപിച്ചത്. ദേവസ്വം തീരുമാനത്തെ തന്ത്രി അനുകൂലിച്ചെങ്കിലും കുടുംബത്തിലെ ഒരു വിഭാഗം എതിർക്കുകയാണ്. പൂജ മാറ്റുന്നത് ആചാരലംഘനമാണെന്ന് തന്ത്രി കുടുംബത്തിന് വേണ്ടി അഭിഭാഷകരായ സി.എസ്. വൈദ്യനാഥൻ, എ. കാർത്തിക് എന്നിവർ ചൂണ്ടിക്കാട്ടി. മാറ്റം വരുത്തണമെങ്കിൽ അഷ്ടമംഗല്യപ്രശ്നം വയ്ക്കേണ്ടതല്ലേയെന്ന് കോടതി ചോദിച്ചു. തന്ത്രിയുടെ അഭിപ്രായം അറിഞ്ഞശേഷമാണ് മാറ്റിയതെന്ന് ദേവസ്വം അറിയിച്ചെങ്കിലും കോടതി അംഗീകരിച്ചില്ല. തന്ത്രിക്ക് ഏകപക്ഷീയമായി തീരുമാനമെടുക്കാൻ കഴിയുമോയെന്ന് കോടതി ചോദിച്ചു.

# റോഡിൽ റീൽസ് വേണ്ട, കർശന നടപടി: മനുഷ്യാവകാശ കമ്മിഷൻ

കോഴിക്കോട്: ബീച്ച് റോഡിൽ റീൽസ് ചിത്രീകരിക്കുന്നതിനിടയിൽ വീഡിയോഗ്രാഫർ കാറിടിച്ച് മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

കോഴിക്കോട് ബീച്ചിൽ യുവാവ് മരിക്കാനിടയായ സംഭവത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ച് അന്വേഷണം നടത്തി കോഴിക്കോട് പൊലീസ് കമ്മിഷണറും നാലാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മിഷൻ നിർദ്ദേശിച്ചു. സമൂഹമാദ്ധ്യമത്തിൽ ജനപ്രീതിയുണ്ടാക്കാൻ അപകടകരമായ നിലയിൽ റീലുകൾ ചിത്രീകരിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു. ഇത്തരം സംഭവങ്ങൾ വാഹനങ്ങൾ ഓടിക്കുന്നവർക്കും കാൽനടയാത്രക്കാർക്കും ഭീഷണിയാണ്.


ഗതാഗത നിയമങ്ങൾ കാറ്റിൽ പറത്തി അപകടകരമായി വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കെ.ബൈജുനാഥ് സംസ്ഥാന പൊലീസ് മേധാവിക്ക് നിർദ്ദേശം നൽകി. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ അഡ്വ. വി.ദേവദാസ് സമർപ്പിച്ച പരാതിയിലാണ് കമ്മിഷന്റെ ഇടപെടൽ.

# ഹേമ കമ്മിറ്റിക്ക് നൽകിയ മൊഴിയിൽ തിരിമറി നടന്നെന്ന് സംശയമെന്ന് നടി

ന്യൂഡൽഹി : ജസ്റ്റിസ് ഹേമ കമ്മിറ്റിക്ക് നൽകിയ മൊഴിയിൽ തിരിമറി നടന്നെന്ന് സംശയം പ്രകടിപ്പിച്ച് മലയാള സിനിമാ നടി സുപ്രീംകോടതിയെ സമീപിച്ചു. റിപ്പോർട്ടിലെ ഇരകളുടെ മൊഴിയിൽ കേസെടുക്കണമെന്ന ഹൈക്കോടതി ഉത്തരവിനെതിരെ നിർമ്മാതാവ് സജിമോൻ പാറയിൽ സമർപ്പിച്ച ഹർജിയിൽ കക്ഷി ചേരാൻ അപേക്ഷ സമർപ്പിച്ചു. ഹേമ റിപ്പോർട്ട് പുറത്തുവിടരുതെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ച നടിയാണെന്നാണ് സൂചന.

പ്രത്യേക അന്വേഷണസംഘം ഇതുവരെ തന്നെ സമീപിച്ചിട്ടില്ല. മൊഴിയുടെ രഹസ്യാത്മകത സൂക്ഷിക്കുമെന്നായിരുന്നു വിശ്വാസം. തന്റെ സ്വകാര്യതയെ കുറിച്ച് ഇപ്പോൾ ആശങ്കയുണ്ടെന്നും നടി പറയുന്നു. ഹർജി ഇന്ന് ജസ്റ്റിസുമാരായ വിക്രംനാഥ്, പ്രസന്ന ബി.വരാലെ എന്നിവരടങ്ങിയ ബെഞ്ച് പരിഗണിക്കും.

മൊഴി ആവശ്യപ്പെട്ട് അന്വേഷണസംഘം നിരന്തരം ബുദ്ധിമുട്ടിക്കുന്നെന്ന് ആരോപിച്ച് നടി മാലാ പാർവതി നൽകിയ ഹർജിയും പരിഗണിക്കും. സമാന വാദങ്ങളുന്നയിച്ച് വനിതാ മേക്കപ്പ് ആർട്ടിസ്റ്റും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.












# മാടായി കോളേജ് നിയമന വിവാദം: എം.കെ. രാഘവൻ എം.പി.ക്കെതിരെ നിലപാട് ശക്തമാക്കി കണ്ണൂർ ഡി.സി.സി.

കണ്ണൂർ: മാടായി കോളേജ് നിയമനവിവാദം കെ.പി.സി.സി അദ്ധ്യക്ഷന്റെ തട്ടകമായ കണ്ണൂരിലെ കോൺഗ്രസിൽ വൻ പൊട്ടിത്തെറിക്കിടയാക്കുന്നു. ഡി.സി.സി നേതൃത്വം പ്രാദേശിക പ്രവർത്തകരുടെ വികാരത്തിനൊപ്പം നിന്നതോടെ പോര് എം.കെ.രാഘവൻ എം.പിയും കണ്ണൂരിലെ കോൺഗ്രസും തമ്മിലായിട്ടുണ്ട്. പ്രവർത്തകരുടെ വികാരം കണക്കിലെടുക്കാതെയുള്ള രാഘവന്റെ നീക്കത്തിൽ ഡി.സി.സി. നേതൃത്വം കെ.പി.സി.സിയെ അതൃപ്തി അറിയിച്ചു. പുതിയ വിവാദം കണ്ണൂരിൽ എ ഗ്രൂപ്പിനെ ശക്തമാക്കുന്നതിലേക്ക് നീങ്ങുകയാണ്.



പയ്യന്നൂർ മേഖലയിൽ പാർട്ടി സംവിധാനം പ്രതിസന്ധിയിലാണെന്നും എം.കെ രാഘവൻ എം.പിക്ക് ഒപ്പമുള്ള കോളേജ് ഡയറക്ടർമാർക്കെതിരെ നടപടിയെടുത്തത് മതിയായ കാരണം കൊണ്ടാണെന്നുമാണ് കെ.പി.സി.സിക്ക് ഡി.സി.സി നൽകിയ വിശദീകരണം. കോളേജ് ഭരണസമിതി സംഘടനാതാല്പര്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചെന്ന് സംഘടന ജനറൽ സെക്രട്ടറിക്ക് അയച്ച കത്തിൽ ഡി.സി.സി പ്രസിഡന്റ് വിശദീകരിച്ചിട്ടുണ്ട്.

രാഘവനെതിരെ പ്രതിഷേധിച്ചതിന് നടപടി നേരിട്ട കുഞ്ഞിമംഗലത്തെ കോൺഗ്രസ് നേതാക്കൾ ഇന്നലെ പ്രതിപക്ഷ നേതാവ് വി.ഡി സതീശനെ കണ്ടിരുന്നു. പ്രാദേശിക പ്രശ്നം കെ.പി.സി.സി ഇടപ്പെട്ട് സംസാരിച്ച് തീർക്കുമെന്നാണ് സതീശൻ മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞത്.

### ധനേഷിന്റെ അംഗത്വ രസീത് പുറത്ത്

എം.കെ. രാഘവൻ എം.പി ചെയർമാനായ മാടായി കോളേജിൽ അദ്ദേഹത്തിന്റെ ബന്ധുവായ എം.കെ.ധനേഷ് എന്ന സി.പി.എം പ്രവർത്തകന് ജോലി നൽകിയെന്നാരോപിച്ചാണ് പ്രതിഷേധം പുകയുന്നത്. അതേ സമയം ധനേഷ് 2021ൽ കോൺഗ്രസിൽ ചേർന്നെന്നാണ് രാഘവൻ അനുകൂലികളുടെ വാദം.

2021 ജനുവരി നാലിന് കുഞ്ഞിമംഗലം കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ഒപ്പിട്ട് നൽകിയ അംഗത്വ രസീത് പുറത്തു വിട്ടാണ് ഈ വാദത്തെ ബലപ്പെടുത്തുന്നത്. എന്നാൽ പ്രാദേശികമായ എതിർപ്പിനെ തുടർന്ന് അംഗത്വം അപ്പോൾ തന്നെ റദ്ദാക്കിയെന്നാണ് മണ്ഡലം പ്രസിഡന്റ് കെ.വിജയന്റെ പ്രതികരണം.

### പഴയങ്ങാടിയിലും പയ്യന്നൂരിലും ഏറ്റുമുട്ടി കോൺ.പ്രവർത്തകർ

എം.കെ.രാഘവൻ എം.പി ചെയർമാനായ പയ്യന്നൂർ കോ-ഓപറേറ്റീവ് എഡ്യുക്കേഷൻ സൊസൈറ്റിക്ക് കീഴിലുള്ള മാടായി കോളേജിൽ ബന്ധുവായ ഡി.വൈ.എഫ്.ഐ പ്രവർത്തകന് നിയമനം നൽകിയ സംഭവത്തിലെ പ്രതിഷേധം തെരുവിലേക്ക്. നിയമനത്തിന് അനുകൂലമായി നിന്ന കോളേജ് ഡയറക്ടർ ബോർഡംഗവും പയ്യന്നൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റുമായ കെ.ജയരാജിനെ പയ്യന്നൂരിലെ ഒരു പരിപാടിയിൽ ഒരു വിഭാഗം കോൺഗ്രസ് പ്രവർത്തകർ ചോദ്യം ചെയ്തു.

പിന്നാലെ, പഴയങ്ങാടിയിൽ എം.കെ.രാഘവനെ അനുകൂലിക്കുന്ന പ്രവർത്തകരും നിയമനത്തിൽ പ്രതിഷേധമുള്ള പ്രവർത്തകരും ഏറ്റുമുട്ടി. പഴയങ്ങാടിയിൽ ഇന്നലെ വൈകിട്ട് അഞ്ചോടെ എം.കെ. രാഘവനെ അനുകൂലിച്ച് എ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പഴയ മാടായി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പരിസരത്തു നിന്ന് ആരംഭിച്ച പ്രകടനത്തെ ഒരു വിഭാഗം പ്രവർത്തകർ തടഞ്ഞതോടെയാണ് കൈയാങ്കളിയിലെത്തിയത്. പ്രവർത്തകർ തമ്മിൽ ഉന്തും തള്ളും കൈയേറ്റവും നടന്നു. പൊലീസ് എത്തിയാണ് ഇരു വിഭാഗത്തെയും മാറ്റിയത്.

കോളേജിനെയുംഎം.കെ.രാഘവനെയും ഇല്ലാതാക്കാനുള്ള ഗൂഢശ്രമമാണ് നടക്കുന്നതെന്ന് ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ.ബ്രിജേഷ് കുമാർ ആരോപിച്ചു. കോൺഗ്രസിന്റെ മേൽനോട്ടത്തിലുള്ള സ്ഥാപനത്തിൽ ഡി.വൈ.എഫ്.ഐക്കാർക്ക് നിയമനം കൊടുത്തതിൽ മാത്രമാണ് തങ്ങളുടെ പ്രതിഷേധമെന്ന് രാഘവനെതിരെ പരസ്യമായി പ്രതിഷേധിച്ചതിന് സസ്പെൻഷനിലായ കുഞ്ഞിമംഗലം മണ്ഡലം കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.വി.സതീഷ് കുമാറും പറഞ്ഞു.












# ജനങ്ങളുടെ മുതുകിൽ ആവർത്തിത 'ഷോക്ക്'





ബാബു കദളിക്കാട്

ഏതു മുന്നണി ഭരിച്ചാലും വൈദ്യുതിക്കും വെള്ളത്തിനും കേരളത്തിൽ വില കൂടിവരുമെന്ന തിരിച്ചറിവ് ഏറെക്കാലമായി കേരള ജനതയ്ക്കുണ്ട്. നിരക്കുവർദ്ധനയ്ക്കെതിരെ സമരാനുഷ്ഠാനവും പതിവ്. പക്ഷേ, ബിൽ തുക ഉയർത്തുന്ന വൈദ്യുതി ബോർഡിന്റെ ഇത്തവണത്തെ ഷോക്ക് ചികിത്സ സമരകോലാഹലത്തിലേക്കല്ല ആക്ഷേപഹാസ്യത്തിന്റെ പാരമ്യത്തിലെത്തിയ തീവ്ര ചർച്ചകളിലേക്കാണു പുരോഗമിക്കുന്നത്.

അഴിമതിയും ധൂർത്തും ആസൂത്രണമില്ലായ്മ മൂലമുണ്ടാകുന്ന പാഴ്ച്ചെലവുകളും നേരിടാനുള്ള എളുപ്പവഴിയായിട്ടാണ് കൂടെക്കൂടെയുള്ള നിരക്കുവർദ്ധനയെന്ന ആരോപണം പ്രതിരോധിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും ഭരണാനുകൂല വാദികൾക്കും ആകുന്നില്ല. 2016ൽ പിണറായി സർക്കാർ അധികാരമേറ്റതിനു ശേഷം അഞ്ചാം തവണയാണ് വൈദ്യുതി നിരക്കുയർത്തിയിരിക്കുന്നത്. യൂണിറ്റിനു കാർഷിക മേഖലയിലുൾപ്പെടെ 16 പൈസ കൂട്ടി. അടുത്ത വർഷം 12 പൈസ കൂടി വർധിപ്പിക്കാനും ഇപ്പോഴേ തീരുമാനമായിട്ടുണ്ട്.

പെട്ടിക്കടക്കാർക്കു മുതൽ വൻകിട വ്യവസായ സംരംഭങ്ങൾക്കു വരെ ഈ വില വർധനവിന്റെ പ്രഹരമേൽക്കും. അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിലായി നിരക്ക് വർധനയിലൂടെ ജനങ്ങളിൽ നിന്ന് 850-900 കോടി രൂപ ഊറ്റിയെടുക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്നും സർക്കാരിന്റെ നയവൈകല്യവും കെ.എസ്.ഇ.ബിയിലെ അഴിമതിയും അനാസ്ഥയും സൃഷ്ടിച്ച നഷ്ടം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാണ് സർക്കാർ തയ്യാറായിരിക്കുന്നതെന്നും പ്രതിപക്ഷം കുറ്റപ്പെടുത്തുന്നു.

മറ്റു സംസ്ഥാനങ്ങളെല്ലാം വൈദ്യുതി നിരക്ക് കുറച്ചുകൊണ്ടിരിക്കെ കേരളത്തിൽമാത്രമാണ് കുത്തനെ ഉയർത്തി വരുന്നത്. സമീപകാലത്ത് നിയമസഭാ തിരഞ്ഞെടുപ്പു നടന്ന സംസ്ഥാനങ്ങളിലെല്ലാം സാധാരണ കുടുംബങ്ങൾക്ക് നിശ്ചിത യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകുമെന്ന വാഗ്ദാനം നൽകപ്പെട്ടു. മുൻപ് ഡൽഹിയിൽ ആംആദ്മി 15 വർഷത്തെ കോൺഗ്രസ് ഭരണം തകർത്തത് വെള്ളവും വെളിച്ചവും ബസ് യാത്രയും സൗജന്യനിരക്കിൽ നൽകുമെന്ന പ്രഖ്യാപനത്തിലൂടെയായിരുന്നു.

പിന്നീട് തിരഞ്ഞെടുപ്പ് നടന്ന പല സംസ്ഥാനങ്ങളിലും ഈ മാതൃക ആവർത്തിച്ചു പാർട്ടികൾ. കേരളത്തിൽ വൈദ്യുതി ഉത്പാദനം കൂട്ടാൻ യാതൊരു നടപടിയും സ്വീകരിക്കാതെ അമിതവിലയ്ക്ക് പുറത്തുനിന്നു വൈദ്യുതി വാങ്ങി ആ ഭാരം അപ്പാടെ ഉപഭോക്താവിന്റെ തലയിൽ കെട്ടിവയ്ക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർധന മുതൽ നിരവധി കാരണങ്ങളാൽ ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ ബുദ്ധിമുട്ടുന്ന സാധാരണക്കാരന് ഏറ്റവും കനത്ത തിരിച്ചടിയായി മാറുകയാണ് വൈദ്യുതി നിരക്ക് വർധന.

മാർച്ച് വരെയുള്ള കാലത്ത് ഇപ്പോഴത്തെ വർധന വഴി ബോർഡിന് അധികമായി ലഭിക്കുന്നത് 408 കോടി രൂപ. ഏപ്രിലിൽ പ്രാബല്യത്തിലാകുന്ന വർദ്ധനയിലൂടെ 695 കോടിയും. 800 കോടിയോളം രൂപയുടെ അധിക വരുമാനം ലഭിക്കത്തക്ക വിധം വർദ്ധന ആവശ്യപ്പെട്ടിരുന്നു ഇലക്ട്രിസിറ്റി ബോർഡ്. അത്രയും പോകാൻ റഗുലേറ്ററി കമ്മിഷൻ അനുവദിച്ചില്ല. 800 കോടി അധികം ലഭിച്ചാലും ബോർഡ് നഷ്ടത്തിൽ നിന്ന് കരകയറാൻപോകുന്നില്ലെന്നു വ്യക്തം. ബോർഡ് തന്നെ തയ്യാറാക്കിയിട്ടുള്ള കണക്കുപ്രകാരം ഈ വർഷം നഷ്ടം 1370 കോടി രൂപയാകും. അടുത്ത വർഷം 1108 കോടിയുടെയും പിന്നത്തെ വർഷം 1065 കോടിയുടെയും നഷ്ടവും കണക്കാക്കുന്നു.

ആ നിലയ്ക്ക് ഇപ്പോഴത്തെ നിരക്കുവർദ്ധനയിലൂടെയും ബോർഡ് രക്ഷപ്പെടില്ല. 45000 കോടി രൂപയാണ് കെ.എസ്.ഇ.ബിയുടെ നിലവിലെ സഞ്ചിത നഷ്ടം. ഇങ്ങനെ പോയാൽ ശമ്പളം നൽകാൻ പോലും കഴിയാത്തവിധം കെ.എസ്.ഇ.ബി മറ്റൊരു കെ.എസ്.ആർ.ടി.സിയായി മാറുമെന്ന് സി.എം.ഡി ബിജു പ്രഭാകർ ഈയിടെ പറഞ്ഞിരുന്നു.

നിരക്കുവർദ്ധന നാമമാത്രമാണെന്നാണ് സർക്കാരിന്റെ അവകാശവാദം. പക്ഷേ, 'നാമമാത്രം' എല്ലാവർഷവുമാകുമ്പോൾ ഉണ്ടാകാവുന്ന വലിയ ഭാരത്തെക്കുറിച്ച് സർക്കാർ ഓർക്കുന്നില്ല.

സർക്കാരിന് കീഴിൽ സ്വതന്ത്ര റിപ്പബ്ളിക്കായി പ്രവർത്തിക്കുന്ന ബോർഡ് അതിന്റെ കുഴി സ്വയം തോണ്ടുന്നതു തുടരുന്നു. വൈദ്യുത ഉത്പാദനം, വിതരണം എന്നിവയിലും ഹരിത ഊർജ്ജ ഉത്പാദനത്തിലും രാജ്യം ആഗോളമികവ് നേടുമ്പോഴാണ് കേരളത്തിൽ പിൻഗമനം. 2023 ഡിസംബറിൽ രാജ്യത്ത് സൗരോർജ്ജ സ്ഥാപിത ശേഷി ഏകദേശം 73.31 ജിഗാവാട്ടിൽ എത്തി. 2023 ഡിസംബറിലെ കണക്കനുസരിച്ച് മേൽക്കൂര സോളാർ സ്ഥാപിത ശേഷി 11.08 ജിഗാവാട്ട് ആണ്.

മൊത്തം സൗരോർജ്ജ ശേഷിയുടെ കാര്യത്തിൽ 18.7 ജിഗാവാട്ടുമായി രാജസ്ഥാൻ ആണ് സംസ്ഥാനങ്ങളിൽ മുന്നിൽ. 10.5 ജിഗാവാട്ടുമായി ഗുജറാത്ത് രണ്ടാം സ്ഥാനത്ത്. റൂഫ്ടോപ്പ് സോളാർ കപ്പാസിറ്റിയുടെ കാര്യത്തിൽ, ഗുജറാത്ത് 2.8 ജിഗാവാട്ടുമായി പട്ടികയിൽ ഒന്നാം സ്ഥാനത്തും മഹാരാഷ്ട്ര 1.7 ജിഗാവാട്ടുമായി രണ്ടാം സ്ഥാനത്തുമാണ്. ഇതൊന്നും ഉൾക്കൊള്ളാനുള്ള ഭാവനാശേഷി പോലും കേരളത്തിൽ ദൃശ്യമല്ല. ഭരണാധികാരികൾ തങ്ങളുടെ അനാസ്ഥയുടെ പാപഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു.

യൂണിറ്റിന് മാർച്ച് വരെയുള്ള കാലത്തേക്ക് 16 പൈസയുടെ വർദ്ധനവാണ് വരുത്തിയിരിക്കുന്നതെന്നു പറയുമ്പോഴും മറ്റു നിരക്കുകൾ കൂടി ഇതിനൊപ്പം കൂടുമെന്നതിനാൽ മൊത്തത്തിലുള്ള വർദ്ധന കൂടാനാണ സാധ്യത. പ്രതിമാസം 300 യൂണിറ്റ് ഉപയോഗിക്കുന്നയാൾക്ക് രണ്ടുമാസത്തെ നിരക്ക് ഇപ്പോഴത്തെ 4612 രൂപയിൽ നിന്ന് 4791 രൂപയായാണ് കൂടുന്നത്. ഡ്യൂട്ടിയിലും ഫിക്സഡ് ചാർജിലുമൊക്കെ വർദ്ധനയുണ്ടാകും. വർഷങ്ങളായി ഈടാക്കിക്കൊണ്ടിരിക്കുന്ന മീറ്റർ വാടക പോലും വേണ്ടെന്നുവയ്ക്കാൻ ബോർഡ് തയാറാകുന്നില്ല. 40 യൂണിറ്റുവരെ ഉപയോഗിക്കുന്ന ദരിദ്രവിഭാഗങ്ങളെ നിരക്കുവർദ്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നാണ് അവകാശവാദം. സംസ്ഥാനത്ത് ഈ ഗണത്തിൽ വരുന്ന എത്ര ഉപഭോക്താക്കളുണ്ടെന്ന കണക്ക് അജ്ഞാതം.

ഇതിനിടെ, ഉപഭോക്താക്കളിൽനിന്ന് ടിഒഡി അഥവാ ടൈം ഓഫ് ഡേ ഈടാക്കാനുള്ള വൈദ്യുതി ബോർഡിന്റെ തീരുമാനം ബാധിക്കുക 7.90 ലക്ഷം പേരെയായിരിക്കും. പ്രതിമാസം 250 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ടിഒഡി ബാധകമാവും. 20 കോടിയിലധികം രൂപയാണ് കെ.എസ്.ഇ.ബിക്കു ചെലവ് വരിക. ഈ തുക മീറ്റർ വാടകയായി ഉപയോക്താക്കൾ നൽകണം. രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെയുള്ള വൈദ്യുതി ഉപയോഗത്തിന് നിരക്കിൽ 10% ഇളവ് ലഭിക്കുമെന്ന നേട്ടമുണ്ടെങ്കിലും വൈദ്യുതി ഉപയോഗം കൂടിയ വൈകിട്ട് ആറ് മുതൽ രാത്രി 10 വരെ 25% അധിക നിരക്ക് നൽകേണ്ടി വരും.

നിരക്കു വർദ്ധനയ്ക്കു മുൻപ് ഇത് 20% ആയിരുന്നു. നിലവിൽ ടി.ഒ.ഡി ബില്ലിംഗിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ വർദ്ധന ബാധകമാകും. നിലവിൽ 250 യൂണിറ്റിലധികം വൈദ്യുതി ഉപയോഗിക്കുന്ന അഞ്ച് ലക്ഷത്തോളം ഉപയോക്താക്കളുടെ വീട്ടിൽ ടി.ഒ.ഡി മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവർക്ക് സ്ലാബ് അനുസരിച്ചുള്ള (ടെലിസ്കോപിക്) ബിൽ ആണ് നൽകിയിരുന്നത്. ഈ മീറ്ററിലെ പ്രോഗ്രാമിംഗ് മാറ്റിയാൽ ടി.ഒ.ഡി ബിൽ നൽകാനാകും.

## വെറും നാലിലൊന്ന് തമിഴ്നാട്ടിലെ ബിൽ

കേരളത്തിൽ 500 യൂണിറ്റ് ഉപയോഗിക്കുന്ന വീട്ടുകാർക്ക് രണ്ടു മാസത്തിലൊരിക്കൽ 8772 രൂപയുടെ ബില്ല് വരുമ്പോൾ, തമിഴ്നാട്ടിൽ ഇത്രയും വൈദ്യുതിക്ക് ഈടാക്കുന്നത് വെറും 2360 രൂപ മാത്രമെന്ന കണക്കും ഇതിനിടെ പുറത്തുവന്നു. നിരക്കിലെ വ്യത്യാസത്തിനു പുറമേ, കേരളത്തിൽ അമിത നിരക്ക് ഈടാക്കാൻ പ്രയോഗിക്കുന്ന തന്ത്രമാണ് ഈ വ്യത്യാസത്തിനു കാരണം. കേരളത്തിൽ ആദ്യത്തെ അമ്പത് യൂണിറ്റിന് നിരക്ക് 3.15 രൂപയാണ്. അടുത്ത അമ്പത് യൂണിറ്റിന് 3.95 രൂപയും. അമ്പത് കഴിഞ്ഞ് ഉപയോഗിക്കന്ന യൂണിറ്റിന് മാത്രം അധിക നിരക്ക് കൊടുത്താൽ മതി. നൂറു കഴിഞ്ഞാൽ അടുത്ത അമ്പതിന് അഞ്ചു രൂപയായി. ഇത്തരത്തിലാണ് ക്രമീകരണം.

എന്നാൽ, 250 യൂണിറ്റിൽ കൂടുതൽ ഒരു യൂണിറ്റെങ്കിലും ഉപയോഗിച്ചാൽ തട്ടുതിരിച്ചുള്ള നിരക്കിന്റെ ആനുകൂല്യം ലഭിക്കില്ല. മൊത്തം യൂണിറ്റിനും 6.20 രൂപ നിരക്കിൽ നൽകണം. 500 യൂണിറ്റിന്റെ പരിധി കടന്നാൽ മൊത്തം യൂണിറ്റിനും 7.60 രൂപ വച്ചു നൽകണം. ഇത് 7600രൂപ വരും. ഇതിനൊപ്പം ഫിക്സഡ് ചാർജ്ജ് 200 ആക്കി ഉയർത്തിയതോടെ രണ്ടുമാസത്തേക്ക് അത് 400 രൂപയാകും. വൈദ്യുതിചാർജ്ജിന്റെ പത്തു ശതമാനം 760 രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടിയായും 12 രൂപ മീറ്റർ വാടകയായും ഉൾപ്പെടുത്തും. ജി.എസ്.ടിയും കൂടി ചേരുമ്പോൾ, രണ്ടു മാസത്തെ മൊത്തം ബിൽത്തുക 8772 രൂപയാകും.

തമിഴ്നാട്ടിൽ ആനുകൂല്യം എല്ലാവർക്കും കിട്ടും. ആദ്യത്തെ നൂറ് യൂണിറ്റ് എല്ലാവർക്കും സൗജന്യം. 500 യൂണിറ്റ് ഉപയോഗിക്കുന്നവരും ആദ്യ 100 യൂണിറ്റിന് പണം നൽകേണ്ട. തുടർന്ന് 200 മുതൽ 300 വരെ നിരക്ക് 2.50 രൂപയാണ്. അതിന് 50 പൈസ സബ്സിഡിയുണ്ട്. നിരക്ക് രണ്ടു രൂപയാണെന്ന് അർത്ഥം. എത്ര കൂടുതൽ ഉപയോഗിച്ചാലും ഈ ആനുകൂല്യം കിട്ടും. ഇതനുസരിച്ച് തുക 200 രൂപയാകും.

201 മുതൽ 500 വരെയുള്ള മൂന്നൂറ് യൂണിറ്റിന് മൂന്നു രൂപയാണ്. ആ തുക 900 രൂപയാകും. അങ്ങനെ മൊത്തം വൈദ്യുതി ചാർജ്ജ് 1100 രൂപയാകും. ഇതിനൊപ്പം 30 രൂപ ഫിക്സഡ് ചാർജ്ജും 50 രൂപ ഇലക്ട്രിസിറ്റി നികുതിയും ചേർത്ത് ഒരു മാസത്തേക്ക് 1180 രൂപ. രണ്ടുമാസത്തെ ബിൽത്തുക 2360 രൂപ മാത്രം.

1987വരെ വൈദ്യുതോർജ്ജത്തിൽ മിച്ച സംസ്ഥാനമായിരുന്ന കേരളം ഇന്ന് മറ്റെല്ലാ മേഖലകളെയും പോലെ ഊർജ്ജ ഉദ്പാദന രംഗത്തും കടുത്ത പ്രതിസന്ധിയിലാണ്. സംസ്ഥാനത്ത് 3000 ടിഎംസി ജലം ലഭിക്കുന്നുണ്ടെങ്കിലും 300 ടി എംസി മാത്രമാണ് വൈദ്യുതി ഉത്പാദനത്തിന് ഉപയോഗിക്കുന്നത് എന്ന് സർക്കാർ തന്നെ സമ്മതിക്കുന്നുണ്ട്. ഉപഭോഗം കൂടുന്നതിനനുസരിച്ച് ഉത്പാദനം വർധിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞില്ല. 2023 വർഷത്തിൽ 77.7 ശതമാനം വൈദ്യുതിയും കേരളത്തിന് പുറത്ത് നിന്ന് വാങ്ങേണ്ടിവന്നു.

ഈ രംഗത്തെ കേരളത്തിന്റെ തകർച്ചയുടെ ആഴം വ്യക്തമാക്കുന്ന കണക്കാണിത്. വൈദ്യുതി പുറത്ത് നിന്ന് വാങ്ങാൻ 13200 കോടി രൂപയാണ് കേരളത്തിന് ചെലവഴിക്കേണ്ടി വന്നത്. 851 സിവിൽ എൻജിനീയർമാർ ജോലി ചെയ്യുന്ന ബോർഡിൽ കഴിഞ്ഞ 15 വർഷത്തിനിടയിൽ 99 മെഗാവാട്ട് വൈദ്യുതി മാത്രമാണ് കൂടുതലായി ഉത്പാദിപ്പിച്ചത്.

2009 ലാണ് കുറ്റ്യാടി അഡീഷണൽ എക്സ്ടെൻഷൻ സ്കീം കമ്മീഷൻ ചെയ്തത്. തുടർന്ന് ഇക്കഴിഞ്ഞ മാസമാണ് തൊട്ടിയാർ ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞത്. പൂർത്തീകരിക്കാത്ത നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്തുള്ളത്. 2009 ൽ 207 കോടി രൂപയ്ക്കാണ് തൊട്ടിയാർ പദ്ധതിയുടെ കരാർ നടപടികൾ പൂർത്തിയാക്കിയത്.

എന്നാൽ പാതിവഴിയിൽ നിലച്ച പദ്ധതിക്ക് 2018ൽ 280 കോടി രൂപയാക്കി എസ്റ്റിമേറ്റ് പുതുക്കി. വൈദ്യുത ഉത്പാദന രംഗത്തെ കേരളത്തിന്റെ കെടുകാര്യസ്ഥതയുടെ ജീവിക്കുന്ന ഉദാഹരണങ്ങൾ കേരളത്തിലുടനീളം കാണാനാകും. 45,000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശേഷി കേരളത്തിനുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ കുറ്റകരമായ വീഴ്ചയാണ് ഇക്കാര്യത്തിൽ നിലവിലുള്ളതെന്ന് വിദഗ്ധർ പറയുന്നു.

അധിക ജീവനക്കാർ, ജീവനക്കാരിൽ ചില വിഭാഗത്തിന്റെ ശമ്പള നിരക്കിലെ അസമത്വം എന്നിവയും ബോർഡിനെ വലയ്ക്കുന്ന പ്രശ്നങ്ങളാണ്. ഏകപക്ഷീയമായി ബോർഡ് ശമ്പള വർധന നടപ്പാക്കുന്നതിലൂടെ ഉണ്ടാകുന്ന അധികബാധ്യതയുടെ ഭാരവും ജനങ്ങൾക്കു താങ്ങേണ്ടിവരുന്നു. നഷ്ടത്തിലുള്ള സ്ഥാപനങ്ങൾ മന്ത്രിസഭയുടെ അനുമതിയോടെ മാത്രമേ ശമ്പള വർധന നടപ്പാക്കാവൂ എന്ന ചട്ടത്തിനു പുല്ലുവിലയേയുള്ളൂ. സർക്കാരുമായി ചർച്ച നടത്തി മുൻകൂർ അനുമതി നേടിയ ശേഷം മാത്രമേ ശമ്പള വർധന നടപ്പാക്കാവൂ എന്ന സർക്കാരിന്റെ നിർദ്ദേശം കാറ്റിൽ പറത്തിയാണ് ബോർഡ് ശമ്പളം കുത്തനെ കൂട്ടിയത്. ബോർഡിന്റെ പ്രവർത്തന ചെലവ് 36.1 ശതമാനത്തിൽ നിന്ന് 46.5 ശതമാനമായി ഉയർന്നതിന്റെ പ്രധാന കാരണം ഏകപക്ഷീയമായി നടപ്പാക്കിയ ശമ്പള വർധനവാണെന്നറിയാൻ വലിയ ഡാറ്റാ വിശ്ളേഷണങ്ങൾ ആവശ്യമില്ല.

ശമ്പള പരിഷ്കരണം നടപ്പാക്കിയത് വഴി 1011 കോടി രൂപയും പെൻഷൻ പരിഷ്കരണ കുടിശ്ശിക ഇനത്തിൽ 306.66 കോടി രൂപയും വൈദ്യുതി ബോർഡ് അനിയന്ത്രിതമായി ചെലവഴിച്ചെന്ന് സിഎജി കുറ്റപ്പെടുത്തിയിരുന്നു. 1995,2001, 2007, 2011, 2016 വർഷങ്ങളിലും സംഭവിച്ചു ക്രമരഹിതമായ പരിഷ്കരണങ്ങൾ.

രണ്ടോ മൂന്നോ വർഷത്തിനകം പൂർത്തിയാക്കാവുന്ന ചെറിയ പദ്ധതികൾ പോലും പത്തും പതിനഞ്ചും വർഷമെടുത്താലും തീരുന്നില്ല. ഇത്തരം കാര്യക്ഷമതാരാഹിത്യത്തിനൊപ്പം ബോർഡിലെ കുത്തഴിഞ്ഞ ഭരണം കൂടിയാകുമ്പോൾ ഉപഭോക്താക്കൾക്ക് ഇനിയുള്ള കാലവും അമിതനിരക്ക് നൽകേണ്ടിവരുമെന്നു തീർച്ചയാണ്.

ബോർഡിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താനും ഭരണം കാര്യക്ഷമമാക്കാനും ഉറച്ച നടപടികളാണ് ആവശ്യം. അതിനാകട്ടെ ബോർഡിൽ അപ്രമാദിത്വമുള്ള യൂണിയനുകളുടെ സഹകരണവും പിന്തുണയും ഉറപ്പാകണം. യു.ഡി.എഫ് ഭരിച്ചപ്പോഴും യൂണിയനുകളുടെ പരമാധിപത്യത്തിലായിരുന്നു സർവതും. ഈ ദുരവസ്ഥ എന്നെങ്കിലും മാറുമെന്ന സ്ഥിതിയില്ല കേരളമെന്നതിനാൽ മുതുകത്ത് ആവർത്തിത 'ഷോക്ക്' കിട്ടാൻ തന്നെയാണ് ജനങ്ങൾക്കു യോഗം.

# തെരഞ്ഞെടുപ്പാനന്തര കലാപത്തിൽ മുങ്ങി മുന്നണികൾ

ഉൾപ്പാർട്ടി പ്രശ്നങ്ങൾ ചുറ്റിവരിഞ്ഞ ഇരു മുന്നണികളും സംസ്ഥാന രാഷ്ട്രീയ മണ്ഡലത്തെ വീണ്ടും ചൂടുപിടിപ്പിക്കുന്ന കാഴ്ചയാണ് കേരളം ഈ വാരം കണ്ടത്. ഉപതെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപാടെ അതുവരെ അടക്കിപ്പിടിച്ചു നിന്ന പ്രതിഷേധങ്ങൾ ഒന്നൊന്നായി പുറത്തു ചാടി. നേതൃമാറ്റമെന്ന അജണ്ടയുമായി കോൺഗ്രസിലെ ഒരു വിഭാഗം രംഗത്തിറങ്ങിയപ്പോൾ, പാർട്ടി സമ്മേളനങ്ങളിൽ ഉയരുന്ന കലാപമടക്കാനുള്ള തത്രപ്പാടിലാണ് സി.പി.എം നേതൃത്വം. ബി.ജെ.പിയാവട്ടെ തോൽവികൾക്ക് ന്യായീകരണം കണ്ടെത്താൻ നിൽക്കാതെ അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ കാണാം എന്ന ലൈനിൽ ഒതുങ്ങി. തോൽവിയുടെ പേരിൽ കെ. സുരേന്ദ്രനെ പുകയ്ക്കാമെന്ന മോഹം തൽക്കാലം വേണ്ടെന്ന് പ്രഭാരി പ്രകാശ് ജാവഡേക്കർ മുന്നറിയിപ്പു നൽകിക്കഴിഞ്ഞു.




കോൺഗ്രസിൽ തെരഞ്ഞെടുപ്പിനു പിന്നാലെ നേതൃമാറ്റ ആവശ്യം ഉയർത്തിയതിൽ പാർട്ടി കേന്ദ്ര നേതൃത്വം അതൃപ്തിയിലാണ്. ഹൈക്കമാന്റിന്റെ മനം കെ. സുധാകരൻ തന്നെ നയിക്കട്ടെ എന്ന്. എന്നാൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ ഏകാധിപത്യ ശൈലിക്കെതിരെ കലാപമുയർത്തുകയാണ് മറ്റൊരു വിഭാഗം. യുവനിരയുടെ പ്രതിഷേധ സ്വരം കോൺഗ്രസിൽ കരുത്താർജിക്കുന്നത് സതീശന് ഭീഷണിയാണ്.

പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ തനിക്കൊഴികെ മറ്റെല്ലാ യുവ നേതാക്കൾക്കും ചുമതല നൽകിയെന്ന ചാണ്ടി ഉമ്മന്റെ വെടിയുതിർക്കൽ നേരെ ചെന്നു കൊണ്ടത് സതീശന്റെ നെഞ്ചിൽത്തന്നെ. പാലക്കാട് രാഹുൽ മാങ്കൂട്ടത്തിന്റെ മത്സര രംഗത്ത് ചാണ്ടി ഉമ്മൻ എത്തിയില്ല. അതേ സമയം, പ്രചാരണ കാലത്ത് രാഹുൽ മാങ്കൂട്ടം ഉമ്മൻ ചാണ്ടിയുടെ കല്ലറയ്ക്കൽ എത്തിയപ്പോൾ ഒപ്പം ചാണ്ടി ഉമ്മനെ കണ്ടതുമില്ല. അതൃപ്തി അന്നേ വ്യക്തം.

പാലക്കാട്ടേയ്ക്ക് അടുപ്പിച്ചില്ല എന്ന പരാതി അന്നേ ഉയർത്തിയ മറ്റ് യുവനേതാക്കളുമുണ്ട്. ആരുടേയും ശബ്ദം കാര്യമായി പുറത്തേയ്ക്കു വന്നില്ല എന്നു മാത്രം. തോൽവിയുടെ പേരിൽ നേതൃമാറ്റമുണ്ടാകുന്നെങ്കിൽ അത് സുധാകരനിൽ മാത്രമായി ഒതുങ്ങരുതെന്ന സന്ദേശം കെ. മുരളിധരൻ നൽകിയതോടെ ചേരിതിരിവ് പ്രകടമായി. നേരത്തെ സിമി റോസ് ബെൽ ജോണിനെപോലുള്ള എ.ഐ.സി.സി തലം വരെയെത്തിയ നേതാക്കൾ സതീശനെതിരെ കലാപക്കൊടി ഉയർത്തിയതിന്റെ ബാക്കിയായി വേണം ഇതിനെ കാണാൻ.

കെ.പി.സി.സി. പ്രസിഡന്റിനെ മാറ്റാനാണെങ്കിൽ വച്ചു നീട്ടാതെ അത് ഉടനെ വേണമെന്ന് ചില സംസ്ഥാന നേതാക്കൾ ഹൈക്കമാന്റിനെ അറിയിച്ചത് പഴയ ഗ്രൂപ്പുകളിയുടെ കാലത്തെ കോൺഗ്രസിനെ ഓർമിപ്പിക്കുന്നു. ഉപതെരഞ്ഞെടുപ്പ്കഴിഞ്ഞയുടനെ പുന:സംഘടന വേണമെന്ന ആവശ്യം കോൺഗ്രസിൽ ഉയർത്തിയത് സുധാകര വിരുദ്ധ പക്ഷമാണെങ്കിലും അതിന്റെ ഗുണഭോക്താവാൻ കഴിയാത്തതിന്റെ നൈരാശ്യത്തിലാണ് ഒരു പറ്റം നേതാക്കൾ.

സാമുദായിക പരിഗണനയും യുവനിരയ്ക്കുള്ള പങ്കാളിത്തവും കണക്കാക്കിയാൽ സംസ്ഥാന അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് വരാൻ തങ്ങളും യോഗ്യരാണെന്ന വിശ്വാസം പുലർത്തുന്ന അര ഡസനോളം നേതാക്കൾ കോൺഗ്രസിലുണ്ട്. ഏതായാലും പുതിയ ടീം വരണമെന്ന് ആഗ്രഹിക്കുന്ന ഒരു വിഭാഗം ഉയർത്തുന്ന വെല്ലുവിളി വരും നാളുകളിൽ ഗ്രൂപ്പിസത്തിന് നല്ല വളമായി മാറുമെന്ന് വ്യക്തമാണ്.

അതിനിടെ, ഡി.സി.സി അദ്ധ്യക്ഷന്മാരുടെ മാറ്റത്തിനുള്ള സമയവും വന്നു ചേർന്നു. അതിന്റെ സമവാക്യവും സമദൂരവുമെല്ലാം മറ്റൊരു കടമ്പയാണ്. ജില്ലാ സമ്മേളനങ്ങൾക്ക് തുടക്കമിട്ടതോടെ പല ജില്ലകളിലും സി.പി.എം നേതൃത്വവും അണികൾക്കും അംഗങ്ങൾക്കും മുന്നിൽ പ്രതിരോധത്തിലാണ്. അവിടേയും പാർട്ടിക്കുള്ളിലെ അധികാര വടംവലി തന്നെ മുഖ്യവിഷയം. ഉപതെരഞ്ഞെടുപ്പ് വിവാദങ്ങൾ പാർട്ടിയെ പ്രതിരോധത്തിലാക്കി. ഏരിയാ സമ്മേളനങ്ങൾ പലതും ഇറങ്ങിപ്പോകലുകൾക്കു വേദിയായി. സമ്മേളന തെരഞ്ഞെടുപ്പുകളിൽ മത്സരം വന്നു. ജില്ലാ സെക്രട്ടറിമാർ ഓടി നടന്ന് ഓട്ടയടച്ചു പിടിച്ചുനിന്നു.

### പ്രശ്നം ഒന്നു തന്നെ

സംസ്ഥാനതലം തൊട്ടു ബ്രാഞ്ചു തലം വരെ സഖാക്കളുടെ അധികാര പ്രമത്തത. കമ്മ്യൂണിസ്റ്റ് ശൈലി മറന്നുള്ള ജീവിതം. കട്ടൻകാപ്പിയും പരിപ്പുവടയും കഴിച്ച് കഴിഞ്ഞ കാലം എന്ന പരിഹാസ പ്രയോഗത്തെ മറിച്ചിട്ട് ആഡംബരത്തിന്റെ അവസാന വാക്കായി വിലസുന്നവർ. രംഗം വഷളായത് ഏരിയാ സമ്മേളനങ്ങൾ കഴിഞ്ഞതോടെയാണ്. ആദ്യ ജില്ലാ സമ്മേളനം നടന്ന കൊല്ലത്തു തന്നെ വിഭാഗീയതയുടേയും പുതുക്കിപ്പണിയലിന്റെയും അപശബ്ദങ്ങളും ആവശ്യങ്ങളും തല പൊക്കി. പാർട്ടിയിൽ ഇരട്ട നീതി അതായിരുന്നു നേതൃത്വം നേരിട്ട ഏറ്റവും വലിയ ആക്ഷേപം. വിഭാഗീയത രൂക്ഷമായതിനാൽ ഏരിയാ കമ്മിറ്റി പിരിച്ചു വിട്ട കരുനാഗപ്പള്ളി ഏരിയയിൽ നിന്ന് പ്രതിനിധികളില്ലാതെയാണ് കൊല്ലം സമ്മേളനം നടത്തിയത്. സാക്ഷാൽ എം.വി. ഗോവിന്ദനെ മുൾ മുനയിൽ നിർത്തിയാണ് കൊല്ലം സമ്മേളത്തിൽ പ്രതിനിധികൾ ആക്ഷേപങ്ങളുന്നയിച്ചത്.

ഇരട്ട പദവി പാർട്ടി നയമല്ല എന്നു പറയുന്ന സെക്രട്ടറി എങ്ങനെ ഒരേ സമയം എം.എൽ.എ പദവി കൂടി വഹിക്കുന്നു എന്ന സുപ്രധാന ചോദ്യം ഉയർത്തപ്പെട്ടു. തിരുവനന്തപുരം ജില്ലാ സെക്രട്ടറിയും എം.എൽ.എയാണ്.

എന്നാൽ അടിത്തട്ടിലെ പാർട്ടി പ്രവർത്തകൻ പഞ്ചായത്ത് പ്രസിഡന്റോ സഹകരണ ബാങ്ക് പ്രസിഡന്റോ ആയാൽ പാർട്ടിയിൽ സുപ്രധാന ചുമതലകൾ നിഷേധിക്കുന്നത് ഇരട്ട നീതിയാണെന്ന് പൊതു ചർച്ചയിൽ ആക്ഷേപമുയർന്നു.

സീതാറാം യെച്ചൂരി അന്തരിച്ച ശേഷം പാർട്ടി ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഒരാളെ കണ്ടെത്താൻ കഴിയാഞ്ഞത് നാണക്കേടാണ്. ദേശീയതലത്തിൽ പാർട്ടിയുടെ അടവ് നയങ്ങളാകെ പാളുകയാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ കൊല്ലത്ത് പാർട്ടി മെമ്പർഷിപ്പിലുള്ള ഒരാളെപ്പോലും കണ്ടെത്താനായില്ല. രൂക്ഷമായ ആരോപണങ്ങൾ മാദ്ധ്യമങ്ങളും പ്രതിപക്ഷവും ഉയർത്തുമ്പോൾ മുഖ്യമന്ത്രി പുലർത്തുന്ന മൗനം പാർട്ടി പ്രവർത്തകരുടെ ആത്മവീര്യം കെടുത്തുന്നു.

വിവാദങ്ങൾ കെട്ടടങ്ങിയ ശേഷമാണ് മുഖ്യമന്ത്രി വാർത്താസമ്മേളനം നടത്തുന്നത്. പ്രകാശ് ജവേദ്കറുമായി കൂട്ടിക്കാഴ്ച നടത്തിയ സംഭവത്തിൽ ഇ.പി.ജയരാജനെതിരെ ശക്തമായ നടപടി ഉണ്ടാകാത്തത് കൂടിക്കാഴ്ച പാർട്ടി അറിഞ്ഞാണെന്ന സംശയം ജനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ട്. ചിഹ്നം നഷ്ടപ്പെട്ടാൽ മരപ്പെട്ടി, ഈനാംപേച്ചി തുടങ്ങിയ ചിഹ്നങ്ങളിൽ വോട്ട് ചെയ്യേണ്ടി വരുമെന്ന കേന്ദ്ര കമ്മിറ്റി അംഗം എ.കെ.ബാലന്റെ പ്രസംഗം പാർട്ടിക്കാകെ ക്ഷീണമുണ്ടാക്കി.

അതിനിടെ, തിരുവനന്തപുരം വഞ്ചിയൂരിൽ റോഡിൽ സ്റ്റേജ് കെട്ടി സി.പി.എം. ഏരിയാ സമ്മേളനം നടത്തിയതിൽ ഹൈക്കോടതിയുടെ രൂക്ഷവിമർശനം വന്നു. റോഡ് കെട്ടിയടയ്ക്കാൻ ആരാണ് ഇവർക്ക് അധികാരം നൽകിയത് എന്ന ഹൈകോടതിയുടെ ചോദ്യത്തിന് പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ മറുപടി പറയേണ്ട സ്ഥിതിവന്നു.

ഹൈക്കോടതി രൂക്ഷമായി വിമർശിച്ചതു കണക്കിലെടുക്കാതെ തലസ്ഥാനത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ ഗതാഗതം തടസപ്പെടുംവിധം സി.പി.ഐ അനുകൂല സംഘടനയായ ജോയിന്റ് കൗൺസിലും രാപ്പകൽ സമരം നടത്തി. പോലീസ് കേസായി. വരുന്ന തദ്ദേശ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഈ ഉൾപ്പാർട്ടി വിവാദങ്ങൾ മുന്നണികളിലെ പ്രബല കക്ഷികളെ എങ്ങനെ ബാധിക്കുമെന്നതാണ് പ്രധാന ചോദ്യം.

◗ പ്രിജിത് രാജ്






SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.
PAM-210
1/2020

Prudential

# നായനാരുടെ ഭരണകാലത്ത് ഉമ്മൻചാണ്ടി ജയിലിലായി




**നായനാരുടെ ഭരണകാലത്ത് ഉമ്മൻചാണ്ടിക്ക് കോട്ടയം സബ് ജയിൽ അഞ്ചുദിവസം കിടക്കേണ്ടി വന്നിട്ടുണ്ട്. 1997 മാർച്ചിലാണ് സംഭവം. യാതൊരു സൗകര്യങ്ങളും ഇല്ലാത്ത ജയിൽമുറിയിലാണ് ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ളവരെ കിടത്തിയത്. ഇത് അറിഞ്ഞ് പാലാ കെ.എം. മാത്യു ഒരു ബെഞ്ച് സ്റ്റേഷനിലേകക്ക് കൊണ്ടുവന്നു. അങ്ങനെ ഉമ്മൻചാണ്ടിയുടെ കിടപ്പ് അതിലായി. ഉമ്മൻചാണ്ടിയുടെയും മറ്റും അറസ്റ്റ് വലിയ ഒച്ചപ്പാടിന് ഇടയാക്കി. പ്രതിഷേധം സംസ്ഥാനത്തുടനീളം പടർന്നുപിടിച്ചു. പോലീസ് വിദ്യാർത്ഥികളെ ക്രൂരമായി കൈകാര്യം ചെയ്തു. നിരാഹാരം അഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഉമ്മൻചാണ്ടിയെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.**


ജോഷി ജോർജ്

നിഷ്കളങ്കതയാണ് മുഖ്യമന്ത്രി ഏറംപാലകൃഷ്ണൻ നായരുടെ മുഖമുദ്ര. ഉള്ളിൽ എന്താണെങ്കിലും പുറമേ തികച്ചും സൗഹൃദപരമായ ഒരു പെരുമാറ്റ രീതിയാണ് നായനായരെ ഏവർക്കും ഇഷ്ടപ്പെട്ട കഥാപാത്രമാക്കി മാറ്റുന്നത്. എന്തും തുറന്നടിക്കാനുള്ള മനക്കരുത്തും എന്തു പ്രശ്നത്തെയും നേരിടാനുള്ള തന്റേടവും അദ്ദേഹത്തിനുള്ളതായി ഭാവിക്കും.

ആർക്കും അദ്ദേഹത്തോട് എന്തും ചോദിക്കാം. അതിനെല്ലാം തമാശയിൽ നിറഞ്ഞ മറുപടി ഉടൻ ഉണ്ടാകും. കുസൃതി ഉള്ളിൽ ഒതുക്കി പത്രലേഖകരെ കൈകാര്യം ചെയ്യാനും നായനാർക്ക് സ്വന്തം ശൈലി ഉണ്ട്. നായനാർ എന്ന വാക്കിന്റെ അർത്ഥം തന്നെ നേതാവ് എന്നാണ്. പണ്ട് വടക്കേ മലബാറിലെ കോലത്തിരി രാജാക്കന്മാർ കല്യാശ്ശേരി തറവാടിന് ഈ സ്ഥാനപ്പേര് നൽകി ആദരിക്കുകയായിരുന്നു.

വലിയൊരു ജന്മി കുടുംബത്തിലാണ് ജനിച്ചതെങ്കിലും ജന്മിത്വത്തിന്റെ സുഖസൗകര്യങ്ങൾ ഒന്നും ആസ്വദിക്കാൻ നായനാർ നിന്നില്ല. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ബന്ധുവായ കെ.പി.ആർ ഗോപാലന്റെ സ്വാധീനത്തിൽ കോൺഗ്രസ് പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. അതോടെ വിദ്യാഭ്യാസം മുടങ്ങി. മറ്റ് ഇടതുപക്ഷക്കാരോടൊപ്പം 1940 നു മുമ്പ് തന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലേക്ക് മാറി. ഉത്തരമലബാറിനെ ഇളക്കിമറിച്ച മൊറാഴ സംഭവവും കയ്യൂർ സംഭവം നായനാരെ പ്രശസ്തനും പോലീസിന്റെ നോട്ടപ്പുള്ളിയുമാക്കി. ഒളിത്താവളങ്ങളിൽ നിന്നും ഒളിത്താവളങ്ങളിലേക്ക് നീണ്ട പ്രയാണങ്ങളിലൂടെ നായനാർ വളർന്നു. 1956 മുതൽ 1967 വരെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയായിരുന്നു.

പിന്നീട് ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അഴീക്കോടൻ രാഘവന്റെയും പാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന സി.എച്ച്. കണാരന്റെയും മരണത്തെ തുടർന്ന് 1972 സി.പി.എം സംസ്ഥാന സെക്രട്ടറിയായി. 1980ൽ ആദ്യമായി കേരള മുഖ്യമന്ത്രിയായി. 21 മാസക്കാലം ആഭരണം നീണ്ടു നിന്നുള്ളൂ. പിന്നെ 1987 ഇടതുമുന്നണി അധികാരത്തിൽ എത്തിയപ്പോൾ അമരക്കാരൻ നായനാർ തന്നെയായിരുന്നു. വീണ്ടും 1996ൽ ഇടതുപക്ഷ മുന്നണിക്ക് ഭരണം കിട്ടിയപ്പോൾ അപ്രതീക്ഷിതമായി നറുക്ക് വീണതും നായനാർക്ക്. ബഹുജനസമ്മതനായ മുഖ്യമന്ത്രി ആകുന്നതിനു മുമ്പ് നായനാർ. പാർട്ടിയുടെ ഇരുമ്പ് ചട്ടക്കൂടിനുള്ളിലിരുന്ന് ബഹുജന സമരങ്ങൾ നയിക്കുകയും പലപ്പോഴും ഒളിവിലിരുന്നുള്ള പാർട്ടി പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്. അങ്ങിനെ നേടിയ മനോവീര്യം അദ്ദേഹത്തെ കരുത്തുള്ള കമ്മ്യൂണിസ്റ്റുകാരനാക്കി ത്തീർത്തു.



ഉത്തര മലബാറിൽ പാർട്ടി കെട്ടിപ്പടുക്കാനാണ് 40കളിലും 50കളിലും അദ്ദേഹം ശ്രമിച്ചത്. മികച്ച ഒരു സംഘാടകനായാണ് നായനാർ അറിയപ്പെട്ടത്. പുറത്തു കാണുന്ന നർമ്മബോധം ഒന്നും അദ്ദേഹം പാർട്ടിക്കുള്ളിൽ കാണിക്കാറില്ല. അദ്ദേഹം ഉള്ളിൽ തികഞ്ഞ ഗൗരവക്കാരൻ ആണ് എന്നായിരുന്നു പാർട്ടിയുടെ അക്കാലത്തെ നേതാക്കളും അനുയായികളും പറഞ്ഞിരുന്നത്. പാർട്ടിയുടെ തലപ്പത്ത് പടിപടിയായി ഉയരാൻ അദ്ദേഹത്തെ സഹായിച്ചതും ഈ അർപ്പണബോധം തന്നെയായിരിക്കാം.

പാർട്ടി കമ്മിറ്റികളിൽ മുഴുവൻ സമയവും പങ്കെടുക്കാനും അംഗങ്ങൾ പറയുന്നതൊക്കെ കുറിച്ച് എടുക്കാനും ഓരോന്നും ഓർമ്മവച്ചു മറുപടി പറയാനും നായനാർക്കുള്ള കഴിവ് ഒന്ന് വേറെ തന്നെയായിരുന്നു. ശക്തമായ ആരോപണങ്ങൾ ഉന്നയിക്കുന്നവർക്ക് പോലും നായനാരുടെ വിശദീകരണം കേൾക്കുന്നതോടെ പൂർണ്ണ തൃപ്തിയാകും.

മുഖ്യമന്ത്രി ആയത് നായനാരുടെ ജീവിതത്തിലെ ഒരു വലിയ വഴിത്തിരിവായിരുന്നു. 1957ലും 67ലും മുഖ്യമന്ത്രിയായിരുന്ന ഇഎംഎസിന് ശേഷമാണ് നായനാർ ഇടതുപക്ഷമുന്നണിയുടെ നേതാവായത്. ഇഎംഎസിന്റെ കൂർമ്മബുദ്ധിയോ താത്വികഭാവമോ നായനാർക്കുണ്ടായിരുന്നില്ല.

ഇഎംഎസ് പാർട്ടിയുടെ പുറത്ത് എല്ലാ ജനവിഭാഗങ്ങൾക്കിടയിലും അറിയപ്പെട്ടു കഴിഞ്ഞ നേതാവായിരുന്നുവെങ്കിൽ നായനാർ പാർട്ടിക്കുള്ളിൽ മാത്രം അറിയപ്പെട്ടിരുന്ന നേതാവായിരുന്നു. ഈ പോരായ്മകൾ പരിഹരിക്കാൻ വളരെ വേഗം കഴിഞ്ഞു എന്നതാണ് നായനാരുടെ വിജയം. ബീഡി വലിച്ചും ചുളുങ്ങിയ സാധാരണ മുറിക്കയ്യൻ ഷർട്ടുമിട്ട് കാണുന്നവരെ അടുത്തു വിളിച്ച് തമാശ പറഞ്ഞു നടന്ന ഒരു മുഖ്യമന്ത്രി. ഇത് കേരളീയർക്ക് പുതിയൊരു അനുഭവമായിരുന്നു. പെട്ടെന്നാണ് ഇടത്തരക്കാരും സാധാരണക്കാരും പാവപ്പെട്ടവരും ഒക്കെ തങ്ങളുടെ സ്വന്തം ആളായി നായനാരെ കണ്ടു തുടങ്ങിയത്.

മൈക്കിനു മുന്നിൽ നിന്ന് ജനങ്ങളെ അഭിമുഖീകരിക്കുമ്പോൾ പൊടുന്നനെ ഒരു മാന്ത്രീകഭാവത്തിലെത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കൂടെ കൂടെ ഉതിർന്നുവീഴുന്ന ഫലിതങ്ങൾ, വടക്കൻ മലബാർ ചുവയുള്ള സംസാരം. ഇതെല്ലാം നായനാരുടെ പ്രസംഗത്തിനും മാറ്റുകൂട്ടി. ഇഎംഎസും എകെജിയും കഴിഞ്ഞാൽ ഏറ്റവും അധികം ജനസമതിയുള്ള നേതാവായി നായനാർ വളരുകയായിരുന്നു.

ബഹുമുഖ വ്യക്തിത്വമാണ് നായനാരുടെത്. എന്നാൽ രാഷ്ട്രീയം കൈകാര്യം ചെയ്യുമ്പോൾ തികച്ചും വിഭിന്നമായ ഒരു മുഖമാണ് നായനാർക്കുള്ളത്. 100ശതമാനവും പാർട്ടിക്കാരനാണ് അദ്ദേഹം. സ്വന്തം പാർട്ടിയുടെ നിർദ്ദേശങ്ങൾ കർക്കശമായി പാലിച്ച് മാത്രമേ അദ്ദേഹം പെരുമാറാറുള്ളൂ. പാർട്ടി കാര്യത്തിൽ ആരോടും ഒരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറായില്ല. നിയമസഭയിൽ പ്രതിപക്ഷത്തോടെ ഏറ്റുമുട്ടുമ്പോൾ ഏതടവും അദ്ദേഹം പുറത്തെടുക്കും.

തികഞ്ഞ ഒരു ശുദ്ധാത്മാവാണ് നായനാർ. എന്നാൽ പ്രതിപക്ഷത്തോടെ തീർക്കാൻ ഒരു മടിയും കാണിക്കാറില്ല. ശുദ്ധാത്മാവ് എന്ന പ്രതിച്ഛായ അദ്ദേഹം ചൂഷണം ചെയ്യുന്നു. ഉമ്മൻ ചാണ്ടിയുടെ അഭിപ്രായം അതായിരുന്നു.

ഇതു പറയാൻ ന്യായമായ ഒരു കാരണം ഉമ്മൻചാണ്ടിക്കുണ്ട്. നായനാരുടെ ഭരണകാലത്ത് ഉമ്മൻചാണ്ടിക്ക് കോട്ടയം സബ് ജയിൽ അഞ്ചുദിവസം കിടക്കേണ്ടി വന്നിട്ടുണ്ട്. 1997 മാർച്ചിലാണ് സംഭവം. എസ്.എസ്.എൽ.സി പരീക്ഷാസമയത്ത് പവർകട്ട് ഏർപ്പെടുത്തി. അത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.യു സമര രംഗത്തിനിറങ്ങി. ജെ. ജോസഫ് ആണ് അന്ന് കെ.എസ്.യു പ്രസിഡന്റ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടത്തിയ മാർച്ചിനു നേരെ പോലീസ് അതിഭീകരമായ ലാത്തിച്ചാർജ് നടത്തി. കണ്ണീർവാതം പ്രയോഗിച്ചു. പിറ്റേദിവസം കേരളമെമ്പാടും പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിക്കാൻ കെ.എസ്.യു ആഹ്വാനം ചെയ്തു. അതേത്തുടർന്ന് അടുത്ത ദിവസം അതിശക്തമായ പ്രതിഷേധപ്രകടനങ്ങൾ നടന്നു. ടി.ബി. ജംഗ്ഷനിലുള്ള ഡി.സി.സി ഓഫീസിലെത്തി. അല്പം കഴിഞ്ഞപ്പോൾ ഒരു സംഘം പോലീസ് ഡി.സി.സി ആസ്ഥാനത്ത് അതിക്രമിച്ചു കടന്നു. ഓഫീസിനു നേർക്കുള്ള ആക്രമണം തന്നെയായിരുന്നു. പിൽക്കാലത്ത് കുന്നത്തുനാട് എം.എൽ.എ ആയ വി.പി. സജീന്ദ്രൻ, മറ്റ് കെ.എസ്.യു നേതാക്കളായ നിബു ജോൺ, നാട്ടകം സുരേഷ്, ഷമീർ എന്നിവരെ അറസ്റ്റ് ചെയ്തു വെസ്റ്റ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

വിവരമറിഞ്ഞ ഉമ്മൻചാണ്ടി ഉടൻ തന്നെ പോലീസ് സ്റ്റേഷനിൽ എത്തി. ഉമ്മൻചാണ്ടി വരുന്നുണ്ടെന്ന് അറിഞ്ഞ ഉടൻതന്നെ പോലീസുകാർ കെ.എസ്.യു നേതാക്കളെ പിൻഭാഗത്തെ വാതിൽ വഴി പുറത്തുകൊണ്ടുവന്ന് ജീപ്പിൽ കയറ്റി മജിസ്ട്രേറ്റ് കോടതിയിലേക്ക് കൊണ്ടുപോയി. കോടതി അവരെ റിമാൻഡ് ചെയ്തു. പിന്നെ ജയിലിൽ അടച്ചു. ഇതിൽ പ്രതിഷേധിച്ച് ഉമ്മൻചാണ്ടി പോലീസ് സ്റ്റേഷനു മുന്നിൽ സത്യാഗ്രഹം കിടന്നു. ഒരു ദിവസം കഴിഞ്ഞതോടെ ഉമ്മൻചാണ്ടിയെ അറസ്റ്റ് ചെയ്തു.

ഉച്ച ആകും മുമ്പ് റിമാൻഡ് ചെയ്ത് സബ് ജയിലിലേക്ക് ഉമ്മൻചാണ്ടിയെ കൊണ്ടുപോയി. കെ.എസ്.യുവിന്റെ പ്രവർത്തകരും അവിടെയുണ്ട്. കെ.എസ്.യു പ്രവർത്തകർ കിടക്കുന്ന സെല്ലിലേക്ക് തന്നെ ഉമ്മൻചാണ്ടിയെയും കിടത്തി. ഉമ്മൻചാണ്ടി അവിടെയും നിരാഹാരം തുടങ്ങി. കെ.എസ്.യുക്കാരും നിരാഹാരത്തിൽ പങ്കാളികളായി. യാതൊരു സൗകര്യങ്ങളും ഇല്ലാത്ത ജയിൽമുറിയിലാണ് ഉമ്മൻചാണ്ടി ഉൾപ്പെടെയുള്ളവരെ കിടത്തിയത്. ഇത് അറിഞ്ഞ് പാലാ കെ.എം.മാത്യു അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ഒരു ബെഞ്ച് സ്റ്റേഷനിലേകക്ക് കൊണ്ടുവന്നു. ജയിൽ സൂപ്രണ്ട് അത് അനുവദിച്ചു. അങ്ങനെ ഉമ്മൻചാണ്ടിയുടെ കിടപ്പ് അതിലായി. ഉമ്മൻചാണ്ടിയുടെയും മറ്റും അറസ്റ്റ് വലിയ ഒച്ചപ്പാടിന് ഇടയാക്കി. പ്രതിഷേധം സംസ്ഥാനത്തുടനീളം പടർന്നുപിടിച്ചു. പോലീസ് വിദ്യാർത്ഥികളെ ക്രൂരമായി കൈകാര്യം ചെയ്തു. നിരാഹാരം അഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഉമ്മൻചാണ്ടിയെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

ഒത്തുതീർപ്പിനായി പലരും ശ്രമിച്ചു. മന്ത്രി ബേബി ജോൺ ഈ പ്രശ്നത്തിൽ കാര്യമായി ഇടപെട്ടു. പോലീസ് നടപടികളെ പറ്റി അന്വേഷണം നടത്താമെന്ന് നായനാർ സർക്കാർ ഒടുവിൽ സമ്മതിച്ചു. അതോടെ ഉമ്മൻചാണ്ടിയും കെ.എസ്.യു നേതാക്കളും ജയിൽ നിന്ന് മോചിതരായി.

(തുടരും)



# മാർ പൗവ്വത്തിൽ കണ്ടെത്തിയ മാണിക്യം

ചങ്ങനാശേരി മാമ്മൂട്ടിലെ കൂവക്കാട് കുടുംബത്തിലെ പ്രിയപ്പെട്ട ലിജിമോൻ. മാർ ജോസഫ് പൗവത്തിലിന്റെ അരുമ ശിക്ഷ്യൻ. കൂട്ടുകാർക്കിടയിലെ കായികപ്രേമി. അഗതികൾക്ക് വിശപ്പകറ്റുന്ന ദൈവദൂതൻ. ഇതൊന്നും കൂടാതെ മാർപാപ്പ ഭാവിയിലേക്ക് കൃത്യമായി കരുതിവെച്ച പ്രതിഭാശാലി ഇതെല്ലാമാണ് പുതിയതായി സ്ഥാനാരോഹണം ചെയ്ത കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്.

സഭയുടെ വലിയ പട്ടങ്ങളിലേക്ക് അതിവേഗം അസാധാരണ നടപടികളിലൂടെ പോകാൻ അദ്ദേഹത്തിനായതിൽ ആരും അദ്ഭുതങ്ങൾ കാണുന്നില്ല. കാരണം അർഹിക്കുന്നത് എന്ന ഒറ്റവാക്കല്ലാതെ വിശുദ്ധിയുടെ, വിശ്വാസത്തിന്റെ പരിമളം പരത്തുന്ന കർദിനാൾ ജോർജ് കൂവക്കാടിനെ പറ്റി ഒന്നും തന്നെ പറയാനില്ല.

2024 ഒക്ടോബർ ആറിനാണ് മാമ്മൂട്ടിലെ കൂവക്കാട് വീട്ടിലേക്ക്, വത്തിക്കാനിൽ നിന്ന് മോൺ. ജോർജ് കൂവക്കാടിന്റെ വിളി വന്നത്: ‘‘ചാച്ചാ, വലിയ പിതാവ് ഒരു കൊച്ചുസമ്മാനം തന്നു’’ ഇതായിരുന്നു സംഭാഷണം. ഫോണിന്റെ മറുതലയ്ക്കൽ ജോർജ് കൂവക്കാടിന്റെ അച്ഛൻ ജേക്കബ് വർഗീസ് തെല്ല് അമ്പരപ്പോടെ വിശദാംശം തിരക്കി, വെറുതേ പറയുകയാണോ എന്ന് സന്ദേഹത്തോടെ ചോദിച്ചു. ‘‘അല്ല ചാച്ചാ, എന്നെ കർദിനാൾ പദവിയിലേക്ക് മാർപാപ്പ ഉയർത്തി. സന്ദേശത്തിന്റെ ലിങ്കും ഇപ്പോൾ അയയ്ക്കുന്നു’’ ഇതായിരുന്നു ആ മകന്റെ വിനീതമായ മറുപടി.

മകന്റെ ദൈവവഴിയിലെ യാത്രയിൽ വലിയ ദൂരങ്ങൾ താണ്ടാനുണ്ടെന്ന് മാതാപിതാക്കളായ ലീലാമ്മയ്ക്കും ജേക്കബിനും അറിയാമായിരുന്നു. സഭാ ആസ്ഥാനത്ത് മാർപാപ്പയ്ക്കൊപ്പം പ്രവർത്തിച്ചുവരുന്നതിൽപ്പരം വലിയ സന്തോഷം മകന് കിട്ടാനില്ലെന്നും അവർ വിശ്വസിച്ചിരുന്നു. തന്റെ യാത്രാ വഴികളിൽ കൃത്യതയോടെ ഒപ്പം നിന്നിരുന്ന മോൺസിഞ്ഞോർ പദവിയിലുള്ള ജോർജ് ജേക്കബിന് മാർപാപ്പ കരുതിവെച്ചത് മാതാപിതാക്കൾ സങ്കൽപിച്ചതിലും വലിയ പദവി ആയിരുന്നു.

ചങ്ങനാശ്ശേരി മാമ്മൂട്ടിലെ കൂവക്കാട് ജേക്കബ് -ലീലാമ്മ ദമ്പതിമാരുടെ മൂന്നു മക്കളിൽ മൂത്തയാളായി 1973 ഓഗസ്റ്റ് 11നായിരുന്നു അദ്ദേഹത്തിന്റെ ജനനം. ചങ്ങനാശേരി എസ്.ബി കോളജിലായിരുന്നു ബിരുദപഠനം നടത്തിയത്. ക്രിക്കറ്റും ബാസ്കറ്റ്ബോളും ഫുട്ബോളും നന്നായി കളിച്ചിരുന്ന മിന്നുംതാരമെന്ന് കൂട്ടുകാർ.

കാത്തലിക്സ്റ്റുഡന്റ്സ്മൂവ്മെന്റ്പ്രവർത്തകനായിരിക്കെ അഗതികൾക്ക് ഉച്ചഭക്ഷണപരിപാടിക്ക്തുടക്കമിട്ടത്അദ്ദേഹമായിരുന്നു. പിൽക്കാലത്ത് ഏതുപദവിയിലിരിക്കുമ്പോഴും വിശക്കുന്നവർക്കു വേണ്ടിയുള്ള പദ്ധതികൾ അദ്ദേഹത്തിന്റെ മനസിൽ വന്നത് കോളജ് കാലത്തെ ഭക്ഷണവുമായുള്ള യാത്രകളാണ്. വിശപ്പും മനുഷ്യദുഃഖങ്ങളും ഭൗതികതലത്തിൽ മാത്രം നിന്ന് സമീപിച്ചാൽ മതിയാകില്ലെന്ന ബോധ്യമാണ് അദ്ദേഹത്തെ പൗരോഹിത്യവഴിയിലേക്ക് എത്തിച്ചത്.

കുറിച്ചി മൈനർ സെമിനാരി, ആലുവ സെയ്ന്റ് ജോസഫ് പൊന്തിഫിക്കൽ മേജർ സെമിനാരി, റോമിലെ സാന്താക്രോച്ചേ എന്നിവിടങ്ങളിലായിരുന്നു ദൈവശാസ്ത്രപഠനം. റോമിൽ നിന്ന് കാനൻ നിയമത്തിൽ പിഎച്ച്.ഡിയും നേടി മടങ്ങിവന്ന അദ്ദേഹം 2004ൽ പാറേൽ സെയ്ന്റ് മേരീസ് പള്ളിയിൽ അസി. വികാരിയായി. ഇപ്പോൾ പൗരോഹിത്യത്തിന്റെ 20-ാം വർഷത്തിൽ അദ്ദേഹത്തെത്തേടി കർദിനാൾപദവി എത്തി. ദൈവശാസ്ത്ര പഠനത്തിലെ മികവാണ് അദ്ദേഹത്തെ വത്തിക്കാൻ സേവനത്തിലേക്ക് നയിച്ചത്. സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിൽ നൈപുണ്യം പുലർത്തിയ ജോർജ് ജേക്കബിന്റെ ആത്മീയ ഗുരു ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിലാണ്. പള്ളി ശുശ്രൂഷാകാലത്ത്



ഗുരുകുലത്തിൽ എന്നപോലെ മാർ പൗവത്തിൽ, ജോർജ് ജേക്കബിന്റെ അറിവിന്റെ വഴികളിൽ വിളക്കായിരുന്നു. മാർ പൗവത്തിലാണ് പഠനത്തിനായി അദ്ദേഹത്തെ റോമിലേക്ക് അയച്ചത്.

2006ലാണ് അദ്ദേഹം വത്തിക്കാൻ നയതന്ത്ര സർവീസിൽ പ്രവേശിക്കുന്നത്. അവിടെ മാർപാപ്പയുടെ യാത്രകളുടെ ചുമതലക്കാരൻ എന്ന വലിയ ദൗത്യമാണ് അദ്ദേഹത്തെ കാത്തിരുന്നത്. അൾജീരിയ, ദക്ഷിണകൊറിയ, മംഗോളിയ, ഇറാൻ, കോസ്റ്ററീക്ക, എന്നിവിടങ്ങളിൽ അപ്പോസ്തലിക്ക് നുൺഷോയുടെ സെക്രട്ടറിയുമായി. ഇപ്പോൾ വത്തിക്കാനിൽ തന്നെ പ്രവർത്തിക്കാൻ കർദിനാൾ പദവിയും. ചങ്ങനാശേരിക്കും കേരളസഭയ്ക്കും മാത്രമല്ല ഇന്ത്യയ്ക്ക് ആകെ ഇത് അഭിമാനത്തിന്റെ മുഹൂർത്തമാണ്.

അതേസമയം പുതിയ 21 കർദിനാൾമാരുടെ സ്ഥാനാരോഹണത്തോടെ ആഗോള കത്തോലിക്കാ സഭയിൽ ആകെ കർദിനാൾമാരുടെ എണ്ണം 253 ആയി. അതിൽ 140 പേർക്ക് പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനുള്ള കോൺക്ലേവിൽ വോട്ടവകാശം ഉള്ളവരുമാണ്. 80 വയസ് പിന്നിട്ട 113 പേർക്ക് പങ്കെടുക്കാൻ കഴിയില്ല. ഈ 140 വോട്ടർമാരായ കർദിനാൾമാരിൽ 110 പേരെ ഫ്രാൻസിസ് മാർപാപ്പയും 24 പേരെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയും ആറുപേരെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുമാണ് കർദിനാൾ പദവിയിലേക്ക് ഉയർത്തിയത്.

മൊത്തം കർദിനാൾമാരിൽ 115 പേർ യൂറോപ്പിൽ നിന്നും 37 പേർ ഏഷ്യയിൽ നിന്നും 29 പേർ ആഫ്രിക്കയിൽ നിന്നും 68 പേർ അമേരിക്കയിൽ നിന്നും (വടക്കേ അമേരിക്കയിൽ നിന്നും 28 പേർ എട്ട് പേർ മധ്യ അമേരിക്കയിൽ നിന്നും 32 പേർ തെക്കേ അമേരിക്കയിൽ നിന്നുമാണ്) നാല് പേർ ഓഷ്യാനിയയിൽ നിന്നും ഉണ്ട്. കോൺക്ലേവിൽ പങ്കെടുക്കാവുന്ന കർദിനാൾമാരിൽ ഏറ്റവും പ്രായം കുറഞ്ഞയാൾ ഉക്രേനിയൻ ബിഷപ്പ് മൈക്കോള ബൈചോക്ക് ആണ്. അദ്ദേഹത്തിന് 44 വയസാണ്. ഈ വർഷം ഡിസംബർ 24 ന് എൺപത് വയസ് തികയുന്ന ബോംബെ ആർച്ച് ബിഷപ്പ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ആണ് കോൺക്ലേവിൽ പങ്കെടുക്കാവുന്ന ഏറ്റവും പ്രായം കൂടിയ കർദിനാൾ.

## സഭയിൽ കർദിനാൾമാരുടെ സ്ഥാനം

കത്തോലിക്ക സഭയിൽ കർദിനാൾമാരുടെ സ്ഥാനവും പദവിയും ദൗത്യവുമെല്ലാം വളരെ കൃത്യമായി തന്നെ നിർവചിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. പൗരസ്ത്യ കാനോന സംഹിതയിൽ പരാമർശമില്ലാത്തതും ലത്തീൻ സഭയുടെ കാനൻ നിയമത്തിൽഉൾക്കൊള്ളുന്നതുമായ കർദിനാൾ സംഘത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം കോൺക്ലേവിൽ പങ്കെടുത്ത് പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുക തന്നെയാണ്.

എങ്കിലും സാർവത്രിക സഭയെ ഭരിക്കാനും നയിക്കാനുമുള്ള മാർപാപ്പയുടെ ദൗത്യത്തിൽ അദേഹത്തോട് ഏറ്റവും അധികം സഹകരിക്കുന്നവരാണ് കർദ്ദിനാൾമാർ. മാർപാപ്പയാൽ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നവർ മരണം വരെ കർദിനാൾ സംഘത്തിലെ അംഗങ്ങളായിരിക്കുമെങ്കിലും അതിൽ 80 വയസ് പൂർത്തിയായവർക്ക് പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ വോട്ടവകാശം ഉണ്ടായിരിക്കുകയില്ല.

കാർദോ എന്ന ലത്തീൻ വാക്കിൽ നിന്നാണ് കർദിനാൾ എന്ന വാക്കിന്റെ ഉത്ഭവം. കാർദോ എന്ന വാക്കിന്റെ അർത്ഥം വിജാഗിരി എന്നതാണ്. ഒരു വാതിലിന് വിജാഗിരി എത്രമാത്രം പ്രാധാന്യമുള്ളതാണോ അതു പോലെ വിശ്വാസികളുടെ വാതിലായ സഭയിൽ വളരെ പ്രധാനമായ ഒരു ദൗത്യം നിർവഹിക്കുന്നവരാണ് കർദിനാൾമാർ.

കത്തോലിക്കാ സഭയുടെ ഹയരാർക്കിയിൽ രണ്ടാം സ്ഥാനത്ത് കാണപ്പെടുന്ന കർദിനാളുമാർ ഗ്രിഗറി മാർപാപ്പയുടെ കാലം (590 -604 എഡി) മുതലെങ്കിലും പ്രസ്തുത പേരിലും ഔന്നത്യത്തിലും അറിയപ്പെടുകയും മാർപാപ്പമാരെ തിരഞ്ഞെടുക്കുക തുടങ്ങി കത്തോലിക്കാ സഭയുടെ റോമിലെ ഭരണത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുകയും ചെയ്തിരുന്നു. മാർപാപ്പയെ സാർവത്രിക സഭയുടെ ഭരണത്തിൽ സഹായിക്കുന്ന ഡിക്കാസ്റ്ററികളിൽ മിക്കതിന്റെയും തലപ്പത്തുള്ളവർ കർദ്ദിനാൾമാർ തന്നെയാണ്.

അങ്ങനെ മാർപാപ്പമാരെ ഭരണത്തിൽ സഹായിച്ചും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയ്ക്ക് വേണ്ട ഉപദേശങ്ങൾ നൽകിക്കൊണ്ടും കത്തോലിക്കാ സഭയിൽ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്ന കർദിനാൾ സ്ഥാനം, പക്ഷേ, മെത്രാൻ പട്ടത്തിന് മുകളിലുള്ള മറ്റൊരു പട്ടമല്ല. കത്തോലിക്കാ സഭയിലെ പട്ടങ്ങൾ ഡീക്കൻ പട്ടം, പുരോഹിത പട്ടം, മെത്രാൻ പട്ടം എന്നിങ്ങനെ മൂന്നാണ്. എന്നാൽ, കർദിനാൾമാർ മൂന്ന് ഗണമായി തരം തിരിക്കപ്പെട്ടിരിക്കുന്നു. അവ കർദിനാൾ മെത്രാൻ, പുരോഹിത കർദിനാൾ, ഡീക്കൻ കർദിനാൾ എന്നിവയാണ്. പൗരസ്ത്യ സഭയുടെ ഒരു പാത്രിയാർക്കീസിനെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുമ്പോൾ മാർപാപ്പ അദേഹത്തെ നേരിട്ട് കർദ്ദിനാൾ മെത്രാൻ സ്ഥാനത്തേക്കാണ് ഉയർത്തുക.

കത്തോലിക്കാ സഭയിലെ ഒരു വൈദികനെങ്കിലുമായിട്ടുള്ള ഏതൊരു വ്യക്തിയെയും മാർപാപ്പയ്ക്ക് കർദിനാൾ സ്ഥാനത്തേക്ക് ഉയർത്താമെങ്കിലും മെത്രാൻപട്ടം സ്വീകരിക്കാത്തവരെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുന്നതിന് മുൻപായി അവർക്ക് മെത്രാൻ പട്ടം കൊടുക്കേണ്ടതാണെന്ന് ലത്തീൻ സഭയുടെ കാനൻ നിയമത്തിലെ 351-ാം കാനോനയുടെ ഒന്നാം അനുച്ഛേദം വ്യക്തമാക്കുന്നുണ്ട്.

നേരിട്ട് പുരോഹിത കർദിനാൾ സ്ഥാനത്തേക്ക് ഒരു വ്യക്തിയെ നിയമിക്കുന്നത് അസാധാരണമല്ല. പദവികൊണ്ട് കത്തോലിക്കാ സഭയിൽ മാർപാപ്പയ്ക്ക് തൊട്ടു താഴെയാണ് കർദിനാൾമാർ വരിക. എന്നിരുന്നാലും അവരെ ഏത് ദൗത്യമാണ് മാർപാപ്പ ഏൽപ്പിച്ചിരിക്കുന്നത് എന്നതിനനുസരിച്ചായിരിക്കും അവരുടെ അധികാരം. ഇന്ത്യയിൽ നിന്ന് ആദ്യമായാണ് ഒരു വൈദികനെ മാർപാപ്പ നേരിട്ട് കർദിനാൾ പദവിയിലേക്ക് ഉയർത്തുന്നത്. വൈദികരെ കർദിനാളുമാരായി ഉയർത്താൻ നിശ്ചയിക്കുമ്പോൾ, പ്രസ്തുത കൺസിസ്റ്ററിക്ക് മുമ്പായി അവർക്ക് മെത്രാൻപട്ടം നൽകും. മോൺ. ജോർജ് കൂവക്കാട് അതനുസരിച്ച് നവംബർ 24ന് ചങ്ങനാശേരിയിൽ വച്ച് മെത്രാൻ പട്ടം സ്വീകരിച്ചിരുന്നു.

തങ്ങളുടെ പ്രശംസനീയമായ സഭാസേവനത്തെയോ, ദൈവശാസ്ത്ര സംഭാവനകളെയോ മാനിച്ച് എൺപത് വയസിന് മുകളിൽ പ്രായമായ വൈദികരെ മാർപാപ്പ കർദിനാൾ പദവിയിലേക്കുയർത്തുമ്പോൾ അവർ മെത്രാൻ പട്ടം സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അതിൽ നിന്ന് അവർക്ക് മാർപാപ്പമാർ ഒഴിവ് കൊടുക്കാറുമുണ്ട്. അങ്ങനെ മെത്രാൻ പട്ടത്തിൽ നിന്ന് ഒഴിവു വാങ്ങി വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽ നിന്ന് 2001 ജനുവരി 21ന് കർദിനാൾ പദവി സ്വീകരിച്ച പ്രശസ്ത അമേരിക്കൻ ദൈവശാസ്ത്രജ്ഞനാണ് അമേരിക്കൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയിരുന്ന ജോൺ ഫോസ്റ്റർ ഡീസിന്റെ പുത്രൻ അവേരി ഡള്ളസ്.



## ഇന്ത്യ മുന്നണി നേതൃസ്ഥാനത്തേക്ക് തന്നെ പിന്തുണച്ച നേതാക്കൾക്ക് നന്ദി പറഞ്ഞ് മമത ബാനർജി

കൊൽക്കത്ത: ഇന്ത്യാ ബ്ലോക്കിന്റെ നേതൃസ്ഥാനത്തേക്ക് തന്നെ പിന്തുണച്ച പ്രതിപക്ഷ നേതാക്കൾക്ക് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി നന്ദി പറഞ്ഞു. 'എന്നെ ആദരിച്ച എല്ലാ നേതാക്കളോടും ഞാൻ നന്ദിയുള്ളവളാണ്. അവർക്കെല്ലാം നല്ല ആരോഗ്യം നേരുന്നു. അവർ സുഖമായിരിക്കട്ടെ, അവരുടെ പാർട്ടി നന്നാവട്ടെ. ഇന്ത്യ നന്നാവട്ടെ,' ബാനർജി പറഞ്ഞു.

പ്രതിപക്ഷ സഖ്യത്തിന്റെ നിലവിലെ പ്രവർത്തനത്തിൽ അതൃപ്തി പ്രകടിപ്പിക്കുന്നതിനിടെ, അവസരം ലഭിച്ചാൽ ഇന്ത്യ ബ്ലോക്കിന്റെ ചുമതല ഏറ്റെടുക്കാമെന്ന് കഴിഞ്ഞ ആഴ്ച മമത ബാനർജി പറഞ്ഞിരുന്നു. ''അവസരം ലഭിക്കുകയാണെങ്കിൽ, അതിന്റെ സുഗമമായ പ്രവർത്തനം ഞാൻ ഉറപ്പാക്കും. എനിക്ക് ബംഗാളിന് പുറത്ത് പോകാൻ താൽപ്പര്യമില്ല, പക്ഷേ എനിക്ക് അത് ഇവിടെ നിന്ന് ഓടിക്കാം,' മമത പറഞ്ഞു.

മുൻ ബിഹാർ മുഖ്യമന്ത്രിയും ആർജെഡി അധ്യക്ഷനുമായ ലാലു യാദവ്, എൻസിപിഎസ്പി നേതാവ് ശരദ് പവാർ എന്നിവരുൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കളിൽ നിന്ന് തൃണമൂൽ മേധാവിക്ക് പിന്തുണ ലഭിച്ചു. എന്നാൽ കോൺഗ്രസ് മമതയുടെ നീക്കത്തെ എതിർത്ത് രംഗത്തെത്തി.

## റെയിൽവേ നിയമ ഭേദഗതി ബിൽ പാസാക്കി

ന്യൂഡൽഹി: എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പ്രവർത്തിക്കുന്ന റെയിൽവേ ബോർഡിന് നിയമ സാധുതയും കൂടുതൽ അധികാരങ്ങളും ഉറപ്പാക്കുന്ന റെയിൽവേ നിയമഭേദഗതി ബിൽ ലോക്സഭ പാസാക്കി. നിയമമാകുന്നതോടെ റെയിൽവേ ബോർഡ് അംഗങ്ങളുടെ എണ്ണം, സേവന നിബന്ധനകൾ, യോഗ്യത, അനുഭവം എന്നിവയിൽ കേന്ദ്ര സർക്കാരിന് കൂടുതൽ അധികാരം ലഭിക്കും.

എൻ.കെ.പ്രേമചന്ദ്രൻ, ഡീൻ കുര്യാക്കോസ് തുടങ്ങി പ്രതിപക്ഷ എം.പിമാരുടെ ഭേദഗതികൾ തള്ളി ശബ്ദവോട്ടോടെയാണ് ബിൽ പാസാക്കിയത്. 1989 ലെ റെയിൽവേ നിയമം ഭേദഗതി ചെയ്ത് 1905ലെ ഇന്ത്യൻ റെയിൽവേ ബോർഡ് നിയമത്തിലെ വ്യവസ്ഥകൾ ഒരു കുടക്കീഴിലാക്കിയതാണ് പ്രധാനം. ഇതോടെ റെയിൽവേ ബോർഡിന് നിയമപരമായ പിന്തുണ ലഭിക്കും. നിലവിൽ എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് പ്രവർത്തിക്കുന്നത്. പ്രവർത്തന സ്വാതന്ത്ര്യം വർദ്ധിപ്പിക്കാനും ബിൽ ലക്ഷ്യമിടുന്നു.

1. റെയിൽവേ സോണുകൾക്ക് കൂടുതൽ സ്വയംഭരണാവകാശം
2. സോണുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തൽ, അധികാരങ്ങൾ വികേന്ദ്രീകരിക്കൽ
3. പുതിയ ട്രെയിൻ സർവീസുകൾക്കുള്ള അംഗീകാരം നൽകുന്ന പ്രക്രിയ വേഗത്തിൽ
4. അടിസ്ഥാന സൗകര്യവികസനത്തിന് വ്യവസ്ഥകൾ

# വ്യാജ സ്ത്രീധന പീഡന പരാതി ബംഗ്ളൂരുവിൽ ടെക്കി ജീവനൊടുക്കി

ബംഗ്ളൂരു: ഭാര്യയുടെ വ്യാജ സ്ത്രീധനപീഡനപരാതിയുംമാനസികപീഡനവും സഹിക്കാനാവാതെ ബംഗ്ളൂരുവിൽ ഐ.ടി ജീവനക്കാരൻ ആത്മഹത്യ ചെയ്തു. ഉത്തർപ്രദേശ് സ്വദേശിയായ അതുൽ സുഭാഷാണ് (34) ജീവനൊടുക്കിയത്. അതുൽ എഴുതിയ 24 പേജുള്ള കത്ത് കണ്ടെടുത്തു. തിങ്കളാഴ്ച രാവിലെ ആറോടെയാണ് ഫ്ളാറ്റിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുന്നത്.

പീഡനങ്ങൾ വിവരിക്കുന്ന ദീർഘ വീഡിയോ സമൂഹ മാദ്ധ്യമത്തിൽ പങ്കുവച്ചായിരുന്നു ആത്മഹത്യ. അതുലിന്റെ കുടുംബത്തിന്റെ പരാതിയിൽ ഭാര്യ നികിത സിംഘാനിയ, അമ്മ നിഷ, സഹോദരൻ അനുരാഗ്, അമ്മാവൻ സുശീൽ എന്നിവർക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി.



2019ലായിരുന്നു ഇവരുടെ വിവാഹം. ഒരു വർഷം കഴിഞ്ഞപ്പോൾ ദമ്പതികൾക്ക് കുഞ്ഞ് ജനിച്ചു. പലപ്പോഴായി ഭാര്യാവീട്ടുകാർ പണം വാങ്ങി. കൂടുതൽ പണം ആവശ്യപ്പെട്ടപ്പോൾ വിസമ്മതിച്ചു. തുടർന്ന് ഭാര്യ കുട്ടിയേയുമെടുത്ത് വീട്ടിലേക്ക് പോയി. അതുലിനെതിരെ സ്ത്രീധന പീഡന കേസ് കൊടുത്തു.

ഇതിനിടെ നികിതയുടെ പിതാവ് മരിച്ചു. അതുൽ സ്ത്രീധനം ആവശ്യപ്പെട്ടതിനെ തുടർന്നുണ്ടായ വിഷമത്തിൽ ഹൃദയാഘാതം മൂലം മരിച്ചെന്ന് നികിത ആരോപിച്ചു. എന്നാൽ, ഇയാൾ ഹൃദ്രോഗ ബാധിതനായിരുന്നു.

### കള്ളക്കേസ് തീർക്കാൻ ഭാര്യ ചോദിച്ചത് 3 കോടി

കേസ് ഒത്തുതീർപ്പാക്കാൻ ഭാര്യ ആവശ്യപ്പെട്ടത് 3 കോടി രൂപയാണെന്ന് അതുൽ വീഡിയോയിൽ പറയുന്നു. കുട്ടിയെ കാണാൻ അനുവദിച്ചില്ല. അതിന് 50 ലക്ഷം പ്രത്യേകം ആവശ്യപ്പെട്ടു. ജൗൻപൂരിലെ കുടുംബകോടതി ജഡ്ജി താൻ പറയുന്നത് കേട്ടില്ല. കോടതി ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങി. ഒമ്പത് കേസുകൾ തനിക്കെതിരെ ഭാര്യ നൽകിയിട്ടുണ്ട്.

നീതി ലഭിക്കുംവരെ ചിതാഭസ്മം നിമജ്ജനം ചെയ്യരുത്. നീതി ലഭിച്ചാൽ ഗംഗയിലൊഴുക്കണം. ഇല്ലെങ്കിൽ റോഡിൽ കളയണം. നാല് വയസുള്ള മകന്റെ സംരക്ഷണം തന്റെ മാതാപിതാക്കൾക്ക് നൽകണം. വീഡിയോ എക്സിൽ പങ്കുവച്ച അതുൽ, മസ്കിനെയും ട്രംപിനെയും ടാഗ് ചെയ്തിട്ടുണ്ട്. നിങ്ങൾ ഇത് വായിക്കുമ്പോഴേക്കും താൻ മരിച്ചിരിക്കുമെന്നും ഇന്ത്യയിൽ ഇപ്പോൾ നിയമത്തെ വളച്ചൊടിച്ച് പുരുഷഹത്യ നടക്കുകയാണെന്നും പറയുന്നു.












# ഇറാസ് ടൂറിന് തിരശീല; ആവേശകരമായ പര്യടനമായിരുന്നെന്ന് ടെയ്‌ലർ സ്വിഫ്റ്റ്

അഞ്ച് ഭൂഖണ്ഡങ്ങൾ, 21 രാജ്യങ്ങൾ, 149 ഷോ..ഒടുവിൽ രണ്ട് വർഷത്തോളം നീണ്ടുനിന്ന ടെയ്‌ലർ സ്വിഫ്റ്റിന്റെ ചരിത്രം സൃഷ്ടിച്ച ഇറാസ് ടൂർ ഞായറാഴ്ച രാത്രി വാൻകൂവറിൽ അവസാനിപ്പിച്ചു.''ഞങ്ങൾ ഈ ടൂറിലൂടെ ലോകം മുഴുവൻ പര്യടനം നടത്തി, ഞങ്ങൾ ഒരുപാട് സാഹസങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ ജീവിതത്തിൽ ഞാൻ ചെയ്തിട്ടുള്ളതിൽ വച്ച് ഏറ്റവും ആവേശകരവും ശക്തവും തീവ്രവും വെല്ലുവിളി നിറഞ്ഞതുമായ കാര്യമാണിത്. ഈ ടൂറിൽ 10 ദശലക്ഷത്തിലധികം ആളുകൾക്കായി ഞങ്ങൾ പ്രകടനം നടത്തി, ഇന്ന് രാത്രി മനോഹരമായ വാൻകൂവറിൽ നിങ്ങൾക്കായി ഒരു അവസാന ഷോ ഞങ്ങൾ നൽകുന്നു. ഷോയുടെ തുടക്കത്തിൽ സ്വിഫ്റ്റ് ജനക്കൂട്ടത്തോട് പറഞ്ഞു''.'ഈ പര്യടനം ഒരു സാഹസികതയാണ്, എന്റെ ബാൻഡ്, എന്റെ ജോലിക്കാർ, എല്ലാവരും അവരുടെ കുടുംബം ഉപേക്ഷിച്ച്, അവർക്കറിയാവുന്നതും ഇഷ്ടപ്പെടുന്നതുമായ എല്ലാ കാര്യങ്ങളിൽ നിന്നും മാറിനിന്ന് പര്യടനത്തിനായി എന്നോടൊപ്പം നിന്നു. ഒപ്പം നിങ്ങൾ തന്ന സ്വീകാര്യതയ്ക്കും വളരെ നന്ദി''- സ്വിഫ്റ്റ് കൂട്ടിച്ചേർത്തു.അതേസമയം ഏറ്റവും കൂടുതൽ വരുമാനം നേടിയ സംഗീത പര്യടനമെന്ന ചരിത്രനേട്ടവും എറാസ് ടൂർ സ്വന്തമാക്കിയിരുന്നു. 149 പരിപാടികൾ അവതരിപ്പിക്കുകയും 2.08 ബില്ല്യൺ ഡോളറിന്റെ (ഏകദേശം 17633 കോടി രൂപ) ടിക്കറ്റുകൾ വിറ്റുപോകുകയും ചെയ്തു. 10.1 മില്ല്യൺ ആളുകളാണ് വ്യത്യസ്ത രാജ്യങ്ങളിലായി നടന്ന പരിപാടികൾ കാണാനെത്തിയത്.രണ്ട് വർഷം നീണ്ട ഇറാസ് ടൂറിന്റെ ഭാഗമായി 149 പരിപാടികളാണ് സ്വിഫ്റ്റും ടീമും അവതരിപ്പിച്ചത്. ഇത്രയും കാലത്തിനിടയിൽ ടീമിന് 197 മില്ല്യൺ ഡോളറാണ് (ഏകദേശം 1700 കോടി രൂപ) ബോണസായി സ്വിഫ്റ്റ് സമ്മാനിച്ചത്. ട്രക്ക് ഡ്രൈവർമാർ, പാചകക്കാർ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻമാർ, ലൈറ്റിങ് ആന്റ് സൗണ്ട് ക്രൂ, പ്രൊഡക്ഷൻ സ്റ്റാഫ്, ഡാൻസർമാർ, സുരക്ഷാ ജീവനക്കാർ, കൊറിയോഗ്രാഫർമാർ, ഹെയർ ആന്റ് മേക്കപ്പ് ആർട്ടിസ്റ്റ്, സ്റ്റൈലിസ്റ്റ്, വീഡിയോ ക്രൂ, ഫിസിക്കൽ തെറാപിസ്റ്റ് തുടങ്ങി ആയിരത്തോളം തൊഴിലാളികൾക്കാണ് ഇത്രയും പണം നൽകിയത്. 2023 മാർച്ചിൽ അരിസിലെ ഗ്ലെൻഡേലിൽ നിന്നാണ് സ്വിഫ്റ്റ് ഇറാസ് ടൂർ ആരംഭിച്ചത്.

## കെ-പോപ്പ് ബാൻഡായ ടി.എക്സ്.ടി നീണ്ട ഇടവേളയിലേക്ക്



ലോകമെമ്പാടും ആരാധകരുള്ള കൊറിയൻ സംഗീത ബാൻഡായ ടി.എക്സ്.ടി (ടുമോറോ ബൈ ടുഗെതർ (ഠീാീൃീം ത ഠീഴലവേലൃ) നീണ്ട ഇടവേള പ്രഖ്യാപിച്ചു. 2025 ജനുവരി 5-ന് നടക്കുന്ന 39-ാമത് ഗോൾഡൻ ഡിസ്ക് അവാർഡിൽ പങ്കെടുത്തതിന് ശേഷം തങ്ങൾ ഒരു നീണ്ട ഇടവേളയിൽ പോകുമെന്ന് ബാൻഡ് പ്രസ്താവിച്ചു.ടി.എക്സ്.ടിയുടെ ഏജൻസിയായ ബിഗ്ഹിറ്റ് ആണ് ഇക്കാര്യം വീവേഴ്സ് വഴി പ്രസ്താവനയിലൂടെ അറിയിച്ചത്. 2025 അവസാനത്തോടെ ബാൻഡ് ഗംഭീര തിരിച്ചുവരവ് നടത്തുമെന്നും ഏജൻസി വ്യക്തമാക്കി. തിരക്കേറിയ ഷെഡ്യൂളിൽ ഏർപ്പെടുന്നതിന് മുമ്പ് വിശ്രമിക്കാനും കുടുംബത്തോടൊപ്പം സമയം ചെലവഴിക്കാനും ഈ സമയം ഉപയോഗിക്കുമെന്ന് സംഘം അറിയിച്ചു. ബാൻഡിന്റെ ലീഡർ സൂബിൻ നവംബറിൽ താൻ ഇടവേള എടുക്കുകയാണെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രശസ്ത കൊറിയൻ സംഗീത ബാൻഡായ ആ്ഠട ന്റെ സഹോദരങ്ങൾ എന്നറിയപ്പെടുന്ന ഒരു ബാൻഡാണ് ഠതഠ. ഈ രണ്ട് ബാൻഡുകളും ഒരേ ഏജൻസിക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. 2019ൽ സംഗീതലോകത്തേക്ക് കടന്ന ഗ്രൂപ്പിൽ ആകെ അഞ്ച് അംഗങ്ങളാണുള്ളത്.

## 'ഞങ്ങളെ പ്രചോദിപ്പിക്കുന്നത് ഇനിയും തുടരുക'; അല്ലു അർജുനെ പ്രശംസിച്ച് അമിതാഭ് ബച്ചൻ




സിനിമാപ്രേമികൾ ഏറെ ആവേശത്തോടെ കാത്തിരുന്ന അല്ലു അർജുൻ പാൻ ഇന്ത്യൻ ചിത്രമാണ് പുഷ്പ 2. സുകുമാറിന്റെ സംവിധാനത്തിൽ അല്ലു അർജുൻ നായകനായി എത്തിയ ചിത്രത്തിന് ഇപ്പോഴും തിയേറ്ററിൽ പ്രദർശനം തുടരുകയാണ്. ചിത്രത്തിന്റെ വിജയത്തിന് പിന്നാലെ നിരവധി താരങ്ങളാണ് പുഷ്പയിലെ അല്ലു അർജുന്റെ പ്രകടനത്തിന് അഭിനന്ദിച്ച് രംഗത്ത് എത്തുന്നത്. അല്ലു അർജുനെ പ്രശംസിച്ച് ഇപ്പോൾ രംഗത്തെത്തിയിരിക്കുകയാണ് അമിതാഭ് ബച്ചൻ. അല്ലു തങ്ങളുടെയെല്ലാം പ്രചോദനമാണെന്നാണ് അമിതാഭ് ബച്ചൻ എക്സിൽ കുറിച്ചത്.'അല്ലു അർജുൻ ജീ, അങ്ങയുടെ ഉദാരപൂർണ്ണമായ വാക്കുകൾക്ക് നന്ദി. ഞാൻ അർഹിച്ചതിലും ഏറെയാണ് താങ്കൾ നൽകിയത്. നിങ്ങളുടെ കഠിനാധ്വാനത്തിന്റെയും പ്രതിഭയുടെയും വലിയ ആരാധകരാണ് ഞങ്ങളെല്ലാം. ഞങ്ങളെ പ്രചോദിപ്പിക്കുന്നത് ഇനിയും തുടരുക. താങ്കളുടെ തുടർ വിജയങ്ങൾക്ക് എൻറെ പ്രാർത്ഥനകളും ആശംസകളും' എന്നാണ് അമിതാഭ് ബച്ചൻ പറഞ്ഞത്.


## തുടർച്ചയായ പരാജയങ്ങൾ; അക്ഷയ്കുമാറിന് രക്ഷകനായി പ്രിയദർശൻ


ആരാധകരുടെ പ്രിയ താരമാണ് അക്ഷയ് കുമാർ. ആക്ഷൻ ചിത്രങ്ങളിൽ തിളങ്ങി നിൽക്കുന്ന താരത്തിന് നിരവധി ആരാധകരുണ്ട്. എന്നാൽ ഇപ്പോൾ താരത്തിന്റെ ചിത്രങ്ങൾ തുടർച്ചയായ പരാജയം ആണ് ഏറ്റുവാങ്ങുന്നത്.എന്നാൽ അക്ഷയ് കുമാറിന് രക്ഷകനായി പ്രിയദർശൻ എത്തുന്നു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്. പ്രിയദർശൻ- അക്ഷയ് കുമാർ കോമ്പോ വീണ്ടും ഒന്നിക്കുന്ന റിപ്പോർട്ടുകളാണ് പുറത്ത് വരുന്നത്. ഹൊറർ കോമഡി ജോണറിലുള്ള സിനിമയാണ് അക്ഷയ് കുമാറിനെ നായകനാക്കി പ്രിയദർശൻ ഒരുക്കുന്നത് എന്നാണ് ലഭിക്കുന്ന വിവരം. 2026 ഏപ്രിലിലാകും സിനിമ തിയേറ്ററുകളിലെത്തുക. 14 വർഷങ്ങൾക്ക് ശേഷം അക്ഷയ് കുമാറും പ്രിയദർശനും വീണ്ടും ഒന്നിക്കുന്നു എന്ന പ്രത്യേകതയും ചിത്രത്തിന് ഉണ്ട്.

## ഗ്ലാമറസ് ഫോട്ടോഷൂട്ടുമായി പാർവതി തിരുവോത്ത്



പുതിയ ഫോട്ടോഷൂട്ടുമായി നടി പാർവതി തിരുവോത്ത് രംഗത്ത്. മോഡേൺ ഔട്ട്ഫിറ്റിൽ തികച്ചും ഗ്ലാമറസായാണ് താരം എത്തിയിരിക്കുന്നത്.കറുപ്പും വെള്ളയും കലർന്ന വേഷത്തിൽ തികച്ചും ഗ്ലാമറസ് ആയി ആണ് താരം എത്തിയിരിക്കുന്നത്. താരത്തിന്റെ ഹെയർ സ്റ്റൈലും ഏറെ വ്യത്യസ്തമാണ്. അത് കൊണ്ട് തന്നെ സമ്മിശ്ര അഭിപ്രായം ആണ് ഇതിന് ലഭിക്കുന്നത്.അതേസമയം വിക്രം നായകനായെത്തിയ പാ.രഞ്ജിത്ത് സിനിമ തങ്കലാൻ ആണ് പാർവതിയുടേതായി ഏറ്റവും ഒടുവിൽ റിലീസ് ചെയ്ത ചിത്രം. പാർവതി അവതരിപ്പിച്ച ഗംഗമ്മ എന്ന നായികാ കഥാപാത്രം വലിയ പ്രശംസ നേടിയിരുന്നു.





# പേരക്കുട്ടിക്കായി മുടി ദാനം ചെയ്ത് രൺവീർ സിങ്ങിന്റെ അമ്മ





ബോളിവുഡിൽ ഏറ്റവും ആരാധകരുള്ള താരജോഡികളാണ് ദീപിക പദുക്കോണും രൺവീർ സിങ്ങും. മാസങ്ങൾക്ക് മുൻപാണ് ഇരുവർക്കും മകൾ പിറന്നത്.ദുവ പദുകോൺ സിങ് എന്നാണ് കുഞ്ഞിന് പേര് നൽകിയിരിക്കുന്നത്. ഇപ്പോൾ ദുവയ്ക്ക് വേണ്ടി മുടി ദാനം ചെയ്തിരിക്കുകയാണ് രൺവീറിന്റെ അമ്മ അഞ്ജു ഭവാനി.സോഷ്യൽ മീഡിയയിലൂടെയാണ് ഈ വിവരം അഞ്ജു പങ്കുവച്ചത്. ദുവയുടെ മൂന്നാം മാസത്തോട് അനുബന്ധിച്ചാണ് മുടി ദാനം ചെയ്തത് എന്നാണ് ഇൻസ്റ്റഗ്രാം കുറിപ്പിൽ ഇവർ പറയുന്നത്. മുറിച്ച മുടി കയ്യിൽ പിടിച്ച് നിൽക്കുന്ന ചിത്രവും ഇവർ പങ്കുവച്ചു.'എന്റെ പ്രിയപ്പെട്ട ദുവയ്ക്ക് സന്തോഷകരമായ മൂന്നാം മാസം ആശംസിക്കുന്നു. സ്നേഹവും പ്രതീക്ഷയുംകൊണ്ട് ഈ ദിവസം സ്പെഷ്യലാക്കുകയാണ്. വളർന്നുവരുന്ന ദുആയുടെ സന്തോഷവും സൗന്ദര്യവും നാം ആഘോഷിക്കുമ്പോൾ, നന്മയുടെയും ദയയുടെയും ശക്തിയെക്കുറിച്ചും നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ചെറിയ പ്രവൃത്തി പ്രയാസകരമായ സമയത്തിലൂടെ കടന്നുപോകുന്ന ഒരാൾക്ക് ആശ്വാസവും ആത്മവിശ്വാസവും നൽകുമെന്ന് പ്രതീക്ഷിക്കുന്നു.'- രൺവീറിന്റെ അമ്മ കുറിച്ചു.

# മാധ്യമ പ്രവർത്തകനെ തല്ലി തെലുങ്ക് താരം മോഹൻ ബാബു



മുതിർന്ന തെലുങ്ക് നടൻ മോഹൻ ബാബു മകൻ മഞ്ചു മനോജ് എന്നിവർ തമ്മില്ലുള്ള സ്വര ചേർച്ച വലിയ പ്രശ്നങ്ങളിലേക്ക് എത്തിയതായി റിപ്പോർട്ട്. മോഹൻ ബാബുവിൻറെ ജൽപള്ളിയിലെ വീട്ടിൽ ചൊവ്വാഴ്ച ഇളയ മകൻ മഞ്ചു മനോജ് എത്തിയത് വലിയ സംഘർഷത്തിന് വഴിവച്ചു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. അതേസമയം ഇത് റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരും ആക്രമിക്കപ്പെട്ടിട്ടുണ്ട് എന്നും റിപ്പോർട്ടുകൾ ഉണ്ട്. നടനും നിർമ്മാതാവുമായ മഞ്ചു മനോജ് വീട്ടിൻറെ ഉള്ളിലേക്ക് പ്രവേശിക്കാൻ ശ്രമിച്ചപ്പോൾ അവിടെ വിന്യസിച്ച സൗകര്യ സുരക്ഷ ഏജൻസിയുടെ ആളുകൾ അദ്ദേഹത്തെ പുറത്തേക്ക് തള്ളിയതോടെയാണ് സംഘർഷം ആരംഭിച്ചത്. ഇപ്പോൾ വൈറലാകുന്ന ദൃശ്യങ്ങൾ പ്രകാരം സംഭവം റിപ്പോർട്ട് ചെയ്യാൻ വന്ന ജേണലിസ്റ്റിനെ മനോജിൻറെ പിതാവും മുതിർന്ന നടനുമായ മോഹൻ ബാബു മൈക്ക് ഉപയോഗിച്ച് അടിക്കുന്നത് കാണാം. മാധ്യമ പ്രവർത്തകന് പരിക്കേറ്റതായി റിപ്പോർട്ടുണ്ട്. ഈ ദൃശ്യങ്ങൾ ഇപ്പോ വൈറൽ ആണ്.മനോജും ഭാര്യയും ചേർന്ന് ഭീഷണിപ്പെടുത്തിയും ബലപ്രയോഗത്തിലൂടെയും ജലപ്പള്ളിയുടെ വീട് കൈവശപ്പെടുത്താനുള്ള പദ്ധതി ആസൂത്രണം ചെയ്തതായി ആരോപിച്ച് തിങ്കളാഴ്ച പോലീസിൽ മോഹൻബാബു പരാതി നൽകിയതോടെയാണ് തെലുങ്കിലെ പ്രശസ്ത സിനിമ കുടുംബമായ മഞ്ചു കുടുംബത്തിലെ പ്രശ്നങ്ങൾ പുറംലോകം അറിഞ്ഞത്.അതേസമയം സ്വത്തിൽ ഒരു ഓഹരിക്ക് വേണ്ടിയല്ല, ആത്മാഭിമാനത്തിനാണ് താൻ പോരാടുന്നതെന്ന് മനോജ് മാധ്യമപ്രവർത്തകരോട് പ്രതികരിച്ചിരുന്നു.



# കുഞ്ചാക്കോ ബോബന്റെ ഉദയത്തോടെ ദിലീപിന്റെ പ്രഭ മങ്ങി; ലാൽ ജോസ്

മലയാളികൾ ഏറെ ഇഷ്ടപ്പെടുന്ന നടനാണ് കുഞ്ചാക്കോ ബോബൻ. സംവിധായകൻ ഫാസിൽ മലയാള സിനിമയ്ക്ക് സമ്മാനിച്ച നടന്മാരിൽ ഒരാളാണ് അദ്ദേഹം.അനിയത്തിപ്രാവ് എന്ന ആദ്യ സിനിമ ഇൻഡസ്ട്രി ഹിറ്റായ കുഞ്ചാക്കോ ബോബൻ ഒരുകാലത്ത് മലയാളത്തിന്റെ ചോക്ലേറ്റ് ഹീറോയായിരുന്നു. കുഞ്ചാക്കോ ബോബനെ കുറിച്ച് സംസാരിക്കുകയാണ് സംവിധായകൻ ലാൽ ജോസ്. അനിയത്തിപ്രാവ് എന്ന സിനിമ റിലീസായ ശേഷം കുഞ്ചാക്കോ ബോബൻ എന്ന നടൻ സിനിമ രംഗത്തേക്ക് വരികയും വലിയ താരമായി മാറുകയും ചെയ്തെന്ന് ലാൽ ജോസ് പറയുന്നു. കുഞ്ചാക്കോ ബോബൻ വന്ന ശേഷം ദിലീപിന്റെ പ്രഭ അൽപ്പം മങ്ങിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഒരു സിനിമയുടെ സെറ്റിൽ വെച്ച് ദിലീപ് കാവ്യ മാധവനോട് മലയാള സിനിമയിലെ ഏത് നടനെയാണ് കൂടുതൽ ഇഷ്ടമെന്ന് ചോദിച്ചെന്നും തന്റെ പേര് പറയുമെന്ന് കരുതിയപ്പോൾ കാവ്യ കുഞ്ചാക്കോ ബോബന്റെ പേരാണ് പറഞ്ഞതെന്നും ലാൽ ജോസ് പറഞ്ഞു.



# 'കടവുളേ, അജിത്തേ...' എന്നുള്ള വിളി അസ്വസ്ഥനാക്കുന്നു:താരം

ആരാധകരോടും പൊതുജനങ്ങളോടും അഭ്യർത്ഥനയുമായി തമിഴ് നടൻ അജിത്ത് കുമാർ. തന്നെ 'കടവുളേ, അജിത്തേ' എന്ന് അഭിസംബോധന ചെയ്യുന്നത് ഒഴിവാക്കണമെന്നാണ് അജിത്ത് ആരാധകരോട് അഭ്യർത്ഥിച്ചിരിക്കുന്നത്.മാനേജർ സുരേഷ് ചന്ദ്രയാണ് താരത്തിന്റെ അഭ്യർഥന സാമൂഹികമാധ്യമങ്ങളിൽ പങ്കുവെച്ചിരിക്കുന്നത്. കഴിഞ്ഞ കുറച്ചു നാളുകളായാണ് അജിത്തിന് ആരാധകരിൽ നിന്ന് പുതിയ പേര് വീണിരിക്കുന്നത്.തന്നെ പേരോ ഇനിഷ്യലുകളോ മാത്രം ഉപയോഗിച്ച് അഭിസംബോധന ചെയ്താൽ മതിയെന്നും പ്രസ്താവനയിൽ അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള പ്രയോഗങ്ങൾ തന്നെ അസ്വസ്ഥനാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.'പൊതുയിടങ്ങളിലും വിവിധ പരിപാടികളിലും കടവുളേ... അജിത്തേ... എന്ന് വിശേഷിപ്പിക്കുന്നത് എന്നെ അസ്വസ്ഥപ്പെടുത്തുന്ന കാര്യമാണ്. പേരിനൊപ്പം എന്തെങ്കിലും തരത്തിലുള്ള അഭിസംബോധനയോ വിശേഷണപദങ്ങളോ ചേർക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പേരോ ഇനിഷ്യലുകളോ ചേർത്ത് വിളിക്കുന്നതാണ് ഉചിതം.അതിനാൽ ഇത്തരം മുദ്രാവാക്യങ്ങളും അഭിസംബോധനകളും പൊതുയിടത്തിൽ നടത്തുന്നവർ അതിൽനിന്ന് വിട്ടുനിൽക്കണം', അജിത് പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

# ‘ട്രാക്കോ കേബിൾ’ ‘ആർക്കോ’ ഉള്ള കമ്പനിയായി മാറാം, ടീകോം ‘ധീം തരികിട തോം’ എന്ന കരാർ തിരുവാതിരകളിയുമാകാം....

കേരളാ വിൻഡോ


ആന്റണി ചടയംമുറി

ഇന്ന് (ബുധൻ) പത്രത്തിൽ കണ്ട ഒരു വാർത്തയിൽ ട്രാക്കോ കേബിൾസ് ജീവനക്കാർ അനിശ്ചിതകാല സമരം തുടങ്ങിയതായി കണ്ടു. ഒരു വർഷത്തോളമായി അങ്കമാലിയിലെ ഈ പൊതുമേഖലാ സ്ഥാപനത്തിൽ ശമ്പളം മുടങ്ങിയിരിക്കുകയാണ്. മറ്റൊരു വാർത്തയിൽ ടീകോം എന്ന ഗൾഫ് കമ്പനിക്ക് സർക്കാർ അനുവദിച്ച 2456 ഏക്കർ ഭൂമി നഷ്ടപരിഹാരം നൽകി തിരിച്ചു പിടിക്കാൻ പോകുന്നതായി വായിച്ചു. ഈ രണ്ട് വാർത്തകളെയും കുറിച്ചുള്ള വിശദീകരണങ്ങളിലൂടെ സർക്കാർ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ചില നയവിക്രിയകളെക്കുറിച്ച് ചിന്തിക്കാം.

പൊതുമേഖലാസ്ഥാപനങ്ങളെ ‘തൊട്ടിലാട്ടി പുന്നാരിക്കുന്ന’ ഒരു നയമാണ് സർക്കാരിനുള്ളതെന്ന് ഇടതു നേതാക്കൾ എപ്പോഴും വീമ്പടിക്കാറുണ്ട്. എന്നാൽ, കെ.എസ്.ആർ.ടി.സി.യിലെ എത്ര ജോലിക്കാർ ശമ്പളവും പെൻഷനും കിട്ടാതെ ഇതിനകം ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് ചോദിച്ചാൽ ഇതേ നേതാക്കളുടെ അണ്ണാക്കിൽ പിരിവെട്ടും. കഴിഞ്ഞ മൂന്നു വർഷം മുമ്പ് 200 കോടി രൂപയുടെ വിറ്റു വരവ് ഉണ്ടായിരുന്ന കമ്പനി എങ്ങനെ ഇങ്ങനെയൊരു പതനത്തിലെത്തിയെന്ന ചോദ്യത്തിന്, ട്രാക്കോ കേബിൾ കമ്പനിയുടെ കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പുകാരനായ ചെയർമാന് മറുപടിയില്ല.

ട്രാക്കോ കേബിളിന് ഇരുമ്പനത്തും തിരുവല്ലയിലും ഡിപ്പോകളുണ്ട്. മൂന്നു വർഷമായി ജോലിക്കാരിൽ നിന്ന് പിരിച്ചെടുത്ത പി.എഫ്. വിഹിതം ഇപ്പോഴും പ്രൊവിഡന്റ് ഫണ്ടിൽ അടച്ചിട്ടില്ല. എംപ്ലോയീസ് സൊസൈറ്റികളിലേക്കുള്ള തൊഴിലാളി വിഹിതമായി പിരിച്ചെടുത്ത ഒന്നരകോടി രൂപയും മാനേജ്മെന്റ് വിഴുങ്ങി. പോയ വർഷങ്ങളിൽ ശരാശരി 30 കോടി രൂപവച്ച് സർക്കാരിന് ലാഭവിഹിതമായി നൽകി വന്ന കമ്പനിയാണിത്.

കെ.എസ്.ഇ.ബിയിൽ നിന്ന് 152 കോടിയുടെ ഓർഡർ ലഭിച്ചിട്ടും, അത് മുതലാക്കാൻ കഴിയാതെ പോയ കമ്പനിക്ക് 22 കോടിയുടെ പ്രൊഡക്ഷനാണ് ബോർഡിനു വേണ്ടി പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇപ്പോൾ ട്രാക്കോ കേബിൾ കമ്പനിയുടെ ബാധ്യത 231.52 കോടി രൂപയാണ്. പ്രൊഡക്ഷനു വേണ്ടി പണം കടം കൊടുത്തിരുന്ന പവർ ഫിനാൻസ് കോർപ്പറേഷനും 89.99 കോടി നൽകാനുണ്ട്. സ്റ്റീൽ നൽകിയ വകയിൽ 4.9 കോടി രൂപ ഒരു സ്വകാര്യ കമ്പനിക്ക് നൽകണം.

ഇരുവരും ട്രാക്കോ കേബിളിനെതിരെ കോടതിയിൽ കേസ് നൽകിക്കഴിഞ്ഞു. പ്രവർത്തന മൂലധനമില്ലാതെ വന്നതോടെയാണ് കമ്പനിയുടെ പ്രവർത്തനം സ്തംഭിച്ചത്. ഒരു മുന്നണി നേതാവ് ചെയർമാനായിരിക്കെ, സി.പി.എം. നേതൃത്വത്തിലുള്ളവർ ഈ കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിൽ വലിയ താൽപ്പര്യം കാണിച്ചിരുന്നില്ല. മാത്രമല്ല, കമ്പനിയിലെ മധ്യവയസ്ക്കരായ തൊഴിലാളികളും കാലപ്പഴക്കം വന്ന മെഷീനറിയും ഒരേ പോലെ ബാധ്യതയാവുമെന്ന് വ്യവസായ മന്ത്രി പോലും കരുതിയിരിക്കാം.

കമ്പനി പൂട്ടിയാൽ, അതിന്റെ മറവിൽ നടക്കാൻ പോകുന്ന റിയൽ എസ്റ്റേറ്റ് കച്ചവടത്തിലും സി.പി.എമ്മിലെ ചില നേതാക്കൾക്ക് കള്ളലാക്കുണ്ടാവാം. കോഴിക്കോട് നഗരത്തിൽ







പൂട്ടിപ്പോയ കമ്പനിയുടെ 45 ഏക്കർ ഭൂമി നിസ്സാര വിലയ്ക്ക് ഒരു ഗുജറാത്ത് കമ്പനി വാങ്ങിച്ചതിന്റെ പിന്നിലെ ‘കള്ളക്കളി’ വാർത്തയാക്കാൻ മടിക്കുന്ന മുഖ്യധാരാമാധ്യമങ്ങളുള്ളപ്പോൾ ‘ട്രാക്കോ’ ആർക്കോ വിറ്റു തുലയ്ക്കാൻ പോകുന്നുവെന്നു മാത്രം ചിന്തിച്ചാൽ മതി.

## ടീകോം നോട്ട് ടീക് ഹേ, (ഹോ!)

ഒരു കമ്പനി ലക്ഷത്തിനടുത്ത തൊഴിലവസരങ്ങളുണ്ടാക്കുമെന്നു പറഞ്ഞപ്പോൾ, അവർക്ക് ഉമ്മൻചാണ്ടി സർക്കാർ സൗജന്യമായി കാക്കനാട് ഇൻഫോപാർക്കിനടുത്ത് 245 ഏക്കർ ഭൂമി നൽകിയെന്നത് ചരിത്രം. അതേ ഭൂമി കമ്പനി തരിശുനിലമായി ഇട്ടത് 12ലേറെ വർഷങ്ങൾ. പ്രളയവും, കോവിഡും, ആഗോളമാന്ദ്യവും മൂലം ടീകോമിന് ആരംഭിക്കാൻ കഴിയാതെ പോയ ഐ.ടി. സംരംഭത്തെപ്പറ്റിയുള്ള ചർച്ചകൾ ഇപ്പോൾ മാധ്യമങ്ങളിൽ അങ്ങാടിപ്പാട്ടാണ്. ഒ.സി.യുടെ കാലത്ത് ഇതേ സംരംഭത്തിന്റെ ചുക്കാൻ പിടിച്ച വിദ്വാനെ കൊണ്ട് ‘വിഷമിറക്കി’ ടീകോമിന് അങ്ങോട്ട് നഷ്ടപരിഹാരം നൽകി ഭൂമി വീണ്ടെടുക്കുന്നത്, ടീകോമുമായുള്ള കരാറിൽ മഷിപ്പേന കൊണ്ട് എഴുതിച്ചേർത്ത ഒരു വ്യവസ്ഥയുടെ ബലത്തിലാണത്രെ.

ഈ കരാറിന്റെ ഒറിജിനലിന്റെ കസ്റ്റോഡിയൻ ആരായിരുന്നു? തോപ്പുംപടി ബി.ഒ.ടി. പാലത്തിൽ ടോൾ പിരിക്കാൻ കൂടുതൽ വർഷങ്ങൾ കരാർ കമ്പനിക്ക് നൽകിയതും, ഇങ്ങനെയൊരു തിരുത്തലിന്റെ പിൻബലത്തിലായിരുന്നില്ലേ? ഭരണകൂടം ‘ജാഗ്രതക്കുറവ്’ എന്ന് വിശേഷിപ്പിക്കുന്ന ഇത്തരം തിരുത്തലുകളിലൂടെ ജനം കൂടുതൽ കബളിപ്പിക്കപ്പെടുന്നുവെന്നതല്ലേ സത്യം ?

## സി.ബി.ഐ.യെ ആർക്കാണ് പേടി ?

നവീൻബാബു കേസിൽ നാളെ (വ്യാഴം) ഹൈക്കോടതി വിചാരണ നടത്തുന്നുണ്ട്. നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയുടെ ഹർജിയിൽ സർക്കാരിനും പോലീസിനും പറയാനുള്ളത് കോടതി കേൾക്കും. ഇതിനിടെ പോലീസിന്റെ മഹസറിൽ നവീൻ ബാബുവിന്റെ അടിവസ്ത്രത്തിൽ കണ്ട രക്തക്കറയെക്കുറിച്ച് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പരാമർശമില്ലാത്തത് മറ്റൊരു തർക്കത്തിന് കാരണമായേക്കാം.

പി.പി. ദിവ്യയുടെ ഭർത്താവും, പെട്രോൾ പമ്പ് അപേക്ഷകനായ പ്രശാന്തനും ജോലി ചെയ്യുന്ന പരിയാരം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തരുതെന്ന നവീൻബാബുവിന്റെ കുടുംബത്തിന്റെ അഭ്യർത്ഥന കണ്ണൂർ കളക്ടർ കേൾക്കാതെ പോയതിനുള്ള കാരണവും പ്രതിഭാഗം വിശദീകരിക്കേണ്ടിവരാം. ഹോമിയോ പഠിച്ച്, അതിന്റെ ബലത്തിൽ പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. സീറ്റ് തരമാക്കിയ ഒരു കടുത്ത പാർട്ടി സഖാവാണ് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെന്ന് നവമാധ്യമങ്ങൾ പറയുന്നു.

മൃതദേഹം ഞാന്നു കിടന്ന പ്ലാസ്റ്റിക് നൂലിന്റെ ബലക്കുറവ് പോലും ഇനി ചോദ്യം ചെയ്യപ്പെട്ടേക്കാം. പോസ്റ്റമോർട്ടം റിപ്പോർട്ടിൽ രക്തക്കറ ഇല്ലാതെ പോയതും, ശരീരത്തിൽ മുറിവോ ചതവോ ഉണ്ടായിരുന്നില്ലെന്ന കണ്ടെത്തലുമെല്ലാം കോടതി സസൂക്ഷ്മം നിരീക്ഷിക്കും.

സർക്കാരിന് രുചികരമല്ലാത്ത വിധികൾ പറഞ്ഞിരുന്ന ന്യായാധിപനെ ‘റോസ്റ്റർ’ ചേഞ്ചിന്റെ പേരിൽ ഈ കേസ് വിചാരണയിൽ നിന്ന് ഒഴിവാക്കിയതിനെപ്പറ്റി സംശയിക്കാൻ കാരണമൊന്നുമില്ല. ഒരു പ്രമുഖ സർക്കാർ ഉദ്യോഗസ്ഥനെതിരെയുള്ള അനധികൃത സ്വത്ത് സമ്പാദന കേസ് വിചാരണ 2018ൽ തുടങ്ങി 2024 ഓഗസ്റ്റ് 7ന് പൂർത്തിയായതാണ്. പക്ഷെ ഈ കേസിന്റെ നിലവിലുള്ള സ്ഥിതിയെപ്പറ്റി ഹൈക്കോടതിയുടെ ഔദ്യോഗിക സൈറ്റിൽ വിവരമൊന്നുമില്ല. ഡൽഹി മുഖ്യമന്ത്രിയായിരുന്ന കെജ്രിവാളിനെ അഴിമതിക്കേസിൽ നാലര മാസം തടവിൽ പാർപ്പിക്കാൻ ശൗര്യം കാട്ടിയ ഇ.ഡി.ക്ക്, കേരളത്തിലെ ഒരു മുൻ മന്ത്രിയെ സമൻസയച്ച് വിളിപ്പിക്കാൻ പോലും കഴിഞ്ഞിട്ടില്ല.

വിചാരണ കഴിഞ്ഞ് 2024 ഫെബ്രുവരിയിൽ വിധി പറയേണ്ട കേസ് ഇപ്പോഴും ശൂന്യതയിലാണ്. കോവിഡ് കാലത്തു നടന്ന സ്പ്രിംഗ്ളർ ഇടപാട് സംബന്ധിച്ച് പരാതി നൽകിയത് രമേശ് ചെന്നിത്തലയാണ്. ആ കേസിന്റെ ഇനിയുള്ള വാദം കേൾക്കൽ 2025 ഫെബ്രുവരിയിലാണ്. ഇതെല്ലാം കോടതിയുടെ ജോലിഭാരം കൊണ്ടുമാത്രം സംഭവിക്കുന്നതാണോ? പിണറായി സർക്കാരിനും ഭരണത്തിനുമെതിരെയുള്ള കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തേ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാത്തത് ?

## റീ ബിൽഡ് കേരളയും റീബിൽഡ് കോമഡി സ്റ്റോറികളും !

പ്രളയം കഴിഞ്ഞപ്പോഴാണ് റീ ബിൽഡ് കേരളയെന്ന മുദ്രാവാക്യം ഭരണ നേതാക്കൾ ഉറക്കെ പറയാൻ തുടങ്ങിയത്. എന്നാൽ, പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതും, പുതുക്കിപ്പണിതതുമായ സർക്കാർ കെട്ടിടങ്ങൾ എത്രയുണ്ടെന്ന ചോദ്യത്തിനു പോലും മറുപടി നൽകാൻ കഴിയാത്തത്ര പിടിപ്പുകേട് നിറഞ്ഞ ഭരണമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

സർക്കാർ ജീവനക്കാരുടെ മൊത്തം എണ്ണം, അതിൽ സ്ഥിരക്കാർ എത്ര, താൽക്കാലികക്കാർ എത്ര, സർക്കാരിന്റെ കൈവശമുള്ള മൊത്തം ഭൂമി എത്ര അങ്ങനെയങ്ങനെ നിരവധി ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ഇനിയും സർക്കാരിന് കഴിയുന്നതേയില്ല.

## പാർട്ടി വിട്ടാൽ ഉടൻ കേസ് പൊങ്ങും!

സി.പി.എം. വിട്ട മധു മുല്ലശേരി എന്ന പ്രാദേശിക നേതാവ് സാമ്പത്തിക ക്രമക്കേട് നടത്തിയതായി പാർട്ടി പോലീസിന് പരാതി നൽകിക്കഴിഞ്ഞു. മറ്റൊരു പാർട്ടി നേതാവിനെ പഴയ കുടുംബപ്രശ്നത്തിന്റെ പേരിൽ പാർട്ടി പ്രതിയാക്കിയിട്ടുണ്ട്.

എന്തിന് പാർട്ടി വിട്ട പി.വി. അൻവറിന്റെ കളമശ്ശേരി എൻ.എ.ഡി.യിലുള്ള ഏഴ് നില കെട്ടിടം നിയമം ലംഘിച്ചുള്ള നിർമ്മിതിയാണെന്നും പാർട്ടി കണ്ടെത്തിക്കഴിഞ്ഞു. പാർട്ടിയംഗമായിരിക്കെ, ഇവരെല്ലാം പ്രിയ സഖാക്കൾ, പാർട്ടി വിട്ടാൽ ‘കുലം കുത്തി’ എന്ന മട്ടിലാണ് കാര്യങ്ങളുടെ പോക്ക്.

കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യുടെ അതേ മാതൃകയാണ് സംസ്ഥാനം ഭരിക്കുന്ന പിണറായി സർക്കാരും സ്വീകരിച്ചിട്ടുള്ളത്. അനധികൃത സ്വത്തെന്നു പറഞ്ഞ മഹാരാഷ്ട്രയിലെ അജിത് പവാറിന്റെ 1200 കോടി രൂപയുടെ സ്വത്തുക്കളാണ്, അജിത് ബി.ജെ.പി.യിൽ ചേർന്നതോടെ ഇ.ഡി. വിട്ടു കൊടുത്തത് !

## റോഡല്ലേ, സ്റ്റേജ് കെട്ടാൻ ബെസ്റ്റല്ലേ?

വഞ്ചിയൂർ പോലീസ് സ്റ്റേഷന്റെ മൂക്കിന്റെ തുമ്പത്തായി, സി.പി.എം. ഏരിയാ സമ്മേളനത്തിനുവേണ്ടി ഡിസംബർ 5നാണ് റോഡിൽ സ്റ്റേജ് കെട്ടിയത്. ആമയിഴഞ്ചാൽ തോട് സ്ലാബിട്ട് മൂടി വഴിയായി മാറിയപ്പോൾ ജനം അതേ വഴിയിലൂടെ സഞ്ചരിക്കുന്നത് പതിവാക്കി. റോഡരികുകളിൽ കൊടി കെട്ടരുത്, രക്തസാക്ഷി മണ്ഡപം സ്ഥാപിക്കരുത് തുടങ്ങിയുള്ള കോടതി നിർദ്ദേശങ്ങൾ കാറ്റിൽ പറത്തി റോഡിൽ സ്റ്റേജ് കെട്ടിയാലും ആരുണ്ട് ചോദിക്കാനെന്ന മട്ടിലുള്ള ഭരണകക്ഷിയുടെ ധാർഷ്ട്യം ജനങ്ങൾക്കെതിരെയുള്ള വെല്ലുവിളി തന്നെയാണ്. ഭരണവിരുദ്ധ വികാരം നാട്ടിൽ ‘കൊലവെറി’ യായി പടരവേ, ഇനി പാർട്ടി വിരുദ്ധ വികാരം കൂടി നാട്ടിൽ നട്ടു വളർത്താൻ തീരുമാനിച്ച ‘ഗോവിന്ദ മഹാരാജാവ്’ നീണാൾ വാഴട്ടെ. ഇപ്പോൾ കണ്ടാലറിയാവുന്ന (അറിയാത്ത എന്ന് പോലീസ് ഭാഷ്യം) 500 പേർക്കെതിരെയുള്ള കേസെടുക്കൽ, ഒരു സ്റ്റേജല്ലേ കെട്ടിയുള്ളൂ, പാർട്ടി മന്ദിരമൊന്നും പണിതില്ലല്ലോ എന്ന രീതിയിൽ ‘എരിവ് പോയ മുളക്’ പോലെ പുകഞ്ഞു തീരുമെന്നാണ് തോന്നുന്നത്. തലസ്ഥാനത്തു പോകുമ്പോൾ, ഏരിയാ സമ്മേളനം പെരുവഴിയിൽ നടത്തേണ്ടി വന്ന സി.പി.എമ്മിന്റെ പുതിയ ബഹുനില മന്ദിരം എ.കെ.ജി. സെന്ററിനരികെ പണി പൂർത്തിയായി വരുന്നത് കാണാതിരിക്കല്ലേ? പാർട്ടിക്കാർ കഴിച്ചിരുന്ന കട്ടൻ കാപ്പി ഹോർലിക്സും ഫലൂഡയുമായതും, പരിപ്പു വട ഒന്നാന്തരം മട്ടൻ ബിരിയാണിയായതും അറിയാത്തവർ ആ മഹാമന്ദിരം കാണാതെ പോയാൽ ആ കെട്ടിടത്തിന് നൽകാൻ പോകുന്ന ഒരു അയ്യോ പാവം ‘തൊഴിലാളി നേതാവിനെ’ അപമാനിക്കലാവില്ലേ? അരുതനിയാ, അരുത് ...!



## 10 വർഷത്തിന് ശേഷം റീ റിലീസ് ചെയ്ത്
# നോളന്റെ ഇന്റർസ്റ്റെല്ലാർ




ക്രിസ്റ്റഫർ നോളന്റെ സൂപ്പർഹിറ്റ് ചിത്രം ഇന്റർസ്റ്റെല്ലാർ വീണ്ടും റിലീസിനെത്തി. പത്ത് വർഷത്തിന് ശേഷമാണ് ചിത്രം വീണ്ടും റിലീസിനെത്തിയത്.മാത്യു മക്കോനാഗെയും ആനി ഹാത്വേയും അഭിനയിച്ച സയൻസ് ഫിക്ഷൻ യു.എസിലെയും കാനഡയിലെയും 166 സ്ക്രീനുകളിൽ നിന്ന് 4.5 മില്യൺ ഡോളർ നേടി.‘‘പ്രേക്ഷക പ്രതികരണത്തിൽ ഞാൻ വളരെ സന്തുഷ്ടനാണ്, ഏത് കാലത്തും ആളുകൾ നിങ്ങളുടെ ജോലിയോട് പ്രതികരിക്കുമ്പോൾ അത് ശരിക്കും ആവേശകരമാണ്’’- നോളൻ അസോസിയേറ്റഡ് പ്രസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു. 2014 നവംബർ 7നായിരുന്നു ‘ഇന്റർസ്റ്റെല്ലാർ’ റിലീസ് ചെയ്തത്. മാത്യൂ മക്കൊനാഗീ, ആൻ ഹാതവേ, ജെസീക്ക ചാസ്റ്റെയിൻ എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ചു. ഏറെ പ്രേഷക പ്രശംസ പിടിച്ചുപറ്റിയ സിനിമ ബോക്സ് ഓഫീസിലും വൻ നേട്ടം ഉണ്ടാക്കി. ലോകമെമ്പാടുമായി 730 ദശലക്ഷത്തിലധികം ഡോളർ സിനിമ നേടു കയും ചെയ്തു.സിനിമയിലെ ഒറിജിനൽ മോഷൻ പിക്ചർ സൗണ്ട്ട്രാക്ക് നൽകിയത് ഹാൻസ് സിമ്മർ അണ്. മികച്ച ഒറിജിനൽ സ്കോറിനുള്ള ഗ്രാമി അവാർഡും മറ്റു നിരവധി അവാർഡുകളും സിനിമയിലെ പശ്ചാത്തല സംഗീതത്തിന് ലഭിച്ചിട്ടുണ്ട്. സഹോദരൻ ജോനാഥൻ നോളനോടൊപ്പം ചേർന്നാണ് അദ്ദേഹം ഇന്റർസ്റ്റെല്ലാറിന്റെ തിരക്കഥ എഴുതിയത്. ഗോളാന്തര ജീവിതം സ്വപ്നം കാണുന്ന മനുഷ്യന്റെ ഭാവി പ്രവചിക്കുന്നത് പോലെയാണ് സിനിമയുടെ കഥ.

# പുഷ്പ 2 കോമഡി പീസാക്കി; ഫഹദ് തെലുഗ് സിനിമ നിർത്തിയെന്ന് റിപോർട്ടുകൾ



ഫഹദ് ഫാസിൽ തെലുങ്ക് സിനിമകളിലെ അഭിനയം നിർത്തിയതായി റിപ്പോർട്ട്. പുഷ്പ 2വിലെ കഥാപാത്രത്തോട് നീതി പുലർത്തിയില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ഫഹദ് ഫാസിൽ തെലുങ്ക് സിനിമയിൽ നിന്ന് പിന്മാറുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വിജയകരമായി ചിത്രം മുന്നേറുമ്പോഴും അല്ലു അർജുന്റെ മാത്രം വിജയമായാണ് ആഘോഷിക്കപ്പെടുന്നതെന്നും സിനിമയിലെ പ്രധാന വില്ലനായ ഫഹദ് ഫാസിലിനെ ഉൾപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതെല്ലാം ഫഹദിനെ ചൊടിപ്പിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. തെലുഗ് സിനിമകളിൽ അഭിനയിക്കരുതെന്ന് ഫഹദ് പരിചയക്കാരോട് പറഞ്ഞുവെന്നും അമർ ഉജ്വല റിപ്പോർട്ട് ചെയ്യുന്നന്നു. പുഷ്പ ഒന്നാം ഭാഗത്തിൽ ഫഹദ് ഫാസിൽ അവതരിപ്പിക്കുന്ന ഭൻവർ സിങ് ഷെഖാവത്തിന്റെ ആമുഖം മാത്രമാണ് കാണിക്കുന്നതെന്നും പ്രസ്തുത കഥാപാത്രവും അല്ലു അർജുന്റെ കഥാപാത്രമായ പുഷ്പരാജും തമ്മിലുള്ള കൂടുതൽ സീനുകൾ രണ്ടാം ഭാഗത്തിലായിരിക്കും ഉണ്ടാവുക എന്നും സുകുമാർ ഫഹദ് ഫാസിലിന് വാക്ക് നൽകിയിരുന്നു.സുകുമാർ വാക്ക് നൽകിയതുകൊണ്ട് ഫഹദ് പുഷ്പ ചെയ്യാമെന്ന് സമ്മതിച്ചത്. എന്നാൽ സിനിമയിൽ ഫഹദിന് വേണ്ടത്ര പരിഗണന ലഭിച്ചില്ല. പുഷ്പ 2വിന് പൊതുവേ മോശം പ്രതികരണമാണ് കേരളത്തിൽ നിന്ന് ലഭിച്ചിരുന്നതെങ്കിലും ഫഹദ് ഫാസിലിന്റെ അഭിനയം കാണാനായിട്ടായിരുന്നു ആരാധകർ തിയേറ്ററുകളിലേക്കെത്തിയിരുന്നത്. എന്നാൽ ഈ സിനിമയിൽ ഫഹദിനെ ചിത്രീകരിച്ചിരിക്കുന്ന രീതി ആരാധകരിലും നീരസമുണ്ടാക്കി.

# രാം ചരൺ സിനിമയിൽ കാമിയോ റോളിൽ സൽമാൻ



സൽമാൻ ഖാൻ വീണ്ടും തെലുങ്ക് സിനിമയുടെ ഭാഗമാകുന്നതായി റിപ്പോർട്ട്. രാം ചരൺ നായകനാകുന്ന പുതിയ ചിത്രത്തിലാകും സൽമാൻ ഭാഗമാവുക.ആർ സി 16 എന്ന് താത്കാലികമായി പേര് നൽകിയിരിക്കുന്ന സിനിമയിൽ സ്പെഷ്യൽ കാമിയോ വേഷത്തിലാകും നടനെത്തുക. സിനിമയുടെ അണിയറപ്രവർത്തകർ സൽമാനുമായി ചർച്ചകൾ നടത്തിയതായാണ് സൂചന. സൽമാന്റെ കാമിയോ സംബന്ധിച്ച് നടനിൽ നിന്നോ സിനിമയുടെ അണിയറപ്രവർത്തകരിൽ നിന്നോ ഔദ്യോഗിക സ്ഥിരീകരണം വന്നിട്ടില്ല.ഉപ്പേന എന്ന ബ്ലോക്ക്ബസ്റ്റർ ചിത്രത്തിലൂടെ അരങ്ങേറ്റം കുറിച്ച ബുച്ചി ബാബു സംവിധാനം ചെയ്യുന്ന ചിത്രമാണ് ആർ സി 16. പ്രമുഖ പ്രൊഡക്ഷൻ ഹൗസായ മൈത്രി മൂവി മേക്കേഴ്സ് അവതരിപ്പിക്കുന്ന ചിത്രം വെങ്കട സതീഷ് കിലാരു ആണ് നിർമിക്കുന്നത്.വൃദ്ധി സിനിമാസിന്റെ ബാനറിൽ വമ്പൻ ബജറ്റിൽ ആണ് ചിത്രം ഒരുങ്ങുന്നത്.



# ധനുഷ് വീണ്ടും ഹോളിവുഡിലേക്ക്; നായിക സിഡ്നി

തെന്നിന്ത്യൻ സൂപ്പർ താരം ധനുഷ് വീണ്ടും ഹോളിവുഡിലേക്ക്. ’ദി എക്സ്ട്രാ ഓർഡിനറി ജേർണി ഓഫ് ദി ഫക്കിർ’, ക്യാപ്റ്റൻ അമേരിക്ക താരം ക്രിസ് ഇവാൻസിനൊപ്പമുള്ള ’ദി ഗ്രേമാൻ’ എന്നീ സിനിമകൾക്ക് ശേഷം ധനുഷ് വീണ്ടും മറ്റൊരു ഹോളിവുഡ് സിനിമയുടെ ഭാഗമാകുവുകയാണ്. സോണി പിക്ചേഴ്സ് നിർമിക്കാനൊരുങ്ങുന്ന ’സ്ട്രീറ്റ് ഫൈറ്റർ’ എന്ന ഹോളിവുഡ് സിനിമയിൽ ധനുഷ് നായകനായി എത്താനൊരുങ്ങുന്നു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. യൂഫോറിയ, മാഡം വെബ്, ദി വൈറ്റ് ലോട്ടസ്, എനിവൺ ബട്ട് യൂ എന്നീ സിനിമകളിലൂടെ ഹോളിവുഡ് ഐക്കണായി മാറിയ നടി സിഡ്നി സ്വീനിയാണ് ധനുഷിൻറെ നായികയായി എത്തുന്നത്.ജനപ്രിയ വീഡിയോ ഗെയിം ഫ്രാഞ്ചൈസിയെ അടിസ്ഥാനമാക്കിയുള്ള സിനിമ, 2026 മാർച്ച് 20 ന് തിയേറ്ററുകളിൽ എത്തും. എന്നാൽ, കാസ്റ്റിങ് അടക്കമുള്ള കാര്യങ്ങളിൽ നിർമാതാക്കളുടെ ഭാഗത്ത് നിന്നും ഔദ്യോഗികമായ വിവരങ്ങൾ ഒന്നും പുറത്തുവന്നിട്ടില്ല.





## 'രാമായണ, അവതാർ പോലെ മികച്ചൊരു ദൃശ്യവിരുന്ന്:' സണ്ണി ഡിയോൾ

ബോളിവുഡ് സിനിമാ പ്രേക്ഷകർ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് രാമായണ. ചിത്രത്തിൽ രാമനായി രൺബീർ കപൂറും സീതയായി സായ് പല്ലവിയും എത്തുമ്പോൾ ഹനുമാനായി സണ്ണി ഡിയോൾ എത്തുമെന്ന തരത്തിൽ നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. യഷ് ആണ് ചിത്രത്തിൽ രാവണനായെത്തുന്നത്. ഴിഞ്ഞ ദിവസം ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിലായിരുന്നു സണ്ണി ഡിയോൾ ഇക്കാര്യം പറഞ്ഞത്. 'രാമായണ ഒരു നീണ്ട പ്രൊജക്ടാണ്. കാരണം അവതാർ, പ്ലാനറ്റ് ഓഫ് ദ് ഏപ്സ് പോലെയുള്ള സിനിമകൾ നിർമിച്ച രീതിയിലാണ് ഈ ചിത്രം ഒരുക്കുന്നത്.അതിന്റെ സാങ്കേതിക വിദഗ്ധരെല്ലാം ഈ ചിത്രത്തിന്റെ ഭാഗമാണ്. അത് എങ്ങനെയായിരിക്കണമെന്നും കഥാപാത്രങ്ങളെ എങ്ങനെ അവതരിപ്പിക്കണം എന്നതിനെക്കുറിച്ചുമൊക്കെ എഴുത്തുകാരനും സംവിധായകനും വളരെ വ്യക്തതയുണ്ട്.'- സണ്ണി ഡിയോൾ പറഞ്ഞു.

## '28 ഇയേഴ്സ് ലേറ്ററി'ലെ സോംബി, കിലിയനോ?

അലെക്സ് ഗാർലാൻഡ് തിരക്കഥ എഴുതിയ ഹോളിവുഡ് ഹൊറർ ചിത്രം 28 ഇയേഴ്സ് ലേറ്റർ ട്രെയിലർ പുറത്ത്. ജോഡി കോമർ, ആരോൺ ടെയ്‌ലർ-ജോൺസൺ, റാൽഫ് ഫിയന്നസ് എന്നിവരുള്ള ട്രെയിലറിലെ ഒരു രംഗം ഇപ്പോൾ സമൂഹ മാധ്യമങ്ങളിലെ ചർച്ചയാവുകയാണ്. ട്രെയിലറിലെ ഒരു രംഗത്തിൽ കാണിക്കുന്ന സോംബിക്ക് ഐറിഷ് നടൻ കിലിയൻ മർഫിയുടെ രൂപ സാദൃശ്യമുണ്ടെന്നാണ് സോഷ്യൽ മീഡിയയുടെ കണ്ടെത്തൽ.ജോഡി കോമർ ഒരു കുഞ്ഞുമായി വരുമ്പോൾ ഒരു സോംബി പ്രത്യക്ഷപ്പെടുന്നുണ്ട്. ശരീരഭാരം വളരെയധികം കുറഞ്ഞ നിലയിൽ കാണുന്ന ആ സോംബിയെ കാണാൻ കിലിയൻ മർഫിയെ പോലെയുണ്ടെന്നാണ് ചിലർ പറയുന്നത്. എന്നാൽ സിനിമയുടെ ട്രെയിലർ ക്രെഡിറ്റ്സിലെ കാസ്റ്റ് ലിസ്റ്റിൽ നടന്റെ പേര് നൽകിയിട്ടില്ല. അത് കിലിയൻ തന്നെയാണോ എന്നറിയാൻ ആരാധകർക്ക് 2025 ജൂൺ 20 വരെ കാത്തിരിക്കേണ്ടി വരും.2007ൽ റിലീസ് ചെയ്ത 28 വീക്സ് ലേറ്റർ, 2002 ൽ റിലീസ് ചെയ്ത 28 ഡെയ്സ് ലേറ്റർ എന്നീ സിനിമകളുടെ തുടർച്ചയായി വരുന്ന സിനിമയാണ് 28 ഇയേഴ്സ് ലേറ്റർ.





# സൂര്യ 45ൽനിന്ന് റഹ്മാൻ ഔട്ട്

സൂര്യ 45 എന്ന് താൽക്കാലികമായി പേരിട്ടിരിക്കുന്ന ചിത്രത്തിന് എആർ റഹ്മാൻ സംഗീതം നൽകുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിച്ചതിന് പിന്നാലെ റഹ്മാൻ ചിത്രത്തിൽ നിന്ന് പിന്മാറിയതായി റിപ്പോർട്ട്.പകരം സായ് അഭ്യങ്കർ ചിത്രത്തിന് സംഗീതം ഒരുക്കുമെന്നാണ് റിപ്പോർട്ട്. സായ് ലോകേഷിന്റെ എൽസിയുവിൽ വരുന്ന ബെൻസിന്റെ സംഗീതസംവിധായകൻ കൂടിയാണ് കാച്ചി സെരാ എന്ന ഗാനത്തിലൂടെ പ്രശസ്തനായ സായ് അഭ്യങ്കർ.സോഷ്യൽ മീഡിയയിൽ വൈറലായ ആസ കൂട, കാച്ചി സേര തുടങ്ങിയ ഗാനങ്ങളിലൂടെ പ്രശസ്തനാണ് സായ് അഭ്യങ്കർ. സായിയാണ് ഈ ഗാനങ്ങളുടെ രചനയും സംഗീതവും നിർവ്വഹിച്ചത്. ഗായകരായ ടിപ്പുവിന്റെയും ഹരിണിയുടെയും മകനാണ് സായി.അതേ സമയം സൂര്യ 45 സിനിമയുടെ നിർമ്മാതാക്കളായ ഡ്രീം വാരിയേഴ്സ് പിക്ചേഴ്സാണ് സായി അഭ്യങ്കറിനെ പ്രഖ്യാപിച്ചത്. അതേ സമയം ചിത്രത്തിൽ ജികെ വിഷ്ണുവാണ് സിനിമോട്ടഗ്രാഫറായി എത്തുന്നത്. അറ്റ്ലി ചിത്രത്തിലെ ക്യാമറമാനായി പ്രശസ്തനായ വിഷ്ണുവിന്റെ ആദ്യത്തെ സൂര്യ ചിത്രമാണിത്.എആർ റഹ്മാൻ ഏതാനും മാസങ്ങളായി സംഗീതസംവിധാനത്തിൽ നിന്ന് വിട്ടുനിൽക്കുകയാണെന്ന ഊഹാപോഹങ്ങൾ വാർത്തയാകുന്ന വേളയിലാണ് സൂര്യ 45ൽ നിന്നും റഹ്മാൻ മാറുന്നത്.


# സൂക്ഷ്മദർശിനി 50 കോടി ക്ലബ്ബിൽ



ജിതിൻ എംസിയുടെ സംവിധാനത്തിൽ ഒരു മിസ്റ്റിക് ത്രില്ലറായെത്തിയ സൂക്ഷ്മദർശിനി സൂപ്പർ ഹിറ്റിലേക്ക്. ഇതിനോടകം തന്നെ ചിത്രം 50 കോടിയിലെത്തിക്കഴിഞ്ഞു. ബോക്സോഫീസ് കളക്ഷൻ 100 കോടി കടക്കുമോയെന്നാണ് സിനിമാലോകം ഉറ്റുനോക്കുന്നത്.ബാലതാരമായി സിനിമയിലെത്തി മികച്ച കഥാപാത്രങ്ങളെ സമ്മാനിച്ചുപോയ താരമാണ് നസ്രിയ.തന്റെ രണ്ടാം വരവിൽ പ്രിയദർശിനി എന്ന വീട്ടമ്മയായി ഞെട്ടിക്കുന്ന പ്രകടനമാണ് നസ്രിയ കാഴ്ചവച്ചിരിക്കുന്നതെന്നാണ് പ്രേക്ഷകരുടെ വിലയിരുത്തൽ. നാലു വർഷത്തെ ഇടവേള കഴിഞ്ഞെത്തിയ താരത്തിന് മികച്ച കഥാപാത്രം തന്നെയാണ് സംവിധായകൻ നൽകിയത്. ഒരു മിസ്റ്റിക് ത്രില്ലറെങ്കിലും, പൊലീസ് ഇൻവെസ്റ്റിഗേഷനും, തെളിവെടുപ്പും, സൈക്കോ പ്രകടനങ്ങളും ഒഴിവാക്കി സിംപിളായി, രസകരമായി നടക്കുന്ന കുറ്റാന്വേഷണം. അതിന് മുൻകയ്യെടുക്കുന്ന അയലത്തെ വീട്ടിലെ ഡിറ്റക്ടീവ് സ്വഭാവമുള്ള വീട്ടമ്മയായി നസ്രിയ എത്തുന്നു. നടനും സംവിധായകനുമായ ബേസിൽ ജോസഫ് അതിശയിപ്പിക്കുന്ന പ്രകടനം തന്നെ നടത്തിയിരിക്കുന്നു.നസ്രിയയും ബേസിലും കേന്ദ്ര കഥാപാത്രങ്ങളായി എത്തിയിരിക്കുന്ന ചിത്രത്തിൽ ദീപക് പറമ്പോൽ, സിദ്ധാർത്ഥ് ഭരതൻ, കോട്ടയം രമേശ്, അഖില ഭാർഗവൻ, പൂജ മോഹൻരാജ്, മെറിൻ ഫിലിപ്പ് തുടങ്ങിയവർ അഭിനയിച്ചിരിക്കുന്നു. ഹാപ്പി ഹവേഴ്സ് എൻറർടെയ്ൻമെൻറ്സിൻറേയും, എ വി എ പ്രൊഡക്ഷൻസിൻറെയും ബാനറുകളിൽ സമീർ താഹിർ, ഷൈജു ഖാലിദ്, എ വി അനൂപ് എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്. തിരക്കഥ രചിച്ചിരിക്കുന്നത് ലിബിനും അതുലും ചേർന്നാണ്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

143




മനസ്സൊരു മാന്ത്രികക്കുതിരയായ് പായുന്നു
മനുഷ്യൻ കാണാത്ത പാതകളിൽ
കടിഞ്ഞാണില്ലാതെ കാലുകളില്ലാതെ
തളിരും തണലും തേടി (2)
മനസ്സൊരു മാന്ത്രികക്കുതിരയായ് പായുന്നു
മനുഷ്യൻ കാണാത്ത പാതകളിൽ

കാലമേ..നിൻ കാലടിക്കീഴിൽ
കണ്ണുനീർപുഷ്പങ്ങൾ ..ആ..ആ...
കണ്ണുനീർപുഷ്പങ്ങൾ
കാതോർത്തു കാതോർത്തു നിന്നു (2)
ജീവിതതാളങ്ങളേറ്റു വാങ്ങാൻ
മനസ്സൊരു മാന്ത്രികക്കുതിരയായ് പായുന്നു
മനുഷ്യൻ കാണാത്ത പാതകളിൽ




മോഹമേ നിന്നാരോഹണങ്ങളിൽ
ആരിലും രോമാഞ്ചങ്ങൾ..ആ...ആ...
ആരിലും രോമാഞ്ചങ്ങൾ
അവരോഹണങ്ങളിൽ
ചിറകുകൾ എരിയുന്ന
ആത്മാവിൻ വേദനകൾ
മനസ്സൊരു മാന്ത്രിക
ക്കുതിരയായ് പായുന്നു
മനുഷ്യൻ കാണാത്ത പാതകളിൽ (2)

# സിറിയായിൽ തീമഴയ്ക്ക് ശമനമില്ല

## ഡൽഹി ഡെർബാർ

സിറിയായിൽ രാസായുധ കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് ഇസ്രയേൽ ആക്രമണം നടത്തിയത് ഏറെ ഞെട്ടലോടെയാണ് വിമതർക്ക് നേതൃത്വം നൽകുന്ന മുഹമ്മദ് അൽ ബഷീർ കാണുന്നത്. പൂർണ അധികാര കൈമാറ്റം നടക്കുന്നതുവരെ ഇദ്ദേഹമായിരിക്കും പ്രധാനമന്ത്രി. ഇതിനിടെയാണ് ഇസ്രയേലിന്റെ വ്യോമാക്രമണം. അപ്രതീക്ഷിതമായി നടന്ന വ്യോമാക്രമണത്തിൽ ഒട്ടേറെ ജെറ്റുകളും ഹെലികോപ്റ്ററുകളുമടക്കം സൈനീക സാമഗ്രികളും ആയുധ ശേഖരവും നശിച്ചുപോയിരിക്കുന്നു. ഒരുകാരണവശാലും സിറിയൻ പട്ടാളത്തിന്റെ ആയുധങ്ങൾ ഭീകരവാദികളുടെ കൈകളിൽ അകപ്പെടാതിരിക്കാനാണ് ഇങ്ങനെയൊരാക്രമണം നടത്തിയതത്രെ എന്നാണ് ഇസ്രയേൽ പറയുന്നത്.




സത്യത്തിൽ സിറിയയിലെ ആഭ്യന്തര യുദ്ധം പതിമൂന്ന് സംവത്സരം പിന്നിട്ടിരിക്കുകയാണ്. തുനീഷ്യ, ഈജിപ്ത്, ലിബിയ, യമൻ തുടങ്ങിയ അറബ് മേഖലയിലെ ഏകാധിപതികളായ ഭരണാധികാരികൾക്കെതിരെ ഉടലെടുത്ത ജനരോഷം തന്നെയായിരുന്നു സിറിയയിലും ഉണ്ടായത്. നിരായുധരായ ജനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങൾ ബശ്ശാറുൽ അസദിന്റെ സൈനികർ ആയുധങ്ങൾ കൊണ്ട് അടിച്ചമർത്തിയപ്പോൾ ഉണ്ടായത് ചോരപ്പുഴകൾ. പതിമൂന്ന് വർഷങ്ങൾക്കിപ്പുറവും സിറിയ ലോകമാധ്യമങ്ങളുടെ തലക്കെട്ടുകളിൽ ഇടംപിടിക്കുന്നു. ചോരകറകൾ മായാതെ, അവ വീണ്ടും പടർന്നുകൊണ്ടേയിരിക്കുന്നു.

ബശ്ശാറുൽ അസദിന് രാഷ്ട്രീയത്തോടോ ഭരണത്തിലോ ഒട്ടും താത്പര്യമുണ്ടായിരുന്നില്ല. എന്നാൽ പിന്നീട് എങ്ങനെയാണ് ബശ്ശാറുൽ അൽ അസദ് ലോകത്തെ ഏറ്റവും ക്രൂരന്മാരായ ഭരണാധികാരികളിലൊരാളായി മാറിയത്..? ഹാഫിസുൽ അസദ്, ഏകാധിപതിയായ സിറിയയുടെ ഭരണാധികാരി തന്റെ കാലശേഷം ഭരണം നടത്താൻ നിയോഗിച്ചത് മൂത്തമകനും ബശ്ശാറിന്റെ സഹോദരനുമായ ബാസിലിനെയായിരുന്നു. എന്നാൽ പിതാവിന്റെ ആഗ്രഹം നിറവേറ്റാൻ സാധിക്കാതെ 1994 ജനുവരി 21ന് 32–ാം വയസിൽ ദമസ്കസിലുണ്ടായ കാറപകടത്തിൽ ബാസിൽ കൊല്ലപ്പെട്ടു. ഇതോടെ ലണ്ടനിൽ ഉപരിപഠനം നടത്തികൊണ്ടിരുന്ന ബശ്ശാറിനെ പിൻഗാമിയായി ഹാഫിസുൽ അസദ് വാഴിച്ചു. മികച്ച കണ്ണുരോഗ വിദഗ്ധൻ കൂടിയാണ് ബശ്ശാറുൽ.

തനിക്കെതിരെ പ്രക്ഷോഭം നടത്തിയെന്ന പേരിൽ ഹമ നഗരം 27 ദിവസം ഉപരോധിക്കുകയും മുപ്പതിനായിരത്തോളം പേരെ കൂട്ടക്കൊല ചെയ്യുകയും ചെയ്ത ചരിത്രമുണ്ട് ഹാഫിസുൽ അസദിന്. 1982, ഹമയിൽ മുസ്ലിം ബ്രദർഹുഡ് പ്രവർത്തകരെയാണ് ഹാഫിസുൽ കൂട്ടക്കൊല ചെയ്തത്. പിതാവിന്റെ ഇതേ പാത തന്നെ പിന്തുടർന്നെങ്കിൽ മാത്രമേ വാർത്തകളിൽ ഇടംപിടിക്കാൻ സാധിക്കൂവെന്ന ഉത്തമബോധ്യം ബശ്ശാറിന് ഉണ്ടായിരുന്നു. 2000 ജൂണിൽ ഹാഫിസുൽ അസദിന്റെ മരണത്തെ തുടർന്ന് ബശ്ശാർ അധികാരത്തിലേക്കെത്തി. ആദ്യകാലത്ത് ഭരണപരിഷ്കാര വാഗ്ദാനങ്ങളെല്ലാം നൽകിയിരുന്നു. അവയൊന്നും പാലിക്കപ്പെട്ടില്ലെന്നു മാത്രമല്ല തന്റെ പിതാവിന്റെ ഏകാധിപത്യഭരണ മാർഗത്തെ അതേ പടി പിൻതുടരുകയാണു ബഷാർ ചെയ്തത്.

അതുകൊണ്ടാണ് 2011ൽ അറബ് രാജ്യങ്ങളിൽ ഏകാധിപത്യ ഭരണകൂടങ്ങൾക്കെതിരെ വൻതോതിൽ ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടായപ്പോൾ അത് സിറിയയേയും ബാധിച്ചത്. ഈജിപ്തിലും ടുണീഷ്യയിലും പ്രക്ഷോഭകർ ജനാധിപത്യം ആവശ്യപ്പെട്ട് തെരുവിലിറങ്ങിയതുപോലെ സിറിയയിലും സമാധാനപരമായാണു പ്രതിഷേധങ്ങൾ 2011 മാർച്ചിൽ ആരംഭിച്ചത്. പക്ഷേ ഈജിപ്തിലും ടുണീഷ്യയിലും പ്രതിഷേധങ്ങൾ രാജ്യവ്യാപകമായിരുന്നു. രണ്ടു രാജ്യങ്ങളിലും പട്ടാളം പ്രക്ഷോഭകരോട് അനുഭാവപൂർവമായ നിലപാടാണു എടുത്തത്. എന്നാൽ സിറിയയിൽ പ്രതിഷേധം തുടക്കം മുതലേ ചില പോക്കറ്റുകളിൽ മാത്രം കേന്ദ്രീകരിച്ചുള്ളതായിരുന്നു. പ്രത്യേകിച്ചും ദാരായിലും, ഹിംസിലും, ഡമസ്കസിന്റെ ചുറ്റുവട്ടത്തും. അത് പ്രതിഷേധക്കാർക്കെതിരെ ശക്തമായ ആക്രമണമഴിച്ചു വിടാൻ സിറിയൻ സർക്കാരിനെ പ്രാപ്തമാക്കി. മാത്രമല്ല, സിറിയൻ പട്ടാളം ശക്തമായി അസദിനൊപ്പം നിലയുറപ്പിക്കുകയും ചെയ്തു.

പട്ടാളത്തിന്റെ കമാൻഡിംഗ് പൊസിഷനിലെല്ലാം അസദിന്റെ അനുയായികളാണുണ്ടായിരുന്നത്. അസദ് കുടുംബത്തിൽ നിന്നുള്ളവരോ, അലവി വിഭാഗത്തിൽ നിന്നുള്ളവരോ. ഇത് പ്രസിഡന്റിനു കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി. ഹാമായിലെ കലാപം അടിച്ചമർത്താൻ അസദിന്റെ പിതാവ് ഹാഫിസ് എന്താണോ ചെയ്തത് അതു തന്നെയാണു മൂന്നു പതിറ്റാണ്ടിനിപ്പുറം ഹിംസിലേയും, ദാരായിലേയും പിന്നീട് അലെപ്പോയിലേയും കലാപങ്ങളെ അടിച്ചമർത്താൻ ബഷാറും ചെയ്തത്. പക്ഷേ റിബലുകളുടേയും അസദിന്റെയും ശ്രമങ്ങൾ വിജയിച്ചില്ല എന്നാണ് സമീപകാല സിറിയയുടെ ചരിത്രം പറയുന്നത്. എന്താണു ഇതിനു കാരണം? ഇതിൽ അഭ്യന്തരവും, ഭൗമരാഷ്ട്രീയപരവുമായ കാരണങ്ങളുണ്ട്. ഒന്നാമത്, ഈജിപ്തിലേയും, ടുണീഷ്യയിലേയും പോലെ ഭരണകൂടത്തെ താഴെ വീഴ്ത്താനുള്ള രാഷ്ട്രീയമൂലധനം സിറിയയിലെ പ്രക്ഷോഭകർക്ക് ഉണ്ടായിരുന്നില്ല. പ്രതിഷേധത്തിന്റെ സമയത്തു പോലും ജനസംഖ്യയിലെ ഒരു വിഭാഗത്തിന്റെ പിന്തുണ അസദ് ഭരണകൂടത്തിനുണ്ടായിരുന്നു. രണ്ടാമത്, രാഷ്ട്രീയമായി, സമാധാനപരമായി അസദിനെ താഴെ വീഴ്ത്താൻ കഴിയില്ല എന്ന ഘട്ടത്തിൽ നിന്നും സിറിയൻ ഭരണകൂട വിരുദ്ധ പ്രക്ഷോഭം ഭരണകൂട വിരുദ്ധ കലാപമായി മാറി.

സിറിയൻ ആർമിയിൽ നിന്നും കൂറുമാറി പോയ ഒരു സംഘം പട്ടാളക്കാരുടെ നേതൃത്വത്തിൽ ആദ്യം ഫ്രീ സിറിയൻ ആർമി എന്ന സായുധ സംഘത്തെ രൂപീകരിക്കുകയും അവർ അസദിനെതിരെ സായുധ കലാപം ആരംഭിക്കുകയും ചെയ്തു. ഇത് സിറിയൻ ജനാധിപത്യ പ്രതിഷേധത്തെ ഒരു വിനാശകാരിയായ അഭ്യന്തര യുദ്ധത്തിലേക്കെത്തിച്ചു. മൂന്നാമതായി, ഈ അഭ്യന്തരയുദ്ധം സിറിയൻ ഭരണകൂടവും കലാപകാരികളും തമ്മിൽ മാത്രമായിരുന്നില്ല എന്നതാണ്. പശ്ചിമേഷ്യയിലെ രണ്ടു പ്രധാനപ്പെട്ട ശക്തികളാണ് സൗദി അറേബ്യയും ഇറാനും. സലഫി ഇസ്ലാം ഔദ്യോഗിക മതമായുള്ള സൗദി അറേബ്യയും, ഷിയാ പൗരോഹിത്യം ഭരിക്കുന്ന ഇറാനും തമ്മിലുള്ള ശത്രുതക്ക് പതിറ്റാണ്ടുകൾ പഴക്കമുണ്ട്. ഇന്നത്തെ പശ്ചിമേഷ്യയിൽ ഇറാന്റെ ഏറ്റവും അടുത്ത സഖ്യരാഷ്ട്രമാണ് അസദിന്റെ സിറിയ.

ലെബനാനിലെ ഷിയാ സംഘടനയായ ഹിസ്ബുല്ലയ്ക്ക് ആവശ്യം വരുന്ന ആയുധങ്ങളും പണവും ഇറാൻ എത്തിക്കുന്നത് സിറിയ വഴിയാണ് അതുകൊണ്ട് സിറിയയിൽ അസദ് ഭരണകൂടം അതിജീവിക്കേണ്ടത് ഇറാനെ സംബന്ധിച്ച് തങ്ങളുടെ പശ്ചിമേഷ്യൻ തന്ത്രങ്ങൾക്ക് അനിവാര്യമാണ്. അതുകൊണ്ടാണ് സിറിയയിൽ പ്രതിഷേധം തുടങ്ങിയ നാൾ മുതൽ ഇറാൻ അസദിനു പൂർണ പിന്തുണയുമായി രംഗത്ത് വന്നത്. ഫ്രീ സിറിയൻ ആർമിയെ തുർക്കി പിന്തുണച്ചപ്പോൾ, ബ്രദർഹുഡിനെ ഖത്തർ സഹായിച്ചു. സിറിയയെ ഒരു ഇസ്ലാമിക രാജ്യമായി മാറ്റുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജെയിഷ് അൽഇസ്ലാമായിരുന്നു സൗദി പിന്തുണ ലഭിക്കുന്ന സംഘടന. എന്നാൽ ഇതിന്റെ നേർവിപരീത താൽപര്യങ്ങളാണ് സൗദി ബ്ലോക്കിനുള്ളത്. സിറിയയിൽ അസദിനെ പുറത്താക്കി അവിടെ ഭൂരിപക്ഷം വരുന്ന സുന്നികളുടെ നേതൃത്വത്തിൽ ഒരു ഭരണകൂടം അധികാരത്തിൽ വരികയാണെങ്കിൽ അത് ഇറാനും ഹിസബുല്ലാക്കും ക്ഷീണമാവുമെന്ന് മാത്രമല്ല സുന്നി ബ്ലോക്കിനു മേൽക്കൈ കിട്ടുകയും ചെയ്യും എന്നൊക്കെയാണ് സൗദിയുടെ കണക്ക് കൂട്ടൽ.

റജബ് ത്വയ്യിബ് ഉർദൊഗാന്റെ തുർക്കിക്കും സിറിയൻ യുദ്ധത്തിൽ അവരുടേതായ ലക്ഷ്യങ്ങളുണ്ടായിരുന്നു. മുസ്ലിം ബ്രദർഹുഡിന്റെ ആശയങ്ങളോട് ചേർന്നു നിൽക്കുന്ന എ.കെ. പാർട്ടിയാണ് എർദൊഗാന്റെ ഭരണകക്ഷി. സിറിയയിലെ സെക്യുലർ ഏകാധിപത്യത്തെ അട്ടിമറിച്ച് ബ്രദർഹുഡ് മോഡൽ സർക്കാരിനെ കൊണ്ടുവരികയായിരുന്നു എർദൊഗാന്റെ ലക്ഷ്യം. ഇതിന്റെ ഫലമായി ഈ രാജ്യങ്ങൾ എല്ലാം അവരവർക്ക് അനുകൂലമായ വിമത സംഘങ്ങൾക്ക് പണവും ആയുധവും നൽകി. ഫ്രീ സിറിയൻ ആർമിയെ തുർക്കി പിന്തുണച്ചപ്പോൾ, ബ്രദർഹുഡിനെ ഖത്തർ സഹായിച്ചു. സിറിയയെ ഒരു ഇസ്ലാമിക രാജ്യമായി മാറ്റുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ജെയിഷ് അൽ ഇസ്ലാമിനായിരുന്നു സൗദി പിന്തുണ. ഇതിനെല്ലാം പുറമേ അമേരിക്ക അസദിനെതിരെ പരസ്യമായും രഹസ്യമായും സായുധ സംഘടനകൾക്ക് സഹായം നൽകി. ജോർഡാനിലെ ഒരു സിഐഎ ഓപ്പറേഷനൽ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലായിരുന്നു ഈ രഹസ്യയുദ്ധം അമേരിക്ക നടത്തിയത് (ട്രംപ് പ്രസിഡന്റ് ആയതിനു ശേഷം ഈ സിഐഎ പ്രോഗ്രാം അവസാനിപ്പിക്കുകയുണ്ടായി).

അതായത് സിറിയൻ ഏകാധിപത്യത്തിനെതിരെ ഒരു ജനകീയ പ്രക്ഷോഭമായി ഉയർന്നു വന്ന സമരം ഏതാനും മാസങ്ങൾ കൊണ്ടാണു ഒരു ഭൗമരാഷ്ട്രീയ, പ്രാദേശിക യുദ്ധമായി പരിണമിക്കുന്നത്. ഇതാണു സിറിയയുടെ ഇന്നത്തെ പരിതാപകരമായ സ്ഥിതിയുടെ യഥാർഥ കാരണം.

അസദ് ഭരണകൂടത്തെ അട്ടിമറിക്കാനുള്ള ശേഷി തങ്ങൾക്കില്ലെങ്കിലും കലാപകാരികൾ ആദ്യം പ്രതീക്ഷിച്ചത് ലിബിയയിൽ നാറ്റോ നടത്തിയതു പോലുള്ള ഒരു ഇടപെടൽ അമേരിക്കയുടെ നേതൃത്വത്തിൽ സിറിയയിലും ഉണ്ടാകുമെന്നും അതുവഴി അസദിനെ പുറത്താക്കാൻ സാധിക്കുമെന്നുമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ സംശയാലുവായിരുന്നു. സിറിയയിൽ ഒരു മുഴുനീള യുദ്ധത്തിന് അമേരിക്ക തയ്യാറാവാതിരുന്നതിനു രണ്ടു കാരണങ്ങളുണ്ടായിരുന്നു.

ഒന്ന്, ലിബിയയുടെ ഉദാഹരണം. ലിബിയയിൽ കലാപകാരികൾക്കു വേണ്ടി ആറു മാസം നീണ്ടു നിന്ന യുദ്ധത്തിൽ മുഅമ്മർ ഗദ്ദാഫിയുടെ ഭരണകൂടത്തെ നാറ്റോ അട്ടിമറിച്ചതിനു ശേഷം ആ രാജ്യം അരാജകത്വത്തിലേക്കു കൂപ്പു കുത്തുകയാണു ചെയ്തത്. ഇപ്പോഴും, ലിബിയയിൽ ഒരു സുസ്ഥിര ഭരണകൂടമില്ല. സിറിയയിലും അസദിനു പകരം ആര് എന്നതായിരുന്നു പ്രധാനപ്പെട്ട ചോദ്യം. അതിന് ഭാഗീകമായി ഉത്തരം ലഭിച്ചിരിക്കുന്നു.

എന്നാൽ അനന്തര ഫലം കാത്തിരുന്നു കാണുകയേ വഴിയുള്ളു. തുർക്കിയിലും, ജോർഡാനിലും, ഇറാഖിലും മറ്റും മൊത്തം ജനസംഖ്യയുടെ പകുതിയോളം ആളുകൾക്ക് അവരുടെ കിടപ്പാടം വിട്ട് പലായനം ചെയ്യേണ്ടി വന്നിട്ടുണ്ട്. അതി സങ്കീർണമായ ഒരു യുദ്ധം കൂടിയായിരുന്നു ഇത്. അസദിനും സിറിയൻ ഭരണകൂടത്തിന്റെ സഖ്യകക്ഷികൾക്കും ഈ ദുരന്തത്തിൽ വലിയ പങ്കുണ്ട്. പക്ഷേ അത്ര തന്നെ ഉത്തരവാദിത്വം അസദിന്റെ ശത്രുക്കൾക്കുമുണ്ട്. കാരണം അവരാണ് സിറിയൻ സംഘർഷത്തെ ഒരു പ്രാദേശിക യുദ്ധമാക്കി മാറ്റിയത്. അരനൂറ്റാണ്ടിലേറെ നീണ്ട അസദ് കുടുംബ വാഴ്ച അവസാനിച്ചെങ്കിലും സിറിയയിൽ സമാധാനം എന്നത് ഇനിയും ഏറെ അകലെയാണ്.

◗ എമ എൽസ എൽവിൻ

# അസദിന്റെ പതനം ഇന്ത്യയ്ക്ക് എങ്ങനെ നിർണ്ണായകമാകും?

ഇന്ത്യയും സിറിയയുമായി ഉള്ളത് ദീർഘകാലമായുള്ള ബന്ധമാണ്. അതുകൊണ്ട് സിറിയയിലെ ഇസ്ലാമിസ്റ്റ് വിമതർ ബഷാർ അൽഅസാദിനെ പുറത്താക്കുന്നത് ഇന്ത്യയ്ക്കും പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. ഇന്ത്യയിൽ സിറിയയുമായുള്ള ബന്ധം വർഷങ്ങളായി വികസിച്ചു വരികയായിരുന്നു. പ്രത്യേകിച്ച് അസദിന്റെ ഭരണകാലത്ത്.



രാഷ്ട്രീയസമവാക്യങ്ങൾ മാറിയേക്കാവുന്ന പുതിയ സിറിയ, അറബ് റിപ്പബ്ലിക്കുമായുള്ള ഇന്ത്യയുടെ ബന്ധത്തെ മാത്രമല്ല, മിഡിൽ ഈസ്റ്റുമായുള്ള ബന്ധത്തേയും മൊത്തത്തിൽ സ്വാധീനിച്ചേക്കാമെന്നാണ് വിലയിരുത്തൽ. ഇന്ത്യയും സിറിയയും ചരിത്രപരമായി സൗഹൃദബന്ധം തുടർന്നിരുന്നു. നയതന്ത്രബന്ധം സ്ഥാപിച്ചതിനുശേഷം ഉയർന്ന തലങ്ങളിൽ പതിവ് ഉഭയകക്ഷി കൈമാറ്റങ്ങളും നടന്നിട്ടുണ്ട്. അതേസമയം, അസദിന്റെ ഭരണകൂടവും പ്രതിപക്ഷ വിമതരും നടത്തുന്ന അക്രമങ്ങളെ ഇന്ത്യ അപലപിച്ചിരുന്നു.

പാലസ്തീൻ പ്രശ്നങ്ങളും ഗോലാൻ കുന്നുകൾക്ക് മേലുള്ള സിറിയയുടെ അവകാശവാദവും ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര വിഷയങ്ങളിൽ ഇന്ത്യ ഡമാസ്കസിനെ പിന്തുണച്ചിട്ടുണ്ട്. നേരെമറിച്ച് കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുടെ നിലപാടിനെ സിറിയ പിന്തുണച്ചിരുന്നു. ഐക്യരാഷ്ട്രസഭയിൽ, സിറിയയ്ക്കെതിരായ ഉപരോധത്തെ പിന്തുണയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചു. കോവിഡ് പാൻഡെമിക് സമയത്ത്, മാനുഷിക ആശങ്കകൾ ചൂണ്ടിക്കാട്ടി ഉപരോധങ്ങളിൽ ഇളവ് വരുത്താൻ ആഹ്വാനം ചെയ്തു. വിദേശ ശക്തികൾ ഇടപെടരുത് എന്ന തത്വത്തിനു വേണ്ടി ഇന്ത്യയും വാദിച്ചു.

2011ൽ ആരംഭിച്ച ആഭ്യന്തര യുദ്ധകാലത്ത് സൈനികേതര രാഷ്ട്രീയ പ്രക്രിയയിലൂടെ സംഘർഷപരിഹാരത്തിന് അനുകൂലമായ നിലപാട് ഇന്ത്യ സ്വീകരിച്ചിരുന്നു. ആഭ്യന്തര യുദ്ധത്തിന്റെ കൊടുമുടിയിൽ, നിരവധി രാജ്യങ്ങൾ സിറിയയെ ഒറ്റപ്പെടുത്തുകയും ആറാൻ ലീഗിൽ നിന്ന് പുറത്താക്കുകയും ചെയ്തപ്പോഴും ഇന്ത്യ ബന്ധം തുടരുകയും ദമാസ്കസിൽ എംബസി നിലനിർത്തുകയും ചെയ്തു.

പവർ പ്ലാന്റിനുള്ള 240 മില്യൺ യുഎസ് ഡോളർ വായ്പ, ഐടി അടിസ്ഥാന സൗകര്യ വികസനം, സ്റ്റീൽ പ്ലാന്റ് നവീകരണം, എണ്ണ മേഖല, അരി, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ ഗണ്യമായ കയറ്റുമതി ഉൾപ്പെടെ വിവിധ ഘട്ടങ്ങളിൽ സിറിയയുടെ വികസനത്തിൽ ഇന്ത്യ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മാരകമായ ആഭ്യന്തരയുദ്ധത്തെത്തുടർന്ന് 2023ൽ രാജ്യം അറബ് ലീഗിൽ വീണ്ടും ചേർന്നതിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ ഇന്ത്യ സിറിയയുമായുള്ള ഉഭയകക്ഷി ബന്ധം പുതുക്കി. 2023 ജൂലൈയിൽ അന്നത്തെ വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ ഡമാസ്കസിലേക്ക് ഒരു സുപ്രധാന മന്ത്രിതല സന്ദർശനവും നടത്തിയിരുന്നു. അസദിന്റെ പതനവും തുടർന്നുള്ള അനിശ്ചിതത്വവും മേഖലയിലെ ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക താൽപ്പര്യങ്ങളിൽ ആശങ്ക ഉയർത്തുന്നു. മുമ്പ് തീവ്രവാദ സംഘടനയായ അൽഖയ്ദയുമായി ബന്ധമുള്ള മതമൗലികവാദ ഇസ്ലാമിക ഗ്രൂപ്പായ ഹയാത്ത് തഹ്രീർ അൽഷാം (എച്ച്ടിഎസ്) സിറിയൻ ഭരണകൂടം ഏറ്റെടുക്കാൻ സാധ്യതയുള്ളതാണ് ഒരു പ്രധാന ഭീഷണി. ഐഎസിന്റെ പുനരുജ്ജീവന സാധ്യത മേഖലയെ കൂടുതൽ അസ്ഥിരപ്പെടുത്തും.

സിറിയയിലെ എണ്ണ മേഖലയിൽ ഇന്ത്യയ്ക്ക് രണ്ട് സുപ്രധാന നിക്ഷേപങ്ങളുണ്ട്. 2004ൽ ഒഎൻജിസിയും ഐപിആർ ഇന്റർനാഷണലും തമ്മിലുള്ള എണ്ണ, പ്രകൃതി വാതക പര്യവേക്ഷണത്തിനുള്ള കരാർ, സിറിയയിൽ പ്രവർത്തിക്കുന്ന ഒരു കനേഡിയൻ സ്ഥാപനത്തിൽ 37 ശതമാനം ഓഹരികൾ സ്വന്തമാക്കാൻ ഒഎൻജിസിയും ചൈനയുടെ സിഎൻപിസിയും ചേർന്നുള്ള മറ്റൊരു സംയുക്ത നിക്ഷേപവും.

വെല്ലുവിളികൾ നേരിടാൻ പുനക്രമീകരിച്ച ടിഷ്രീൻ തെർമൽ പവർ പ്ലാന്റിന്റെ 240 മില്യൺ ഡോളറിന്റെ ക്രെഡിറ്റ്, ഐടി, വളം മേഖലകളിലെ നിക്ഷേപം എന്നിവ സിറിയയിലെ ഇന്ത്യയുടെ പ്രധാന വാണിജ്യ ഇടപെടലുകളിൽ ഉൾപ്പെടുന്നു. സിറിയ ഉൾപ്പെടുന്ന ഇന്ത്യഗൾഫ്സൂസ് കനാൽമെഡിറ്ററേനിയൻ/ലെവന്റ്യൂറോപ്പ് ഇടനാഴി നിർമിക്കാൻ വൻതോതിൽ നിക്ഷേപം നടത്താനും ഇന്ത്യ ലക്ഷ്യമിടുന്നതായി റിപ്പോർട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിൽ, സിറിയയുമായുള്ള ഇന്ത്യയുടെ അടുത്ത ഇടപഴകൽ, മറ്റ് മിഡിൽ ഈസ്റ്റ് സംസ്ഥാനങ്ങളുമായുള്ള ബന്ധം കൂടുതൽ വിശാലമായി പ്രയോജനപ്പെടുത്താൻ ന്യൂഡൽഹിക്ക് അവസരമൊരുക്കുന്നു. നിലവിൽ സിറിയയുടെ രാഷ്ട്രീയ ഭൂപ്രകൃതി ഇരുണ്ടതാണ്. വിമത സേനകളുടെ സഖ്യം ആഭ്യന്തര വ്യത്യാസങ്ങളാൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഇന്ത്യ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

## ഐസിസി ടെസ്റ്റ് റാങ്കിംഗിൽ അട്ടിമറി: ജോ റൂട്ടിന് ഒന്നാം സ്ഥാനം നഷ്ടമായി

ഐസിസി ടെസ്റ്റ് ബാറ്റിംഗ് റാങ്കിംഗിൽ ഇംഗ്ലണ്ട് താരം ജോ റൂട്ടിന് ഒന്നാം സ്ഥാനം നഷ്ടമായി. ഇംഗ്ലണ്ട് ടീമിലെ സഹതാരം ഹാരി ബ്രൂക്ക് ആണ് ബാറ്റിംഗ് റാങ്കിംഗിൽ റൂട്ടിനെ പിന്തള്ളി ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ന്യൂസിലൻഡിനെതിരായ ടെസ്റ്റ് പരമ്പരയിലെ ആദ്യ രണ്ട് ടെസ്റ്റിലും നേടിയ സെഞ്ചുറികളാണ് ബ്രൂക്കിനെ ഒന്നാം സ്ഥാനത്ത് എത്തിച്ചത്.അഡ്ലെയ്ഡ് ടെസ്റ്റിലെ മോശം പ്രകടനത്തോടെ ഇന്ത്യയുടെ റിഷഭ് പന്തിനും വിരാട് കോലിക്കും റാങ്കിംഗിൽ കനത്ത തിരിച്ചടി നേരിട്ടു. റിഷഭ് പന്ത് മൂന്ന് സ്ഥാനം താഴേക്കിറങ്ങി ഒമ്പതാം സഥാനത്തേക്ക് വീണപ്പോൾ വിരാട് കോലി ആറ് സ്ഥാനം നഷ്ടമായി 20ാം സ്ഥാനത്തായി. യശസ്വി ജയ്സ്വാൾ നാലാം സ്ഥാനത്ത് തുടർന്നപ്പോൾ ഇന്ത്യക്കെതിരെ അഡ്ലെയ്ഡിൽ സെഞ്ചുറി നേടിയ ട്രാവിസ് ഹെഡ് ആറ് സ്ഥാനം മെച്ചപ്പെടുത്തി അഞ്ചാം സ്ഥാനത്തെത്തി.ദക്ഷിണാഫ്രിക്കൻ നായകൻ ടെംബാ ബാവുമ മൂന്ന് സ്ഥാനം ഉയർന്ന് ഏഴാം സ്ഥാനത്തേക്ക് കയറിയപ്പോൾ സ്റ്റീവ് സ്മിത്ത് ആദ്യ പത്തിൽ നിന്ന് പുറത്തായി.മൂന്ന് സ്ഥാനം താഴേക്കിറങ്ങിയ സ്മിത്ത് പുതിയ റാങ്കിംഗിൽ 11ാം സ്ഥാനത്താണ്. അഡ്ലെയ്ഡിലെ മോശം പ്രകടനത്തോടെ ഇന്ത്യൻ നായകൻ രോഹിത് ശർമ അഞ്ച് സ്ഥാനം താഴേക്കിറങ്ങി 31-ാം സ്ഥാനത്തേക്ക് വീണപ്പോൾ ശുഭ്മാൻ ഗിൽ ഒരു സ്ഥാനം മെച്ചപ്പെടുത്തി പതിനേഴാം സ്ഥാനത്താണ്.


## അഫ്ഗാൻ കോച്ചായി ജോനാഥൻ ട്രോട്ട് തുടരും, ചുമതല 2025 വരെ നീട്ടി

അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ദേശീയ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായുള്ള ജോനാഥൻ ട്രോട്ടിന്റെ കാലാവധി 2025 വരെ നീട്ടുമെന്ന് പ്രഖ്യാപിച്ചു.കഴിഞ്ഞ രണ്ടര വർഷമായി ട്രോട്ടിന് കീഴിൽ മികച്ച പ്രകടനമാണ് അഫ്ഗാൻ ടീം നടത്തുന്നത്. ക്രിക്കറ്റിലെ നിർണായക ശക്തികളിലൊന്നായി അഫ്ഗാനിസ്ഥാനെ മാറ്റിയതിൽ വലിയ പങ്കാണ് ട്രോട്ട് എന്ന പരിശീലകൻ വഹിച്ചത്. കഴിഞ്ഞ ഐസിസി ല്ലോകകപ്പിൽ ഇംഗ്ലണ്ട്, പാകിസ്ഥാൻ, ശ്രീലങ്ക തുടങ്ങിയ ശക്തമായ ടീമുകൾക്കെതിരെ വിജയങ്ങൾ നേടാൻ അഫ്ഗാനിസ്ഥാനായിരുന്നു. കഴിഞ്ഞ ഐസിസി ടി20 ലോകകപ്പിൽ സെമി ഫൈനലിലെത്താൻ ട്രോട്ടിന്റെ കീഴിൽ അഫ്ഗാനിസ്ഥാന് സാധിച്ചിരുന്നു.

# ‘നിലവിൽ ലോകക്രിക്കറ്റിലെ ഏറ്റവും മികച്ച താരം അവനാണ്;’ ജോ റൂട്ട് പറയുന്നു



നിലവിൽ ലോക ക്രിക്കറ്റിലെ ഏറ്റവും മികച്ച താരത്തെ തിരഞ്ഞെടുത്ത് ഇംഗ്ലണ്ട് താരം ജോ റൂട്ട്. ഇംഗ്ലണ്ടിന്റെ തന്നെ ഹാരി ബ്രൂക്കാണ് ഇപ്പോൾ ലോകക്രിക്കറ്റിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന കളിക്കാരനെന്ന് റൂട്ട് തുറന്നടിച്ചു. സമ്മർദം കൈകാര്യം ചെയ്യാനുള്ള ബ്രൂക്കിന്റെ കഴിവാണ് മറ്റ് കളിക്കാരിൽ നിന്ന് വ്യത്യസ്തനാക്കുന്നത് എന്ന് ജോ റൂട്ട് വിശ്വസിക്കുന്നു.വെല്ലുവിളികൾ ഉയർത്തുന്ന ബാറ്റിംഗ് സാഹചര്യത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സമീപകാലത്ത് ബ്രൂക്കിന് സാധിച്ചിട്ടുണ്ട് എന്നാണ് റൂട്ട് കരുതുന്നത്. അതുകൊണ്ടുതന്നെ മറ്റെല്ലാ ബാറ്റർമാരെയും ഒഴിവാക്കിയാണ് ബ്രൂക്കിനെ ഏറ്റവും മികച്ച ബാറ്ററായി റൂട്ട് തിരഞ്ഞെടുത്തിരിക്കുന്നു.‘ഇപ്പോൾ ലോക ക്രിക്കറ്റിലെ ഏറ്റവും മികച്ച ബാറ്റ്സ്മാൻ ആരെന്ന് നിങ്ങൾ എന്നോട് ചോദിച്ചാൽ, എന്റെ ഉത്തരം ഹാരി ബ്രൂക്ക് എന്നായിരിക്കും. കാരണം അവൻ മറ്റുള്ളവരെക്കാൾ വളരെ മുകളിലാണ്. അദ്ദേഹത്തിന് ഇപ്പോൾ കളിയുടെ എല്ലാ മേഖലകളിലും മികച്ച പ്രകടനം നടത്താൻ കഴിയും. അദ്ദേഹത്തിന് സമ്മർദം കൈകാര്യം ചെയ്യാനുള്ള കഴിവുണ്ട്. ഏത് സാഹചര്യത്തിലും ബൗളർക്ക് മുകളിൽ സിക്സറുകൾ അടിക്കാനും സ്കൂപ്പ് ഷോട്ടുകൾ കളിക്കാനും അദ്ദേഹത്തിന് കഴിയും.‘‘ഞാനിപ്പോൾ ബ്രുക്കിന്റെ സമീപകാല പ്രകടനങ്ങൾക്കൊപ്പം എത്താനാണ് ശ്രമിക്കുന്നത്. പക്ഷേ അതിന് സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം അത്രമാത്രം മികച്ച പ്രകടനമാണ് അവൻ കാഴ്ചവെച്ചിട്ടുള്ളത്. ഈയാഴ്ച അവൻ മറ്റൊരു സെഞ്ച്വറി കൂടി സ്വന്തമാക്കുകയുണ്ടായി. നിലവിൽ ഏറ്റവും മികച്ച താരമാണ് അവൻ. അവനൊപ്പം മൈതാനത്ത് കളിക്കാൻ സാധിക്കുന്നത് വലിയ കാര്യമായാണ് ഞാൻ കാണുന്നത്. അവന്റെ മത്സരം ഞാൻ നന്നായി ആസ്വദിക്കുന്നുണ്ട്.’’- റൂട്ട് കൂട്ടിച്ചേർത്തു.



# എല്ലാ ഫോർമാറ്റിലും 100 വിക്കറ്റ് നേടുന്ന ആദ്യ പാകിസ്ഥാൻ ബൗളറായി ഷഹീൻ അഫ്രീദി



അന്താരാഷ്ട്ര ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റിലും 100 വിക്കറ്റ് തികയ്ക്കുന്ന ആദ്യ പാക് ബൗളറായി ഷഹീൻ അഫ്രീദി. ചൊവ്വാഴ്ച രാത്രി ഡർബനിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരായ ആദ്യ ടി20 മത്സരത്തിനിടെയാണ് ഇടങ്കയ്യൻ പേസർ ഈ നാഴികക്കല്ല് കടന്നത്.റാസി വാൻ ഡെർ ഡസ്സൻ, ഡേവിഡ് മില്ലർ തുടങ്ങിയ പ്രധാന കളിക്കാരെ ഷഹീൻ പുറത്താക്കി, തന്റെ നാല് ഓവർ സ്പെല്ലിൽ 3 വിക്കറ്റ് വീഴ്ത്തി. ന്യൂസിലൻഡിന്റെ ടിം സൗത്തി, ബംഗ്ലാദേശിന്റെ ഷാക്കിബ് അൽ ഹസൻ, ശ്രീലങ്കയുടെ ലസിത് മലിംഗ എന്നിവരുൾപ്പെടെ ടി20യിൽ 100 ??വിക്കറ്റ് തികയ്ക്കുന്ന താരങ്ങളുടെ നിരയിലേക്ക് അഫ്രീദി എത്തി.71 മത്സരങ്ങളിൽ നിന്ന് ഈ നേട്ടം കൈവരിച്ച ഹാരിസ് റൗഫിന് ശേഷം 24 കാരനായ അഫ്രീദി ഏറ്റവും വേഗതയേറിയ രണ്ടാമത്തെ പാകിസ്ഥാനിയായി. തന്റെ 74-ാം ടി20 മത്സരത്തിലാണ് ഷഹീൻ 100 വിക്കറ്റ് തികച്ചത്. ഏകദിനത്തിൽ 112 വിക്കറ്റുകളും ടെസ്റ്റ് ക്രിക്കറ്റിൽ 116 വിക്കറ്റുകളും അഫ്രീദിയുടെ പേരിലുണ്ട്.ന്യൂസിലൻഡിന്റെ ടിം സൗത്തി, ബംഗ്ലാദേശിന്റെ ഷാക്കിബ് അൽ ഹസൻ, ശ്രീലങ്കയുടെ ലസിത് മലിംഗ എന്നിവരുൾപ്പെടെ ടി20യിൽ 100 ??വിക്കറ്റ് തികയ്ക്കുന്ന താരങ്ങളുടെ നിരയിലേക്ക് അഫ്രീദി ഇപ്പോൾ എത്തി.

# ഗൂഗിളിൽ ഏറ്റവും കൂടുതൽ ആളുകൾ തിരഞ്ഞ രണ്ട് ഇന്ത്യൻ ക്രിക്കറ്റ് താരങ്ങൾ ഇവരാണ്!





ഗൂഗിളിൽ ഇത്തവണ ഏറ്റവും കൂടുതൽ തിരഞ്ഞ ക്രിക്കറ്റ് താരങ്ങളുടെ പട്ടികയിൽ രണ്ട് ഇന്ത്യക്കാരും. ആദ്യ പത്തുപേരിൽ ഇന്ത്യയുടെ ടി20 വിന്നിംഗിൽ ടീമിൽ നിന്നും ഹാർദ്ദിക്ക് പാണ്ഡ്യ ഇടംപിടിച്ചപ്പോൾ, അദ്ദേഹത്തിനൊപ്പം ഇടം പിടിച്ച മറ്റൊരു ക്രിക്കറ്റ് താരം ശശാങ്ക് സിംഗാണ്.ഐപിഎല്ലിൽ പഞ്ചാബ് കിംഗ്സിന്റെ താരമായിരുന്നു ശശാങ്ക്. ഐപിഎല്ലിൽ മാത്രം മത്സരിച്ച, മറ്റ് അന്താരാഷ്ട്ര മത്സരങ്ങളിലൊന്നും ഇടംപിടിക്കാത്ത താരം ആദ്യ പത്തിൽ ഇടംപിടിച്ചത് ആശ്ചര്യമുണ്ടാക്കിയിരിക്കുകയാണ്. രോഹിത്തിനെയും വിരാടിനെയുമൊക്കെ പിന്തള്ളിയാണ് അത്‌ലറ്റുകളുടെ പട്ടികയിൽ ശശാങ്ക് ഇടംപിടിച്ചിരിക്കുന്നത്.2024ലെ ലേലത്തിൽ ശശാങ്കിനെ പഞ്ചാബ് കിംഗ്സ് വാങ്ങിയത് വലിയ ചർച്ചയായിരുന്നു. മറ്റൊരു ശശാങ്ക് സിംഗാണെന്ന് തെറ്റിധരിച്ചാണ് പഞ്ചാബ് ഈ താരത്തെ സ്വന്തമാക്കിയത്. ജെൻഡർ സംബന്ധിച്ച വിവാദത്തിൽപ്പെട്ട അൾജീരിയൻ ബോക്സിംഗ് താരം ഇമാൻ ഖലീഫാണ് പട്ടികയിൽ ഇടം നേടിയ ആദ്യ താരം.

## കോഹ്‌ലിയുടെ ദൗർബല്യങ്ങൾ ഓസ്‌ട്രേലിയയ്ക്ക് അറിയാം; കൈഫ്





ബോർഡർ ഗവാസ്കർ ടെസ്റ്റ് പരമ്പരയിൽ ഓസ്‌ട്രേലിയൻ ടീമിൽ നിന്ന് ഇന്ത്യക്ക് ഒരുപാട് പഠിക്കാനുണ്ടെന്ന് മുൻ ഇന്ത്യൻ ബാറ്റ്സ്മാൻ മുഹമ്മദ് കൈഫ്. ഇന്ത്യയുടെ സ്റ്റാർ ബാറ്റ്സ്മാൻ വിരാട് കോഹ്‌ലിയെ എങ്ങനെ പുറത്താക്കണമെന്ന് ഓസ്‌ട്രേലിയക്ക് കൃത്യമായി അറിയാം. ഓസ്‌ട്രേലിയൻ ടീമിൽ സ്ഥിരമായി കളിക്കാത്ത സ്കോട്ട് ബൊലാന്റിന് പോലും കോഹ്‌ലിയുടെ ദൗർബല്യങ്ങൾ വ്യക്തമായി അറിയാമെന്നും കൈഫ് ചൂണ്ടിക്കാട്ടി.'വിരാട് കോഹ്ലിയുടെ ദൗർബല്യത്തെ കുറിച്ച് ബൗളർമാർക്ക് അറിയാം. ഓഫ് സ്റ്റമ്പിൽ എറിയുകയും അദ്ദേഹം പുറത്താവുകയുമാണ് സ്ഥിരമായി നടക്കുന്നത്. സ്കോട്ട് ബോളണ്ടിനെ നോക്കൂ, വർഷത്തിൽ മൂന്നോ നാലോ തവണ മാത്രമേ ഓസ്‌ട്രേലിയയ്ക്ക് വേണ്ടി അദ്ദേഹം കളിക്കുന്നുള്ളൂ. എന്നിട്ടും അദ്ദേഹം കോഹ്‌ലിയുടെ വിക്കറ്റുകൾ നേടുന്നു. ഓഫ് സ്റ്റമ്പിലേക്ക് എറിഞ്ഞാൽ വിരാടിന്റെ ക്യാച്ച് നേടാൻ കഴിയും എന്ന് അദ്ദേഹത്തിന് അറിയാം', മുഹമ്മദ് കൈഫ് പറഞ്ഞു.സമീപകാല ടെസ്റ്റ് ക്രിക്കറ്റിൽ മോശം ഫോം തുടരുന്ന വിരാട് കോഹ്ലിക്കെതിരെ വലിയ വിമർശനങ്ങളും ഉയരുന്നുണ്ട്. 2020 മുതൽ 36 മത്സരങ്ങളിൽ നിന്ന് 32.14 ശരാശരിയിൽ മൂന്ന് സെഞ്ചുറികളും ഒമ്പത് അർധസെഞ്ചുറികളും സഹിതം 1961 റൺസാണ് കോഹ്ലി നേടിയത്.



# സിറ്റിക്ക് ശേഷം മറ്റൊരു ക്ലബ്ബിനേയും പരിശീലിപ്പിക്കില്ലെന്ന് ഗ്വാർഡിയോള

മാഞ്ചസ്റ്റർ സിറ്റിക്ക് ശേഷം മറ്റൊരു ഫുട്ബോൾ ക്ലബ്ബിനെയും പരിശീലിപ്പിക്കാൻ തയ്യാറല്ലെന്ന് കോച്ച് പെപ് ഗ്വാർഡിയോള. യുവന്റസുമായുള്ള സിറ്റിയുടെ ചാമ്പ്യൻസ് ലീഗ് പോരാട്ടത്തിന് മുന്നോടിയായുള്ള പത്രസമ്മേളനത്തിലാണ് പരിശീലകൻ തന്റെ ഭാവിയെക്കുറിച്ച് പറഞ്ഞത്. താൻ പരിശീലിപ്പിക്കുന്ന അവസാന ക്ലബ്ബായിരിക്കും സിറ്റിയെന്നും ഗാർഡിയോള പറഞ്ഞു.'സിറ്റിക്ക് ശേഷം മറ്റൊരു ക്ലബ്ബിനെ പരിശീലിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ദീർഘകാല ഭാവിയെക്കുറിച്ചല്ല സംസാരിക്കുന്നത്. മറ്റൊരു ക്ലബ്ബ് നിയന്ത്രിക്കാനുള്ള ശക്തി എനിക്കില്ല. ഒരുപക്ഷേ എനിക്ക് ഒരു ദേശീയ ടീമിനെ കൈകാര്യം ചെയ്യാൻ കഴിഞ്ഞേക്കും. എന്നാൽ അത് വളരെ വ്യത്യസ്തമായിരിക്കും,' ഗാർഡിയോള പറഞ്ഞു. സീസണിൽ മാഞ്ചസ്റ്റർ സിറ്റി വളരെ മോശം പ്രകടനം കാഴ്ച വെക്കുന്ന സാഹചര്യത്തിൽ ഗ്വാർഡിയോളയുടെ ക്ലബ്ബിലെ ഭാവിയെ സംബന്ധിച്ച് ചോദ്യങ്ങളുയർന്നിരുന്നു. ഗാരെത് സൗത്ത്ഗേറ്റ് പുറത്തായതിന്റെ പശ്ചാത്തലത്തിൽ ഇംഗ്ലണ്ട് ദേശീയ ടീമിന്റെ പുതിയ പരിശീലകനായി ഗ്വാർഡിയോള എത്തിയേക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ പിന്നീട് സൗത്ത്?ഗേറ്റിന് പകരക്കാരനായി തോമസ് ടുച്ചലിനെ നിയമിക്കുകയായിരുന്നു. നവംബറിൽ ഗ്വാർഡിയോളയുമായി 2027 വരെ സിറ്റി കരാർ നീട്ടുകയും ചെയ്തിരുന്നു




### ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് പട്ടികയിൽ ഒന്നാമതെത്തി ദക്ഷിണാഫ്രിക്ക

ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് പോയന്റ് പട്ടികയിൽ ഓസ്‌ട്രേലിയയേയും പിന്തള്ളി ദക്ഷിണാഫ്രിക്ക ഒന്നാമത്. ശ്രീലങ്കയ്ക്കെതിരായ രണ്ടാം ടെസ്റ്റും ജയിച്ചതോടെയാണ് ദക്ഷിണാഫ്രിക്ക ഒന്നാം സ്ഥാനത്തെത്തിയത്. ദക്ഷിണാഫ്രിക്ക ഒന്നാമതെത്തിയോടെ ഓസ്‌ട്രേലിയ രണ്ടാം സ്ഥാനത്തേക്ക് വീണു. കഴിഞ്ഞ അഞ്ച് ടെസ്റ്റുകളും ജയിച്ച ദക്ഷിണാഫ്രിക്കയ്ക്ക് 63.33 പോയന്റ് ശതമാനമാണുള്ളത്. 10 മത്സരങ്ങളിൽ ആറെണ്ണം ജയിച്ചു. ഒരു സമനിലയും മൂന്ന് തോൽവിയും അക്കൗണ്ടിലുണ്ട്. ഇനി പാകിസ്ഥാനെതിരെ രണ്ട് ടെസ്റ്റുകളാണ് ദക്ഷിണാഫ്രിക്ക കളിക്കുക. സ്വന്തം ഗ്രൗണ്ടിലാണ് കളിയെന്നുള്ളത് ദക്ഷിണാഫ്രിക്കയുടെ സാധ്യതകൾ വർധിപ്പിക്കുന്നു. നേരത്തെ അഡ്‌ലെയ്ഡ് ടെസ്റ്റിലെ ജയത്തോടെ ഒന്നാം സ്ഥാനത്തേക്ക് കയറിയിരുന്നു ഓസീസ്.

## ഫിറ്റ്നസ് ക്ലിയറൻസില്ല; ഓസ്‌ട്രേലിയക്കെതിരായ ടെസ്റ്റ് പരമ്പരയിൽ ഷമിയുണ്ടാവില്ല

ഓസ്‌ട്രേലിയക്കെതിരായ ടെസ്റ്റ് പരമ്പരയിലെ അവസാന രണ്ട് ടെസ്റ്റുകളിൽ പേസർ മുഹമ്മദ് ഷമിയെ ഉൾപ്പെടുത്താൻ സാധ്യതയില്ലെന്ന് റിപ്പോർട്ടുകൾ. നിലവിൽ മുഷ്താഖ് അലി ടി20 ട്രോഫിയിൽ ബംഗാളിനായി കളിക്കുന്ന ഷമി ഒരു ടെസ്റ്റ് മത്സരം കളിക്കാൻ യോഗ്യനല്ലെന്നാണ് റിപ്പോർട്ട്. ഷമിയുടെ ഫിറ്റ്നസ് നിരീക്ഷിക്കാൻ ദേശീയ ക്രിക്കറ്റ് അക്കാദമിയുടെ മെഡിക്കൽ സംഘം അദ്ദേഹത്തോടൊപ്പമുണ്ടെങ്കിലും ഇതുവരെ പോസിറ്റീവ് റിപ്പോർട്ട് നൽകിയിട്ടില്ലെന്നാണ് റിപ്പോർട്ട്. ഇതോടെ ഓസ്‌ട്രേലിയയ്ക്കെതിരെ 26ന് ആരംഭിക്കുന്ന ബോക്സിംഗ് ഡേ ടെസ്റ്റിൽ ഷമിയുടെ ഇന്ത്യയ്ക്കായി കളിക്കാനുള്ള സാധ്യത പൂർണമായും മങ്ങി.

ഓസ്‌ട്രേലിയക്കെതിരായ രണ്ടാം ടെസ്റ്റിലെ തോൽവിക്ക് ശേഷം ഷമിയെ തിരിച്ചുവിളിച്ചതിനെക്കുറിച്ചുള്ള ചോദ്യത്തിന് ക്യാപ്റ്റൻ രോഹിത് ശർമയുടെ പ്രതികരണവും അനുകൂലമായിരുന്നില്ല. ഷമിക്ക് എപ്പോൾ വേണമെങ്കിലും ടീമിൽ തിരിച്ചെത്താൻ കഴിയുമെന്ന് രോഹിത് പറഞ്ഞിരുന്നു, എന്നാൽ മുഷ്താഖ് അലി ടൂർണമെന്റിനിടെ വീണ്ടും കാൽമുട്ടിന് പരിക്കേറ്റതിനാൽ ഷമിയുടെ ഫിറ്റ്നസിൽ തനിക്ക് ആശങ്കയുണ്ടെന്നും രോഹിത് പറഞ്ഞിരുന്നു.

# മുടിക്ക് തിളക്കവും കരുത്തും വേണോ? പഴങ്ങൾക്കും റോളുണ്ട് !



മുടിയുടെ ആരോഗ്യത്തിൽ പഴങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അവശ്യ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ പഴങ്ങൾ മുടി വേഗത്തിൽ വളരാൻ സഹായിക്കുന്നു. കൂടാതെ, ഇത് മുടി പൊട്ടുന്നത് തടയാനും മുടി കൊഴിച്ചിൽ കുറയ്ക്കാനും സഹായിക്കുന്നു. മുടിയുടെ ആരോഗ്യത്തിന് ഈ പഴങ്ങൾ കഴിക്കാം.

**ഓറഞ്ച്**

ഓറഞ്ചിൽ വൈറ്റമിൻ സി ധാരാളം അടങ്ങിയിട്ടുണ്ട്. മുടികൊഴിച്ചിൽ തടയാനും ഞരമ്പുകളെ ശക്തിപ്പെടുത്താനും ഇതിന് കഴിയും. കൊളാജൻ ഉൽപാദനത്തിനും ഇത് സഹായിക്കുന്നു. കൂടാതെ, ഓറഞ്ച് പോലുള്ള സിട്രസ് പഴങ്ങളുടെ തൊലിയിൽ അടങ്ങിയിരിക്കുന്ന ലിമോണീൻ മുടി കൊഴിച്ചിൽ അകറ്റാൻ സഹായിക്കും.

**വാഴപ്പഴം**

മുടി വളരാൻ ഏറ്റവും ഫലപ്രദമായ പഴങ്ങളിൽ ഒന്നാണ് വാഴപ്പഴം. അവയിൽ പൊട്ടാസ്യം അടങ്ങിയിട്ടുണ്ട്. ഇത് ആരോഗ്യകരമായ തലയോട്ടി നിലനിർത്താൻ സഹായിക്കുന്നു. ഇത് മുടി വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇതിൽ വിറ്റാമിൻ ബി6 അടങ്ങിയിട്ടുണ്ട്. ഇത് തലയോട്ടിയിലേക്ക് ഓക്സിജൻ നൽകുകയും മുടി വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**പേരക്ക**

മുടിക്ക് ബലം നൽകുന്ന മറ്റൊരു പഴമാണ് പേരക്ക. പേരയ്ക്കയിൽ വിറ്റാമിൻ സി അടങ്ങിയിട്ടുണ്ട്. മുടി പൊട്ടുന്നത് തടയുന്നു. മുടി വളർച്ചയെ സഹായിക്കുന്ന പോഷകങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്.

**സ്ട്രോബെറി**

സ്ട്രോബെറിയിൽ വിറ്റാമിൻ സി അടങ്ങിയിട്ടുണ്ട്. ഇത് ഇരുമ്പ് നന്നായി ആഗിരണം ചെയ്യാൻ സഹായിക്കുന്നു. മുടികൊഴിച്ചിൽ തടയുന്ന വിറ്റാമിൻ ബി 5യും ഇതിൽ അടങ്ങിയിട്ടുണ്ട്.

**അവോക്കാഡോ**

അവോക്കാഡോ മുടി വളർച്ചയെ സഹായിക്കുന്ന മറ്റൊരു പഴമാണ്. മുടിക്ക് ഈർപ്പം നൽകാൻ സഹായിക്കുന്ന ആരോഗ്യകരമായ കൊഴുപ്പുകളാൽ സമ്പന്നമാണ്. ഇത് വരൾച്ചയും പൊട്ടലും തടയുന്നു. കൂടാതെ, അവോക്കാഡോ വിറ്റാമിൻ ഇ, ബി, സി എന്നിവയാൽ സമ്പുഷ്ടമാണ്.

**പൈനാപ്പിൾ**

വൈറ്റമിൻ സിയും കാൽസ്യവും അടങ്ങിയിട്ടുള്ളതിനാൽ മുടി വളർച്ചയ്ക്കും പൈനാപ്പിൾ നല്ലതാണ്. ഇവ രണ്ടും മുടികൊഴിച്ചിൽ തടയാൻ സഹായിക്കുന്നു.

അതേസമയം, വിറ്റാമിൻ സി മുടിയെ ശക്തിപ്പെടുത്തുകയും കേടുപാടുകൾ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

**പീച്ച്**

മുടിയുടെ വളർച്ചയ്ക്ക് ഏറ്റവും നല്ല പഴങ്ങളിൽ ഒന്നാണ് പീച്ച്. കൊളാജൻ ഉൽപാദനത്തിന് സഹായിക്കുന്ന ശക്തമായ ആന്റിഓക്സിഡന്റുകൾ പീച്ചിൽ അടങ്ങിയിട്ടുണ്ട്.

പീച്ചിൽ വിറ്റാമിൻ എ അടങ്ങിയിട്ടുണ്ട്, ഇത് ആരോഗ്യകരമായ തലയോട്ടിക്കും സെബം ഉൽപാദനത്തിനും സഹായിക്കുന്നു. മുടി പൊട്ടുന്നത് തടയാനും പീച്ച് നല്ലതാണ്.



## തലച്ചോറ് പറയുന്നത് അതുപോലെ കേൾക്കില്ല, ഹൃദയത്തിന്റെ നാഡീവ്യൂഹം സ്വതന്ത്രമാണെന്ന് പഠനം

തലച്ചോറിൽ നിന്ന് ലഭിക്കുന്ന സിഗ്നലുകൾക്കനുസരിച്ചാണ് ശരീരത്തിലെ മിക്ക അവയവങ്ങളും പ്രവർത്തിക്കുന്നത്. എന്നാൽ ഹൃദയത്തിന്റെ രീതി അതിൽ നിന്ന് കുറച്ച് വ്യത്യസ്തമാണെന്നാണ് സ്വീഡനിലെ കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ടും ന്യൂയോർക്കിലെ കൊളംബിയ സർവകലാശാലയും സംയുക്തമായി നടത്തിയ പഠനത്തിൽ വിശദീകരിക്കുന്നത്.

ഹൃദയത്തിന്റെ നാഡീവ്യൂഹം ഒരു റിലേ സിസ്റ്റമായി കണക്കാക്കപ്പെട്ടിരുന്നു. അതായത് ഹൃദയമിടിപ്പ് നിരീക്ഷിക്കാനും നിയന്ത്രിക്കാനും തലച്ചോറിൽ നിന്ന് കൈമാറുന്ന സിഗ്നലുകൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ ഹൃദയത്തിന്റെ നാഡീവ്യൂഹം സ്വതന്ത്രമാണെന്ന് കണ്ടെത്തിയതായി നേച്ചർ കമ്മ്യൂണിക്കേഷനിൽ പ്രസിദ്ധീകരിച്ചപഠനത്തിൽഗവേഷകർചൂണ്ടിക്കാട്ടി.

ഹൃദയത്തിന്റെ ആന്തരിക നാഡീവ്യവസ്ഥയെ ഇൻട്രാ കാർഡിയാക് നാഡീവ്യൂഹം എന്നാണ് ഗവേഷകർ വിളിക്കുന്നത്. അവയ്ക്ക് സ്വന്തമായി ഹൃദയമിടിപ്പ് സൃഷ്ടിക്കാനും തലച്ചോറിന്റെ നിർദേശങ്ങൾക്കപ്പുറം സ്വയം നിയന്ത്രിക്കാനും കഴിയും.

'ഹൃദയത്തിന് സ്വന്തമായൊരു തലച്ചോറുള്ള പോലെ' എന്നാണ് ഗവേഷകർ ഇതിനെ വിശേഷിപ്പിച്ചത്. ഹൃദയത്തിന്റെ പ്രവർത്തനത്തിന്റെ എല്ലാ ഭാഗങ്ങളും മസ്തിഷ്കം സൂക്ഷ്മമായി കൈകാര്യം ചെയ്യുന്നില്ലെന്നും ഗവേഷകർ പറയുന്നു.

ഘടനയിലും പ്രവർത്തനത്തിലും മനുഷ്യ ഹൃദയത്തോട് വിചിത്രമായ സാമ്യമുള്ള സീബ്രാഫിഷിലാണ് ഗവേഷകർ പരീക്ഷണം നടത്തിയത്. ഹൃദയത്തിന്റെ പേസ്മേക്കറായി പ്രവർത്തിക്കുന്ന സിനോആട്രിയൽ പ്ലെക്സസ് (എസ്എപി) എന്ന ഹൃദയത്തിന്റെ ഒരു പ്രധാന ഭാഗത്തെ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ വൈവിധ്യമാർന്ന ന്യൂറോണുകൾ കണ്ടെത്തി.

ഈ ന്യൂറോണുകൾ അസറ്റൈൽ കോളിൻ, ഗ്ലൂട്ടാമേറ്റ്, സെറോടോണിൻ തുടങ്ങിയ വിവിധ ന്യൂറോ ട്രാൻസ്മിറ്ററുകൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നുണ്ടെന്ന് പഠനത്തിൽ പറയുന്നു. ഇത് താളാത്മകമായ വൈദ്യുത പാറ്റേണുകൾ സൃഷ്ടിക്കുന്നു.



## വ്യായാമം പ്രായമായവരിൽ ഓർമ്മശക്തി വർദ്ധിപ്പിക്കുമെന്ന് പുതിയ പഠനം

വ്യായാമം പ്രായമായവരിൽ ഓർമ്മശക്തി വർദ്ധിപ്പിക്കുമെന്ന് പുതിയ പഠനം. 50 മുതൽ 83 വയസ്സ് വരെ പ്രായമുള്ള ആളുകൾ വ്യായാമം ചെയ്യുന്നത് അവരുടെ ഓർമ്മശക്തി വർദ്ധിപ്പിക്കുമെന്ന് യൂണിവേഴ്സിറ്റി കോളേജ് ലണ്ടനിലെ (UCL) ഗവേഷകരുടെ പുതിയ പഠനം കാണിക്കുന്നു. ഈ ഓർമശക്തി ഏതാണ്ട് 24 മണിക്കൂർ വരെ നീണ്ടുനിൽക്കും.

വ്യായാമം കഴിഞ്ഞ് ഏതാനും മണിക്കൂറുകൾക്ക് പകരം അടുത്ത ദിവസത്തേക്ക് വരെ ഇത് നീണ്ടേക്കാമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമിയോളജി & ഹെൽത്ത് കെയറിൽ നിന്നുള്ള പ്രമുഖ എഴുത്തുകാരി ഡോ. മൈക്കേല ബ്ലൂംബെർഗ് പറഞ്ഞു. കൂടുതൽ ഉറക്കം ലഭിക്കുന്നത്, പ്രത്യേകിച്ച് ഗാഢമായ ഉറക്കം ഓർമശക്തി മെച്ചപ്പെടുത്തുമെന്നും മൈക്കേല കൂട്ടിച്ചേർത്തു.

ഹ്രസ്വകാലത്തേക്ക് വ്യായാമം ചെയ്യുന്നത് തലച്ചോറിലേക്കുള്ള രക്തയോട്ടം വർദ്ധിപ്പിക്കുമെന്ന് ഗവേഷകർ വിശദീകരിച്ചു. ഇത് നോറെപിനെഫ്രിൻ, ഡോപാമൈൻ തുടങ്ങിയ ന്യൂറോ ട്രാൻസ്മിറ്ററുകളുടെ പ്രകാശനത്തെ ഉത്തേജിപ്പിക്കുന്നു, ഇത് വൈജ്ഞാനിക പ്രവർത്തനങ്ങളുടെ ശ്രേണിയെ സഹായിക്കുന്നു.

പഠനത്തിനായി, എട്ട് ദിവസത്തേക്ക് ആക്ടിവിറ്റി ട്രാക്കറുകൾ ധരിക്കുകയും ഓരോ ദിവസവും കോഗ്നിറ്റീവ് ടെസ്റ്റുകൾ നടത്തുകയും ചെയ്ത 76 പുരുഷന്മാരുടെയും സ്ത്രീകളുടെയും ഡാറ്റ സംഘം വിശകലനം ചെയ്തു.

വേഗത്തിലുള്ള നടത്തം, നൃത്തം, അല്ലെങ്കിൽ ഏതാനും പടികൾ കയറൽ എന്നിവയിൽ മുഴുകിയവർക്ക് നേരത്തെയുള്ളതിനേക്കാൾ കൂടുതൽ നേരം ഓർമശക്തി നിലനിൽക്കുന്നുണ്ടെന്ന് പഠനം കണ്ടെത്തി.

നേരെമറിച്ച്, പതിവിലും കൂടുതൽ സമയം ഉദാസീനമായി ചെലവഴിക്കുന്നവരിൽ ഓർമശക്തി കുറയുന്നതായും കണ്ടെത്തി.

## ഭാരം കുറയ്ക്കാൻ മികച്ചത് ശർക്കരയോ, തേനോ



നിങ്ങൾ ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആദ്യം ചെയ്യേണ്ടത് പഞ്ചസാരയുടെ അളവ് കുറയ്ക്കുക എന്നതാണ്. ഇതിന് പകരമായി പ്രകൃതിദത്തമായ മധുരങ്ങളായ ശർക്കരയും തേനും ഉപയോഗിക്കാം. ഇവ ആരോഗ്യകരവും ശരീരഭാരം കുറയ്ക്കുകയും ചെയ്യുന്നു.

എന്നാൽ ഇതിനും അതിന്റേതായ ചെറിയ ദോഷങ്ങളുണ്ട്. ഇതിന്റെ ആരോഗ്യ ഗുണങ്ങൾ നോക്കുകയാണെങ്കിൽ ശർക്കരയിൽ അയൺ, സിങ്ക്, പൊട്ടാസ്യം, മഗ്നീഷ്യം, തുടങ്ങിയ ധാതുക്കളുണ്ട്. തേനിൽ ആന്റിഇൻഫ്ളമേറ്ററി, ആന്റി ബാക്ടീരിയൽ ഗുണങ്ങളുമുണ്ട്.

ശർക്കര കരിമ്പിൽനിന്നാണ് എടുക്കുന്നത്. ശർക്കരയ്ക്ക് അതിനാൽ ഗ്ലൈസെമിക് ഇൻഡക്സ് കുറവാണ്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂട്ടില്ല. ഇൻസുലിൻ പ്രതിരോധം വർധിപ്പിക്കുന്ന ശർക്കര ശരീരഭാരവും കൂടാൻ കാരണമാകില്ല.


ധാതുക്കളും ആന്റിഓക്സിഡന്റുകളും അടങ്ങിയ ശർക്കര ദഹനവുമായി ബന്ധപ്പെട്ട എൻസൈമുകളെ ഉത്തേജിപ്പിക്കുന്നു. ബവൽ മൂവ്മെന്റ് വേഗത്തിലാക്കാനായി സഹായിക്കുന്നുവെന്ന് അപ്ലൈഡ് ഫുഡ് റിസർച്ച് എന്ന ജേണലിൽ പ്രസിദ്ധീകരിച്ച പഠനം വ്യക്തമാക്കുന്നു.

ധാരളമായി നാരുകളടങ്ങിയ ശർക്കര വിശപ്പ് അകറ്റുന്നു. ശരീരത്തിൽ നിന്നും വിഷാംശങ്ങൾ അകറ്റാനും സഹായിക്കുന്നു. കൂടാതെ ശരീരഭാരം കുറയ്ക്കാനും സഹായിക്കുന്നതായി ഡയറ്ററി ഷുഗർ സോൾട്ട് ആൻഡ് ഫാറ്റ് ഇൻ ഹ്യൂമർ ഹെൽതിൽ പ്രസിദ്ധീകരിച്ച പഠനം വ്യക്തമാക്കുന്നു.

ഇനി തേനിന്റെ കാര്യം നോക്കിയാൽ, തേനീച്ചകൾ ഉൽപാദിപ്പിക്കുന്നതാണ് തേൻ. ആന്റി ഓക്സിഡന്റുകൾ അടങ്ങിയ തേനിന് ആന്റി ബാക്ടീരിയൽ ഗുണങ്ങളും അധികമാണ്. കാലറി ധാരളമടങ്ങിയ തേനിന് വിശപ്പ് അകറ്റാനും വയർ നിറഞ്ഞതായി തോന്നിപ്പിക്കാനും സാധിക്കും. ഇതിലെ പ്രീബയോട്ടിക്കുകൾ ഉദരാരോഗ്യം മെച്ചപ്പെടുത്തുന്നു. പൊണ്ണത്തടി ഇല്ലാതെയാക്കുന്നു. തേനിൽ അടങ്ങിയിരിക്കുന്ന ട്രിപ്രോഫാനും മറ്റ് സംയുക്തങ്ങളും കുടവയർ കുറയ്ക്കാൻ സഹായിക്കും.

ഇനി ഇവരിൽ ആരാണ് കേമനെന്ന് നോക്കിയാൽ ശരീരഭാരം കുറയ്ക്കാൻ ശർക്കരയേക്കാൾ മികച്ചത് തേൻ ആണ്. ഗ്ലൈസെമിക് ഇൻഡക്സ് കുറഞ്ഞ തേൻ ദഹനത്തിനു സഹായിക്കുന്നുതോടൊപ്പം പല ആരോഗ്യഗുണങ്ങളും അടങ്ങിയതാണ്. വിശപ്പകറ്റാനും ഊർജം നൽകാനും തേനിന് സാധിക്കും. തേൻ പെട്ടെന്നു തന്നെ ദഹിക്കും. മിതമായ അളവിൽ ഉപയോഗിച്ചാൽ തേനും ശർക്കരയും ശരീരഭാരം കുറയ്ക്കാൻ ഫലപ്രദമാണ്. എന്നാൽ എന്തും അമിതമായാൽ വിഷമാണല്ലോ. അതുപോലെ അമിതമായി തേൻ ഉപയോഗിച്ചാൽ ശരീരഭാരം വർധിക്കാം.

## ഇനി 'ടൈപ്പിങ്' എന്നല്ല, പകരം 'ത്രീ ഡോട്സ്'; ചാറ്റിങ് കൂടുതൽ രസകരമാക്കാൻ വാട്സ്ആപ്പ്




ടൈപ്പിംഗ് ഇൻഡിക്കേറ്റർ ഫീച്ചർ അവതരിപ്പിച്ച് വാട്സാപ്പ്. ഈ ആഴ്ച മുതൽ ഐഫോൺ, ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക് ഈ ഫീച്ചർ ലഭ്യമാകും. ആരാണ് ടൈപ്പ് ചെയ്യുന്നതെന്ന് ടൈപ്പിംഗ് ഇൻഡിക്കേറ്റർ കാണിക്കും. പേഴ്സണൽ ചാറ്റിലും ഗ്രൂപ്പിലും ടൈപ്പ് ചെയ്യുന്നതായി കാണിക്കുന്ന പുതിയ ടൈപ്പിംഗ് ഇൻഡിക്കേറ്റർ ആണിത്.

ആരെങ്കിലും ടൈപ് ചെയ്യുമ്പോൾ മൂന്ന് മാർക്കുകൾ ചാറ്റ് ബോക്സ് കാണിക്കും. ടൈപ്പ് ചെയ്യുന്ന ആളുടെ ഡിപി കാണാനാകും എന്നതും ഇതിന്റെ ഏറ്റവും വലിയ സവിശേഷതയാണ്.

ചാറ്റുകളിലെ റിയൽ ടൈം എൻഗേജ്മെന്റ് കൂട്ടുന്നതിന് വേണ്ടിയാണു ഈ പുതിയ ഫീച്ചർ കൊണ്ടുവരുന്നത്. വാട്ട്സ്ആപ്പ് ഉപയോക്താക്കൾ തങ്ങൾ ചാറ്റ് ചെയ്യുന്ന വ്യക്തിയുടെ ഡിസ്പ്ലേ ചിത്രത്തിന് താഴെയായി 'ടൈപ്പിംഗ്' ഐക്കൺ വരും.

പലർക്കും ഈ ഫീച്ചർ നേരത്തെ ലഭ്യമായിരുന്നു, എന്നാലും കൂടുതൽ ആളുകളിലേക്ക് എത്തിയത് ഇപ്പോഴാണ്. ഗ്രൂപ്പ് ചാറ്റുകളിൽ ഈ ഫീച്ചർ ഇൻട്രസ്റ്റിങ് ആണ്.

## ചാറ്റ് ജിടിപി പ്ലസ്, പ്രോ ഉപയോക്താക്കൾക്കായി ടെക്സ്റ്റ്–ടു–വീഡിയോ മോഡൽ സോറയുമായി ഓപ്പൺ എഐ

ചാറ്റ് ജിടിപി പ്ലസ്, പ്രോ ഉപയോക്താക്കൾക്കായി ഓപ്പൺ എഐ ടെക്സ്റ്റ്-ടു-വീഡിയോ മോഡൽ സോറ പുറത്തിറക്കുന്നു. സോറ എന്ന് പേരിട്ടിരിക്കുന്ന എഐ മോഡൽ ആദ്യമായി ഫെബ്രുവരിയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ അത് സുരക്ഷാ പരീക്ഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോഴിത് ചാറ്റ്ജിപിടി പ്ലസ്, പ്രോ ഉപയോക്താക്കൾക്ക് അധിക ചിലവില്ലാതെ ലഭ്യമാണ്.

'വ്യത്യസ്ത തരം ഉപയോക്താക്കൾക്ക് അനുയോജ്യമായി ഞങ്ങൾ പ്രവർത്തിക്കുന്നു, അടുത്ത വർഷം സോറ ലഭ്യമാക്കാനാണു പദ്ധതി,' കമ്പനി ഒരു ബ്ലോഗ് പോസ്റ്റിൽ പറഞ്ഞു.

ഇയു രാജ്യങ്ങൾ, സ്വിറ്റ്സർലൻഡ്, യുകെ എന്നിവിടങ്ങളിൽ സോറ ലഭ്യമാകില്ലെങ്കിലും, ചാറ്റ്ജിപിടി ഉള്ള മറ്റ് പ്രദേശങ്ങളിൽ എഐ മോഡൽ ആക്സസ് ചെയ്യാൻ കഴിയുമെന്ന് ഓപ്പൺ എഐ അറിയിച്ചു.




കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന വീഡിയോ, ഡീപ് ഫേക്കുകൾ എന്നിവ പോലുള്ളവ സോറയിൽ സൃഷ്ടിക്കുന്നതും അപ്ലോഡ് ചെയ്യുന്നതും തടയുമെന്നും കമ്പനി അറിയിച്ചു.

നൽകുന്ന കമാൻഡ് അനുസരിച്ച് ഹ്രസ്വ വീഡിയോകൾ ഉടനടി സൃഷ്ടിക്കാൻ സോറയ്ക്ക് കഴിയും. ഓപ്പൺ എഐയ്ക്കും ടെക്സ്റ്റ്-ടു-വീഡിയോ ജനറേഷന്റെ ഭാവിക്കും ഒരു സുപ്രധാന ചുവടുവയ്പ്പാകും സോറയുടെ കണ്ടുപിടിത്തമെന്ന് വിദഗ്ധർ പറയുന്നു.

## 'അൺഡു ഡിവൈസ് ബാക്കപ്പ്' ഫീച്ചറുമായി ഗൂഗിൾ ഫോട്ടോസ്; എങ്ങനെ സജ്ജീകരിക്കാം?

'അൺഡു ഡിവൈസ് ബാക്കപ്പ്' ഫീച്ചറുമായി ഗൂഗിൾ ഫോട്ടോസ്. പുതിയ ഫീച്ചർ ഉപയോഗിച്ച് ഗൂഗിൾ ഫോട്ടോസ് ബാക്കപ്പിൽ നിന്ന് നേരിട്ട് ഫോട്ടോകളും വീഡിയോകളും നീക്കം ചെയ്യുകയോ സൂക്ഷിക്കുകയോ ചെയ്യാം.

**എങ്ങനെ സജ്ജീകരിക്കാം?**


ഈ ഫീച്ചർ പ്രയോജനപ്പെടുത്തുന്നതിനായി ഗൂഗിൾ ഫോട്ടോസ് ആപ്പ് തുറക്കുക. മുകളിലെ വലത് കോണിലുള്ള പ്രൊഫൈൽ ചിത്രത്തിൽ ടാപ്പ് ചെയ്ത ശേഷം ഗൂഗിൾ ഫോട്ടോസ് ക്രമീകരണം എന്നതിലേക്ക് പോയി 'ബാക്കപ്പ്' ക്ലിക്ക് ചെയ്യുക. തുടർന്ന് അൽപ്പം താഴേക്ക് സ്ക്രോൾ ചെയ്യുക.

ശേഷം ബാക്കപ്പ് പഴയപടിയാക്കുക എന്ന പേരിലുള്ള ബട്ടണിൽ ടാപ്പു ചെയ്യുക, തുടർന്ന് 'ഈ ഉപകരണത്തിൽ നിന്നുള്ള ഫോട്ടോകളും വീഡിയോകളും ഗൂഗിൾ ഫോട്ടോകളിൽ നിന്ന് ഇല്ലാതാക്കപ്പെടും' എന്ന ബോക്സിൽ ടിക്ക് ചെയ്യുക.



അവസാനമായി, 'ഗൂഗിൾ ഫോട്ടോസ് ബാക്കപ്പ് ഇല്ലാതാക്കുക' ബട്ടണിൽ ടാപ്പുചെയ്യുക. ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഗൂഗിൾ ഫോട്ടോസിലെ പുതിയ 'അൺഡു ബാക്കപ്പ്' ഫീച്ചർ നിലവിൽ ഐഒഎസ് ലാണ് ലഭ്യമാകുക. വൈകാതെ ആൻഡ്രോയ്ഡിൽ ലഭ്യമാകുമെന്നാണ് സൂചന.

## 'ഇനി റിമൈൻഡർ'; സീൻ ചെയ്യാത്ത മെസേജുകളും സ്റ്റാറ്റസുകളും വാട്സ്ആപ്പ് ഓർമ്മിപ്പിക്കും




വാട്ട്സ്ആപ്പിൽ നിങ്ങൾ കാണാത്ത സന്ദേശങ്ങളും സ്റ്റാറ്റസുകളും ഇനി വാട്ട്സ്ആപ്പ് തന്നെ നിങ്ങളെ ഓർമ്മിപ്പിക്കും. ഇതിനായി പുതിയ അപ്ഡേറ്റുമായി വാട്സ്ആപ്പ് എത്തിയിരിക്കുകയാണ്.

സ്ഥിരമായി ഇടപെടുന്നവരുടേയും ഫേവറേറ്റ് കോൺടാക്റ്റുകളായി സേവ് ചെയ്തിരിക്കുന്നവരുടെയും സ്റ്റാറ്റസുകളെയും മെസേജുകളേയും കുറിച്ചാണ് വാട്സ്ആപ്പ് ഓർമ്മപ്പെടുത്തുക.

വാട്സ്ആപ്പ്ഉപയോക്താവിന്ശല്യമാകാത്ത രീതിയിൽ റിമൈൻഡർ നൽകാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. ഈ സേവനം ആവശ്യമില്ലാത്തവർക്ക് സെറ്റിംഗ്സിൽ കയറി റിമൈൻഡർ ഓഫ് ചെയ്ത് വെക്കാനും കഴിയും.

വാട്സ്ആപ്പ് ബീറ്റാ ഉപഭോക്താക്കൾക്ക് ഈ സേവനം ലഭ്യമായിത്തുടങ്ങിയതായി വാബീറ്റ ഇൻഫോ റിപ്പോർട്ട് ചെയ്തു. വൈകാതെ തന്നെ മറ്റുള്ള വാട്സ്ആപ്പ് ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാകും.

ഇതിനായി സ്ഥിരമായി നമ്മൾ നടത്തുന്ന ആശയവിനിമയങ്ങൾ വാട്സ്ആപ്പ് വിശകലനം ചെയ്യുമെന്നാണ് റിപ്പോർട്ടുകൾ. എന്നാൽ ബാക്കപ്പിലോ സെർവറിലോ ഈ വിവരങ്ങൾ ശേഖരിച്ചുവെക്കില്ലെന്നും കമ്പനി പറയുന്നു.

## ഐഫോൺ എസ്ഇ 4 ഞെട്ടിക്കും! ക്യാമറ രഹസ്യങ്ങൾ പുറത്ത്

ഐഫോൺ സ്പെഷ്യൽ എഡിഷൻ 4 അല്ലെങ്കിൽ ഐഫോൺ എസ്ഇ 4 ആണ് ആപ്പിൾ ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന അടുത്ത ഐഫോൺ മോഡലാണ്. ഇത് 2025 മാർച്ചിൽ ലോഞ്ച് ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും, ഈ വരാനിരിക്കുന്ന ഫോണിന്റെ സവിശേഷതകളെക്കുറിച്ചുള്ള ചർച്ചകളും സജീവമായി നടക്കുന്നു.

ആപ്പിളിന്റെ ബജറ്റ് സൗഹൃദ ഐഫോൺ മോഡലുകളാണ് ഐഫോൺ സ്പെഷൽ എഡിഷനുകൾ. എന്നാൽ ബജറ്റ് ഐഫോണുകളിലേക്കും ആപ്പിൾ ഇപ്പോൾ കൂടുതൽ മികച്ച ഫീച്ചറുകൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നു എന്നതാണ് ഇപ്പോൾ വന്നിരിക്കുന്ന ലീക്ക് റിപ്പോർട്ട് വെളിപ്പെടുത്തുന്നത്.

അതായത് ഐഫോൺ എസ്ഇ4ന്റെ ക്യാമറകളുടെ കാര്യത്തിലും ആപ്പിൾ പതിവിൽ നിന്ന് വ്യത്യസ്തമായി പുതിയ അപ്ഗ്രേഡ് കൊണ്ടുവരുന്നു. റിപ്പോർട്ട് പ്രകാരം, ആപ്പിൾ ഐഫോൺ എസ്ഇ 4 OLED ഡിസ്പ്ലേയോടെ അവതരിപ്പിക്കും.

ഐഫോൺ എസ്ഇ4ൽ ഐഫോൺ 16 മോഡലിൽനിന്നുള്ള ക്യാമറകൾ ഉണ്ടാകും എന്നാണ്. അതായത്, 48 മെഗാപിക്സൽ മെയിൻ റിയർ ക്യാമറയും 12 മെഗാപിക്സൽ TrueDepth ഫ്രണ്ട് ക്യാമറയും ഐഫോൺ എസ്ഇ4ൽ ഉണ്ടാകും എന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

ഐഫോൺ 16 ന്റെ ഫ്രണ്ട് ഷൂട്ടറിന്റെ റെസല്യൂഷനുമായി പൊരുത്തപ്പെടുന്ന 12 മെഗാപിക്സൽ സെൻസർ ഫ്രണ്ട് ക്യാമറ ഐഫോൺ എസ്ഇ 4ൽ ഉപയോഗിക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു.

അതേസമയം ഐഫോൺ എസ്ഇ4ൽ ടച്ച് ഐഡിക്ക് പകരം ഫേസ് ഐഡി ഉപയോഗിക്കും എന്ന റിപ്പോർട്ടുകളും ഇതിനിടയിൽ എത്തിയിട്ടുണ്ട്.

യുഎസ്ബിസി പോർട്ട് എന്നിവയും പുതിയതായി ഐഫോൺ എസ്ഇ4ൽ ഇടംപിടിക്കുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ആപ്പിളിന്റെ സ്വന്തം 5G ചിപ്പ് അവതരിപ്പിക്കും എന്നതാണ് എസ്ഇ4ന്റെ മറ്റൊരു ശ്രദ്ധേയ മാറ്റം.



# സിറിയയിൽ അശാന്തി; അസദിന്റെ പിതാവിന്റെ ശവകുടീരം അഗ്നിക്കിരയാക്കി വിമതർ

സിറിയ: പുറത്താക്കപ്പെട്ട സിറിയൻ പ്രസിഡന്റ് ബഷർ അൽ അസദിന്റെ പിതാവ് ഹഫീസ് അൽ അസദിന്റെ ശവകുടീരം കത്തിച്ച് വിമതർ. ഹഫീസിന്റെ ജന്മനാടായ കർദാഹയിലാണ് ശവകുടീരത്തിന് തീയിട്ടത്. 1971 മുതൽ 28 വർഷം സിറിയ ഭരിച്ച നേതാവായിരുന്നു ഹഫീസ്. ഒരു കുന്നിൻ മുകളിലാണ് ശവകുടീരം സ്ഥിതി ചെയ്യുന്നത്. ബഷറിന്റ സഹോദരൻ ബസെൽ അടക്രം അസദ് കുടുംബത്തിലെ പല പ്രമുഖരേയും സംസ്കരിച്ച സ്ഥലം കൂടിയാണിത്. അതേസമയം, സിറിയ വിട്ട ബഷർ അൽ അസദ് ഇപ്പോൾ റഷ്യയിലാണ്. അസദിനും കുടുംബത്തിനും അഭയം നൽകിയതായി റഷ്യ സ്ഥിരീകരിച്ചു. വിമതർ അധികാരം പിടിച്ചെടുത്തതിന് ശേഷം അസദ് എവിടെയാണെന്ന് വ്യക്തമല്ല. വിമാനം കയറി രക്ഷപ്പെട്ടു എന്നതു മാത്രമായിരുന്നു വാർത്ത. പിന്നീട് റഷ്യയിൽ അഭയം തേടിയതായി റിപ്പോർട്ടുകൾ പുറത്തുവന്നു.അതേസമയം, അദ്ദേഹം സുരക്ഷിതനാണെന്ന് റഷ്യൻ വിദേശകാര്യ ഉപമന്ത്രി സെർജി റിയാബ്കോവ് അറിയിച്ചു. 'അദ്ദേഹം രക്ഷപ്പെട്ടു. ഇത്തരമൊരു അസാധാരണ സാഹചര്യത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായ ഉചിതമായ നടപടിയായിരുന്നു അത്' -സെർഗൽ പറഞ്ഞു.

സിറിയയിലെ ബാഷർ അൽ അസദ് ഭരണകൂടവുമായി വളരെ സൗഹൃദം പുലർത്തിയിരുന്ന രാജ്യമാണ് റഷ്യ. അതുകൊണ്ട് തന്നെ അസദിന്റെ രക്ഷപ്പെടൽ റഷ്യയിലേക്കായിരിക്കുമെന്ന് നേരത്തെ വിലയിരുത്തപ്പെട്ടിരുന്നു. 54 വർഷം പഴക്കമുള്ള അസദ് കുടുംബത്തിന്റെ ഭരണമാണ് ഹയാത്ത് തഹ്രീർ അൽ ഷാം വിമത സംഘം കഴിഞ്ഞ ദിവസം അവസാനിപ്പിച്ചത്.11 ദിവസം കൊണ്ട് അൽ അസദിൽ നിന്ന് വിമത സേന രാജ്യം പിടിച്ചെടുത്തു. സിറിയ ഇപ്പോൾ പൂർണമായും വിമതരുടെ നിയന്ത്രണത്തിലാണ്. അതിനിടെ, സിറിയയ്ക്കെതിരായ ആക്രമണം ഇസ്രായേൽ ശക്തമാക്കിയിട്ടുണ്ട്.





### ചിൻമോയ് കൃഷ്ണദാസിന് ജാമ്യമില്ല; സുപ്രീം കോടതി അഭിഭാഷകന് വക്കാലത്തില്ലെന്ന് കോടതി

ധാക്ക: ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പ്രതിഷേധിച്ചതിന് അറസ്റ്റിലായ പ്രമുഖ ഹിന്ദു സന്യാസിയായ ചിൻമോയ് കൃഷ്ണ ദാസിന് ജാമ്യമില്ല. ബെഞ്ചിന് മുമ്പാകെ ചിൻമോയിയെ പ്രതിനിധീകരിക്കാൻ പവർ ഓഫ് അറ്റോർണി ഇല്ലെന്ന് ചൂണ്ടിക്കാട്ടി ചതോഗ്രാം മെട്രോപൊളിറ്റൻ സെഷൻസ് ജഡ്ജി എം ഡി സെയ്ഫുൾ ഇസ്ലാം ബുധനാഴ്ച സുപ്രീം കോടതി അഭിഭാഷകൻ നൽകിയ ജാമ്യാപേക്ഷ തള്ളി.ഇസ്ലാമിസ്റ്റുകൾ പരസ്യമായി മർദിക്കുമെന്ന് ഭീഷണിപ്പെടുത്തിയതിനെത്തുടർന്ന് ഒരു അഭിഭാഷകനും ചാറ്റോഗ്രാം കോടതിയിൽ ചിൻമോയ് ദാസിന് വേണ്ടി രണ്ടാഴ്ചയായി ഹാജരായിരുന്നില്ല. ഇതിനെ തുടർന്ന് സുപ്രീം കോടതി അഭിഭാഷകനായ രബീന്ദ്ര ഘോഷ് അദ്ദേഹത്തിന് വേണ്ടി നിയമസഹായം തേടാൻ ശ്രമിക്കുകയായിരുന്നു. ബുധനാഴ്ച ഹർജി സമർപ്പിക്കാൻ പോയപ്പോൾ കോടതിക്ക് പുറത്ത് ഇസ്ലാമിസ്റ്റുകളായ അഭിഭാഷകർ തന്നെ ഉപദ്രവിക്കുകയും ആക്രമിക്കുകയും ചെയ്തതായി 75 കാരനായ മുതിർന്ന അഭിഭാഷകൻ ഘോഷ് പറഞ്ഞു. ബുധനാഴ്ച വാദം നടക്കുന്നതിനിടെ നൂറുകണക്കിന് അഭിഭാഷകരും കോടതി മുറിയിൽ തടിച്ചുകൂടിയത് അരാജകത്വം സൃഷ്ടിച്ചു.ഡിസംബർ 3 ന് ജാമ്യാപേക്ഷ പരിഗണിച്ചപ്പോഴും ചിൻമോയി ദാസിന് അഭിഭാഷകനില്ലായിരുന്നു. അദ്ദേഹത്തിന്റെ അഭിഭാഷകൻ രമൺ റോയ് ഇസ്ലാമിസ്റ്റുകൾ നടത്തിയ ആക്രമണത്തെത്തുടർന്ന് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിൽസയിലായിരുന്നു.

# കാബൂളിൽ ചാവേർ സ്ഫോടനം; താലിബാന്റെ അഭയാർഥികാര്യ മന്ത്രി കൊല്ലപ്പെട്ടു

കാബൂളിൽ ചാവേർ സ്ഫോടനത്തിൽ താലിബാൻ മന്ത്രി കൊല്ലപ്പെട്ടതായി റിപ്പോർട്ട്. അഭയാർഥികാര്യ മന്ത്രി ഖലീൽ ഉർ-റഹ്മാൻ ഹഖാനിയാണ് കൊല്ലപ്പെട്ടത്.കാബൂളിലെ മന്ത്രാലയത്തിനുള്ളിലാണ് സ്ഫോടനം ഉണ്ടായത്. മന്ത്രാലയത്തിലെത്തിയ അഭയാർത്ഥി ചാവേറായി സ്വയം പൊട്ടിത്തെറിച്ചതായാണ് റിപ്പോർട്ട്. സ്ഫോടനത്തിൽ എത്ര പേർ കൊല്ലപ്പെട്ടു എന്നതിനെ കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. താലിബാൻ അധികാരം പിടിച്ചെടുത്ത ശേഷം കൊല്ലപ്പെടുന്ന ആദ്യത്തെ പ്രമുഖ നേതാവാണ് ഖലീൽ ഹഖാനി. കൊല്ലപ്പെട്ട ഖലീൽ ഉർ-റഹ്മാൻ ഹഖാനി താലിബാന്റെ പ്രമുഖ നേതാവായിരുന്നു.ഭീകര സംഘടനയുടെ സ്ഥാപകൻ ജലാലുദ്ദീൻ ഹഖാനിയുടെ സഹോദരനും നിലവിലെ ആഭ്യന്തര മന്ത്രി സിറാജുദ്ദീൻ ഹഖാനിയുടെ പിതൃസഹോദരനുമാണ് കൊല്ലപ്പെട്ട ഖലീൽ.



# ദക്ഷിണ കൊറിയ മുൻ പ്രതിരോധമന്ത്രി തടങ്കലിൽ ആത്മഹത്യയ്ക്ക് ശ്രമിച്ചു



സോൾ: ദക്ഷിണ കൊറിയയിൽ പട്ടാള നിയമം പ്രഖ്യാപിക്കാനുള്ള ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് അറസ്റ്റിലായ മുൻ പ്രതിരോധ മന്ത്രി കിം യോങ് ഹ്യൂൻ ആത്മഹത്യക്ക് ശ്രമിച്ചു. തടങ്കൽ കേന്ദ്രത്തിൽ അടിവസ്ത്രം ഉപയോഗിച്ചാണ് കിം യോങ് ഹ്യുൻ ആത്മഹത്യയ്ക്ക് ശ്രമിച്ചതെന്ന് നീതിന്യായ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ അറിയിച്ചു.

രാജ്യത്ത് പട്ടാളനിയമം ഏർപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു എന്നാരോപിച്ചാണ് കിം യോങ് ഹ്യൂനെ അറസ്റ്റ് ചെയ്തത്. സൈനിക നിയമ പ്രഖ്യാപനവുമായി ബന്ധപ്പെട്ട രാജ്യദ്രോഹക്കുറ്റം ചുമത്തി ഞായറാഴ്ച കസ്റ്റഡിയിലെടുത്ത കിം യോങ്-ഹ്യൂനെ ഇന്ന് ഔദ്യോഗികമായി അറസ്റ്റ് ചെയ്തു.പ്രതിപക്ഷത്തിന് ഉത്തര കൊറിയയുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് ഡിസംബർ മൂന്നിനായിരുന്നു ദക്ഷിണ കൊറിയൻ പ്രസിഡന്റ് യൂൻ സോക് യോൽ രാജ്യത്ത് അടിയന്തര പട്ടാള ഭരണമേർപ്പെടുത്തിയത്. കലാപസമയത്ത് ഗുരുതരമായ പ്രവൃത്തിയിലേർപ്പെട്ടു, അധികാര ദുർവിനിയോഗം നടത്തി തുടങ്ങിയ വകുപ്പുകളാണ് കിം യോങ് ഹ്യുന്നിനെതിരെ ചുമത്തിയിട്ടുള്ളത്. സംഭവത്തിന് പിന്നാലെ പട്ടാള നിയമം ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് കിം യോങ് ഹ്യുൻ ദക്ഷിണകൊറിയൻ ജനതയോട് ക്ഷമാപണം നടത്തുകയും ചെയ്തു.ദക്ഷിണ കൊറിയയിൽ നാല്പ്പത് വർഷത്തിനിടെയുണ്ടായ പട്ടാള ഭരണ പ്രഖ്യാപനമായിരുന്നു ഡിസംബർ 3ന് ഇന്ത്യൻ സമയം അർധരാത്രിയോടെ ഉണ്ടായത്. രാജ്യത്തിന്റെ ജനാധിപത്യവും സ്ഥിരതയുമൊക്കെ ഉത്തര കൊറിയയുമായി ചേർന്ന് സമാന്തര സർക്കാർ ഉണ്ടാക്കി പ്രതിപക്ഷം നശിപ്പിക്കുന്നു എന്നായിരുന്നു ഭരണപക്ഷത്തിന്റെ ആരോപണം. ഉത്തര കൊറിയയുമായി ചേർന്ന് സമാന്തര സർക്കാർ ഉണ്ടാക്കി പ്രതിപക്ഷം ഭരണം അട്ടിമറിക്കാൻ ശ്രമിക്കുകയാണ് എന്നും ഇതിനായി രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു എന്നും യൂൻ ആരോപിച്ചിരുന്നു.സൈനികനിയമത്തിന്റെ ഔദ്യോഗിക പ്രഖ്യാപനത്തെ തുടർന്ന് സൈന്യം പാർലമെന്റ് വളഞ്ഞു. ഇതോടെ രാജ്യത്ത് രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചു.


മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തി. എന്നിരുന്നാലും, മുഴുവൻ ജനങ്ങളും തെരുവിലിറങ്ങിയതോടെ വൻ പ്രതിഷേധത്തിന് രാജ്യം പിന്നീട് സാക്ഷ്യം വഹിച്ചു. നിയമസഭയിലും പ്രതിഷേധം ഉയർന്നു. പ്രസിഡന്റിന്റെ പാർട്ടിയിലുള്ളവർ പോലും അദ്ദേഹത്തിന്റെ തീരുമാനത്തിനെതിരെ വോട്ട് ചെയ്തു. തുടർന്ന്, നിയമം പ്രഖ്യാപിച്ച് കൃത്യം ആറ് മണിക്കൂറിന് ശേഷം പ്രസിഡന്റ് പ്രഖ്യാപനം പിൻവലിക്കുകയായിരുന്നു.

# സിറിയൻ സൈനിക ആസ്തികളുടെ 80% പിടിച്ചെടുത്തെന്ന് ഐഡിഎഫ്



ഡമാസ്കസ്: വിതമർ നടത്തിയ അട്ടിമറിയിലൂടെ അസദ് ഭരണകൂടം വീണതിന് പിന്നാലെ സിറിയയിൽ ഇടതടവില്ലാതെ വ്യോമാക്രമണം നടത്തി ഇസ്രയേൽ. ശനിയാഴ്ച രാത്രി മുതൽ തങ്ങളുടെ വ്യോമസേനയും നാവികസേനയും 350-ലധികം ആക്രമണങ്ങൾ നടത്തിയതായി ഇസ്രായേൽ ഡിഫൻസ് ഫോഴ്സ് (ഐഡിഎഫ്) പറയുന്നു. അസദ് ഭരണകൂടത്തിന്റെ സൈനിക ശേഷി ഇല്ലാതാക്കാൻ വേണ്ടിയായിരുന്നു ഇസ്രയേലിന്റെ ആക്രമണമെന്നാണ് അവകാശവാദം. ഡമാസ്കസിൽ നിന്ന് ലതാകിയയിലേക്കുള്ള സിറിയൻ തന്ത്രപ്രധാനമായ സൈനിക ആസ്തികളുടെ 70-80% പിടിച്ചെടുത്തു. യുദ്ധവിമാനങ്ങൾ, റഡാർ, വ്യോമ പ്രതിരോധ സൈറ്റുകൾ, നാവിക കപ്പലുകൾ, ആയുധശേഖരം എന്നിവയും അവയിൽ ഉൾപ്പെടുന്നുവെന്ന് ഐഡിഎഫ് അറിയിച്ചു.

ഭഅസദ് സർക്കാരിന്റെ രാസായുധങ്ങളും ദീർഘദൂര റോക്കറ്റുകളും സൂക്ഷിച്ചിരുന്ന കേന്ദ്രങ്ങളിലാണ് തങ്ങൾ വ്യോമാക്രമണം നടത്തിയതെന്ന് ഇസ്രയേൽ അവകാശപ്പെട്ടു. ആയുധങ്ങൾ തീവ്രവാദികളുടെ കൈയിലെത്താതിരിക്കാനാണ് ഇതു ചെയ്തതെന്ന് ഇസ്രയേൽ വിദേശകാര്യമന്ത്രി ഗിദയോൻ സാർ പറഞ്ഞു. രാസായുധശേഖരം ഉപേക്ഷിക്കാമെന്ന് സിറിയ 2013-ൽ സമ്മതിച്ചിരുന്നു.ഇസ്രായേലിന്റെ മിസൈൽ ആക്രമണങ്ങൾ സിറിയയിലെ ഏറ്റവും പ്രധാനപ്പെട്ട സൈനിക താവളങ്ങൾ, വിമാനത്താവളങ്ങൾ, റഡാറുകൾ, സൈനിക സിഗ്നൽ സംവിധാനങ്ങൾ, ആയുധ ഡിപ്പോകൾ എന്നിവ തകർത്തതായി യുദ്ധ നിരീക്ഷകർ പറയുന്നു.സിറിയയുമായി അതിർത്തി പങ്കിടുന്ന ഇസ്രായേൽ അസദിന്റെ പതനത്തെ തുടർന്ന് അതീവ ജാഗ്രതയിലാണ്. സിറിയ-ഇസ്രായേൽ അതിർത്തിയിലെ ബഫർ സോൺ കൂടിയായ ഗോലാനിലേക്ക് ഇസ്രായേൽ കൂടുതൽ സൈനികരെ വിന്യസിച്ചിട്ടുണ്ട്. ഇതൊരു താൽക്കാലിക സുരക്ഷാ നടപടി മാത്രമാണെന്ന് ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയൻ സാർ പറഞ്ഞു.



## ബാഷർ അസദിനും കുടുംബത്തിനും റഷ്യയിൽ ആഡംബരജീവിതം

മോസ്കോ: വിമത നീക്കത്തെ തുടർന്ന് രാജ്യം വിട്ട സിറിയൻ മുൻ പ്രസിഡന്റ് ബാഷർ അൽ അസദിനും കുടുംബത്തിനും റഷ്യയിൽ ആഡംബര ജീവിതം.മൂന്ന് കുട്ടികളോടും ഭാര്യയോടും ഒപ്പം റഷ്യയുടെ തലസ്ഥാനമായ മോസ്കോയിലാണ് ഇവർ താമസിക്കുന്നതെന്നും സിറിയയിലേതിന് സമാനമായി ആഡംബര ജീവിതം നയിക്കുകയാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കൈനിറയെ പണവുമായാണ് ഇവർ രാജ്യം വിട്ടത്.ഏകദേശം 1.60 ലക്ഷം കോടി രൂപയുമായാണ് ബഷാറും കുടുംബവും റഷ്യയിലെത്തിയത്. ഈ പണം കൊണ്ട് മോസ്കോയിൽ ഫ്ളാറ്റുകളും ആഡംബര വീടും ബഷാർ ഇതിനകം വാങ്ങിയിട്ടുണ്ട്. പലായനം ചെയ്യുന്നതിന് മുമ്പ് തന്നെ അസദ് മോസ്കോയിൽ താമസം ഒരുക്കിയിരുന്നു. ബ്രിട്ടനിലെ സമ്പന്ന കുടുംബത്തിൽ ജനിച്ച ഭാര്യ അസ്മയും സിറിയയിൽ ആഡംബര ജീവിതം നയിക്കുന്നതിന്റെ പേരിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. പലരും അവരെ ഷേക്സ്പിയറിന്റെ കുപ്രസിദ്ധ കഥാപാത്രമായ ലേഡി മാക്ബത്തിനോട് താരതമ്യം ചെയ്തിട്ടുണ്ട്.സിറിയൻ പ്രസിഡന്റിന്റെ കൊട്ടാരം അലങ്കരിക്കാനും വസ്ത്രങ്ങൾ വാങ്ങാനും അസ്മ കോടിക്കണക്കിന് ഡോളർ ചെലവഴിച്ചു. ലോകമെമ്പാടുമുള്ള വിവിധ ബാങ്കുകളിൽ കോടിക്കണക്കിന് ഡോളറിന്റെ നിക്ഷേപവും വൻകിട കമ്പനികളിലെ ബിസിനസ് പങ്കാളിത്തവും അവർക്ക് ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി അസദിന്റെ കുടുംബം ഇരുപതോളം അപ്പാർട്ടുമെന്റുകൾ വാങ്ങിയിട്ടുണ്ടെന്നാണ് കണക്ക്.

# യുഎഇയിൽ പുതിയ നികുതി; കമ്പനികളെ എങ്ങനെ ബാധിക്കും?

ദുബായ്: രാജ്യത്ത് പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്ക് പുതിയ നികുതി ഏർപ്പെടുത്താൻ യുഎഇ ഒരുങ്ങുന്നു. കമ്പനിയുടെ ലാഭത്തിന്റെ 15 ശതമാനം നികുതിയായി അടക്കണമെന്ന നിർദേശം അടുത്ത സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വന്നേക്കും.2025 ജനുവരി ഒന്നിന് ശേഷം ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ ആഭ്യന്തര മിനിമം ടോപ്പ്-അപ്പ് നികുതി (ഡിഎംടിടി) പ്രാബല്യത്തിൽ വരുമെന്ന് ധനമന്ത്രാലയം അറിയിച്ചു.750 ദശലക്ഷം യൂറോ (ഏകദേശം 3 ബില്യൺ ദിർഹം) അല്ലെങ്കിൽ അതിൽ കൂടുതൽ വരുമാനമുള്ള കമ്പനികൾക്ക് ഡിഎംടിടി ബാധകമാകും. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ധനമന്ത്രാലയം ഉടൻ പുറത്തുവിടും.നിലവിൽ യുഎഇയിൽ 9 ശതമാനമാണ് കോർപ്പറേറ്റ് നികുതി. നികുതി ഇളവുകൾ 2026-ൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. വ്യവസ്ഥകൾക്ക് വിധേയമായി നികുതി ആനുകൂല്യങ്ങൾ അനുവദിക്കും.റീഫണ്ടബിൾ ടാക്സ് ക്രെഡിറ്റ് നടപ്പാക്കുന്ന കാര്യവും ധനമന്ത്രാലയം പരിഗണിക്കുന്നുണ്ട്. ഉയർന്ന മൂല്യമുള്ള തൊഴിൽ പ്രവർത്തനങ്ങൾക്ക് ഇത് ബാധകമായിരിക്കും. സാമ്പത്തിക നേട്ടങ്ങൾ പ്രദാനം ചെയ്യുന്നതും യുഎഇയുടെ ആഗോള മത്സരക്ഷമത വർധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ബിസിനസുകളെ പ്രോത്സാഹിപ്പിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്. 2025 ജനുവരി 2 മുതൽ ഇത് പ്രാബല്യത്തിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു








വാചകം




Ashyana
BANQUETS

**Small or Big Gatherings & Special Occasions**
Call : 630-964-7090

SHIKARA
RESTAURANT

**Authentic Indian Cuisine**
Call: 630-964-1720

1620 75TH STREET
DOWNERS GROVE
ILLINOIS 60516





**PICK-UP DELIVERY ORDER**
ONLINE

**Shikara Restaurant**

*Your Destination In Downers Grove*

**1620 75th Street**
**Downers Grove**
**ILLINOIS 60516**
**Telephone**
630 964 1720

